www.malankaralibrary.com

ആയുസ്സിന്റെ പുസ്തകം | ജോസഫ് ഒരു പുരോഹിതൻ | പാശ്ചാത്യനോവലുകളിൽ

# കാരുണികൻ

Vol.7 No.02 February

Rs. 25/-

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



## പുരോഹിതൻ നോവലുകളിൽ

www.malankaralibrary.com



കാരുണികൻ
പുസ്തകം ഏഴ് ലക്കം രണ്ട്
2010 ഫെബ്രുവരി

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**സഹ രക്ഷാധികാരി**
ഡോ. തോമസ് പ്ലാത്തോട്ടത്തിൽ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
സി. ലീല പെരുമ്പള്ളിൽ

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് വാണിയപ്പുരയ്ക്കൽ

**രൂപകല്പന**
അനിൽ Ad fx

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**കവർ ഫോട്ടോ**
നിയാസ് മരിക്കാർ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## കഥയായി മാറുന്നവർ

മലബാറിലെ ഒരു പള്ളി. ജൂബിലിയുടെ നിറവിലാണ് നാടുമുഴുവനും. ആഘോഷത്തിന്റെ തിരക്കൊഴിഞ്ഞ സന്ധ്യ. കമ്മറ്റിക്കാർ ഒരുമിച്ചുകൂടി. പാപ്പൻചേട്ടനാണ് പഴമയുടെ കെട്ടഴിച്ചത്. അന്നിവിടെ ആകെ 20 വീട്ടുകാരെ ഉണ്ടായിരുന്നുള്ളൂ. പള്ളിയും പള്ളിക്കൂടവും ഇല്ലാതിരുന്ന കാലം. 60 കിലോമീറ്റർ അകലെ നിന്നും ആഴ്ചയിൽ ഒരിക്കൽ വരുന്ന ഗൊവേന്തപ്പട്ടക്കാരനായിരുന്നു പാപ്പൻച്ചേട്ടന്റെ കഥയിലെ പ്രധാന കഥാപാത്രം - ഇഗ്നേഷ്യസച്ചൻ. ബസ്സും ജീപ്പും കയറി പിന്നെയും 15 കിലോമീറ്റർ നടന്നാലേ ഇവിടെത്താനാകൂ. ഇതുപോലെ അഞ്ച് കുടിയേറ്റ ഗ്രാമങ്ങളിൽ കൂടി അച്ചൻ പതിവായി പോകാറുണ്ടായിരുന്നു. എടുത്താൽ പൊങ്ങാത്തൊരു സഞ്ചിയുമായിട്ടായിരുന്നു അച്ചൻ കാടു കയറിവരുക. അതിനുള്ളിൽ മരുന്നും, ദിനപ്പത്രവും, കുട്ടികൾക്കുള്ള മിഠായിയും കാണുമായിരുന്നു. പിന്നെ ആരെങ്കിലും പ്രത്യേക ആവശ്യം പറഞ്ഞിട്ടുണ്ടെങ്കിൽ അതും.

ഒരുതവണ പതിവുതെറ്റി. അച്ചനെ കണ്ടില്ല. ഒരു ദിവസം കാത്തു; എന്നിട്ടും കണ്ടില്ല. പിറ്റെ ദിവസം ഞങ്ങൾ മൂന്നുപേർ അന്വേഷിച്ചിറങ്ങി. ഞങ്ങൾ നടന്നുചെല്ലുമ്പോൾ കാട്ടിലൊരിടത്ത് ഒരു മരച്ചുവട്ടിൽ സഞ്ചി തലയിണയാക്കി അച്ചൻ കിടന്നുറങ്ങുന്നു. നെറ്റിയിൽ കൈവച്ചപ്പോൾ പൊള്ളുന്ന ചൂട്. പിന്നെ ഞങ്ങൾ മരക്കമ്പ് വെട്ടി മഞ്ചലുണ്ടാക്കിയാണ് അച്ചനെ വീട്ടിലെത്തിച്ചത്. ഇഗ്നേഷ്യസച്ചനായിരുന്നു കുടിയേറ്റ ഗ്രാമങ്ങളിലെ ആദ്യത്തെ വികാരിയച്ചൻ. അദ്ദേഹത്തിനന്ന് പത്തേന്തി (appionment letter) പോലുമില്ലായിരുന്നു.

* * * * *

1960 കളിലായിരുന്നു യൂറോപ്പിലാകമാനം വിദ്യാർത്ഥി പ്രക്ഷോഭണം പൊട്ടിപ്പുറപ്പെട്ടത്. ഇറ്റലിയിലെ മിലാൻ യൂണിവേഴ്സിറ്റി. അവിടുത്തെ

www.malankaralibrary.com

ഏറ്റവും ജൂനിയർ അധ്യാപകനായിരുന്നു നെല്ലോ. പുരോഗമനവാദിയായിരുന്ന നെല്ലോ വിദ്യാർത്ഥികൾക്ക് ആവേശവും പിന്തുണയും പകർന്നു കൂടെ നിന്നു.

പെട്ടെന്നാണ് എല്ലാം തകിടം മറിഞ്ഞത്. സർക്കാർ വിദ്യാർത്ഥി പ്രക്ഷോഭണം അടിച്ചൊതുക്കാൻ തുടങ്ങി. നേതാക്കളെല്ലാം ഒളിവിൽ പോയി. ഒപ്പം നെല്ലോയെന്ന പ്രൊഫസറും. എല്ലാം കെട്ടടങ്ങിയപ്പോൾ നെല്ലോ പുറത്തു വന്നത് മനംമാറ്റത്തോടെയായിരുന്നു.

അദ്ദേഹം ഫ്രാൻസിസ്ക്കൻ സന്യാസാശ്രമത്തിൽ ചേർന്നു. വൈദികനായി. തുടർന്ന് ബൈബിൾ ഗവേഷണത്തിൽ ഡോക്ടറേറ്റു നേടി. ഇന്നിപ്പോൾ ബൈബിൾ വിജ്ഞാനീയത്തിൽ ഗവേഷകനാണ്. മെല്ലിച്ച് എല്ലുന്തിയ ശരീരം. കാറ്റിനെപ്പോലും നോവിക്കാതെയുള്ള നടത്തം. നെല്ലോയച്ചൻ എന്നും രാവിലെ 4.30ന് എഴുന്നേൽക്കും. അഞ്ചുമണിക്ക് കുർബാനയും പ്രഭാതപ്രാർത്ഥനയും. ആറുമണിയാകുമ്പോൾ ഒരു കപ്പു കാപ്പി. ഉടനെ ലൈബ്രറിയിലേക്കു നീങ്ങും. ഭക്ഷണത്തിന്റെ ഇടവേളകൾ മാറ്റി നിറുത്തിയാൽ രാത്രിവരെ ലൈബ്രറിയിലാണ്. കിടക്കുമ്പോൾ രാത്രി പന്ത്രണ്ടുമണിയാകും. അങ്ങനെ എല്ലാ ദിവസവും രാവിലെ 4.30നു തുടങ്ങി രാത്രി പന്ത്രണ്ടുവരെ നീളുന്ന ദിനചര്യ. ആഴ്ചയിൽ ഏഴുദിവസവും വർഷത്തിൽ 365 ദിവസവും നീളുന്ന അവധിയില്ലാത്ത ജീവിതം. നെല്ലോയച്ചനെ അടുത്തറിയാത്തവർക്ക് ഇത് മിഥ്യയായിത്തോന്നും. എല്ലാവർഷവും പുറത്തിറങ്ങുന്ന ഈടുറ്റ ഗ്രന്ഥങ്ങളാണ് അദ്ദേഹത്തിന്റെ ദിനചര്യക്ക് സാക്ഷി.

* * * * *

ജോണച്ചൻ മരിച്ചത് പെട്ടെന്നായിരുന്നു. പ്രായമായിരുന്നെങ്കിലും ഉടനെ മരിക്കുമെന്ന് അച്ചനെ അറിയുന്നവരാരും പ്രതീക്ഷിച്ചില്ല. മരണവാർത്ത അറിഞ്ഞയുടനെ കവലയിലെ ഓട്ടോറിക്ഷക്കാർ ഒരു മൈക്കും ബോക്സും വാടകക്കെടുത്തു. എന്നിട്ട് ജോണച്ചന്റെ ചരമവാർത്ത വിളിച്ചുപറഞ്ഞുകൊണ്ട് നാടുമുഴുവൻ ചുറ്റിക്കറങ്ങി– വൈകുന്നേരം വരെ!

കാരണം എന്തന്നല്ലേ? നാട്ടിലെ ഓട്ടോക്കാരുടെയും ചുമട്ടുതൊഴിലാളികളുടെയും കൂട്ടുകാരനായിരുന്നു എഴുപതുകാരനായ ജോണച്ചൻ. ഏതു യാത്ര കഴിഞ്ഞാലും അവരുടെ കൂടെ ചായ കുടിച്ചിട്ടേ പള്ളിമേടയിലേക്ക് പോകൂ. അവരുടെ വീടുകളിൽ എന്തു നടക്കണമെങ്കിലും ജോണച്ചൻ വേണം.

* * * * *

പുതുതായി സ്ഥലംമാറി വന്ന വികാരിയച്ചനായിരുന്നു– മത്തച്ചൻ. രണ്ടാഴ്ചകൊണ്ട് വീടു വെഞ്ചരിപ്പ് തീർത്തു. പിന്നീട് പൊതുയോഗം വിളിച്ചു. ഇടവകയുടെ പതിവു ശൈലിയിൽ രണ്ട് ഗ്രൂപ്പുകൾ ഏറ്റുമുട്ടി. ഒച്ചയും ബഹളവുമായി. പൈലിച്ചേട്ടൻ അൽപം ഫിറ്റായിരുന്നു. അച്ചനിടപെട്ടു സമാധാനിപ്പിക്കാൻ ശ്രമിച്ചപ്പോൾ പൈലിച്ചേട്ടൻ കയർത്തു. മത്തച്ചനെന്ന വികാരിയച്ചനെ തെറിവിളിച്ച് അധിക്ഷേപിച്ചു.

രാത്രി പതിനൊന്ന് മണി. മത്തച്ചന് കിടന്നിട്ട് ഉറക്കം വരുന്നില്ല. ളോഹയിട്ട് ടോർച്ചും

www.malankaralibrary.com

എടുത്തു മുറിപൂട്ടിയിറങ്ങി. പൈലിച്ചേട്ടന്റെ വീട്ടിൽ ചെന്നാണ് ആ നടത്തം നിന്നത്. വിളിച്ചെഴുന്നേൽപ്പിച്ച് പൈലിചേട്ടനോട് രമ്യതപ്പെട്ടിട്ടാണ് അച്ചൻ തിരികെ പോന്നത്; രമ്യതയിലായതിന്റെ അടയാളമായി കട്ടൻ കാപ്പിയും കുടിച്ചിട്ട്. അന്നുമുതൽ പൈലി ചേട്ടൻ കുടിനിറുത്തിയെന്നാണ് നാട്ടുകാരുടെ സംസാരം.

* * * * *

ജോസച്ചൻ ഹൈദ്രബാദിലാണ്. വർഷങ്ങളായിട്ട് അവിടമാണ് അദ്ദേഹത്തിന്റെ പ്രവർത്തന രംഗം. ആദ്യം ലൈംഗികതൊഴിലാളികളുടെ ഇടയിലായിരുന്നു. ഇപ്പോൾ എയ്ഡ്സ് രോഗികളുടെ പുനരുദ്ധാനപ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകുകയാണ്. അച്ചന്റെ മുറിയിൽ ആർക്കും എപ്പോൾ വേണമെങ്കിലും കയറിച്ചെല്ലാം. മിക്കപ്പോഴും ഏതെങ്കിലുമൊരു എയ്ഡ്സ് രോഗിയായിരിക്കും അച്ചന് കൂട്ട്.

ഒരു രാത്രി. എല്ലാവരും കിടന്നു കാണും. ജോസച്ചന് ചെറിയൊരു നെഞ്ചുവേദന. കുറയുമെന്ന് കരുതി കുറച്ചുനേരം കിടന്നു. പിന്നെ തന്നത്താൻ ഡ്രൈവ് ചെയ്ത് അടുത്തുള്ള ആശുപത്രിയിലേക്ക് വണ്ടിയോടിച്ചു പോയി. കാഷ്വാലിറ്റിയിൽ വണ്ടിനി റുത്തിയതേ അച്ചന്റെ ബോധം പോയി. ഉടനടി ഐ.സി.യു വിലേക്ക് മാറ്റിയെങ്കിലും ഒരു മണിക്കൂറിനുള്ളിൽ അദ്ദേഹം മരിച്ചു.

കഥയായിത്തീരുന്ന വൈദികർ അനേകരാണ്. എല്ലാ നാട്ടിലും എല്ലാക്കാലത്തും ഇത്തരം പുരോഹിതകഥകൾ സുലഭമാണ്. മുകളിൽ പറഞ്ഞതൊന്നും കഥകളല്ല. യഥാർത്ഥ ജീവിതങ്ങളാണ്. കഥപോലെയായിത്തീർന്ന വൈദിക ജീവിതങ്ങൾ.

നോവലുകളിൽ തെളിയുന്ന വൈദിക കഥാപാത്രങ്ങളാണ് ഇത്തവണത്തെ പ്രമേയം. ഇരുളും വെളിച്ചവും ഇടകലർന്ന വൈദിക കഥാപാത്രങ്ങളെ സൃഷ്ടിക്കാൻ പാശ്ചാ ത്യസാഹിത്യത്തിനു സാധിച്ചിട്ടുണ്ട്. അവരിൽ വാനോളം ഉയർന്ന പ്രകാശഗോപുര ങ്ങളുണ്ട്; ഭൂമിയോളം താഴുന്ന സാധാരണതകളുണ്ട്. അതുമായി തട്ടിച്ചുനോക്കുമ്പോൾ മനസ്സിൽ ഉണരുന്ന ഒരു ചോദ്യം അവതരിപ്പിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പി ക്കുകയാണ്: മലയാളിയുടെ ഭാവനകളിൽ എന്തേ പുരോഹിതനിത്ര കറുത്തനിറം?

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


12

**രണ്ടു പുരോഹിതർ**

ശ്രീ. സി. വി. ബാലകൃഷ്ണന്റെ ആയുസ്സിന്റെ പുസ്തകത്തിലെ ചോരപൊടിയുന്ന വരികൾക്കിടയിലൂടെ ഫാ. സുനിൽ നടത്തുന്ന ഒരു അന്വേഷണം.

15

**ഒരു തിരക്കഥ**

പ്രമുഖ കഥാകൃത്ത് സക്കറിയ ജോൺ എബ്രഹാമുമായി ചേർന്നെഴുതിയ ജോസഫ് ഒരു പുരോഹിതൻ എന്ന തിരക്കഥയിലെ നായകനായ ജോസഫിന്റെ ആത്മനൊമ്പരങ്ങളിലേയ്ക്കുള്ള ഒരു എത്തിനോട്ടം.

18

**ദൈവത്തിന്റെ കുഞ്ഞാട്**

ശരീരം ഓസ്തിയായി മുറിക്കപ്പെടുകയും രക്തം വീഞ്ഞായി വാർന്നൊഴുകുകയും ചെയ്യുന്ന ചെറുപ്പക്കാരനായ ഫാ. ജോസഫിന്റെ പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്ന ആഞ്ഞൂസ് ദേയി എന്ന നോവൽ വിലയിരുത്തപ്പെടുന്നു.

20

**ഫാ. കരീക്കൻ**

ദൈവം ആനന്ദവും ആനന്ദം ദൈവവുമാണെന്ന് വിശ്വസിക്കുന്ന സാറാജോസഫിന്റെ മർഗലീത്തയുടെയും, മർഗലീത്തയ്ക്ക് തിളങ്ങാനുള്ള ഫോയിലായി മാറുന്ന ഫാ. കരീക്കനെയും പരിചയപ്പെടുത്തുന്ന സാറാജോസഫിന്റെ ഒതപ്പിനെക്കുറിച്ചുള്ള ഒരു അന്വേഷണം.






23

**അബിയച്ചൻ**


സമാഗമകൂടാരം നിർമ്മിക്കാൻ നിയോഗിക്കപ്പെട്ട ബസാലേലിന്റെ പേരു സ്വീകരിച്ചുകൊണ്ട് വൈദികവൃത്തിയിലേയ്ക്ക് കടന്നുവരുന്ന നിഷ്കളങ്കനായ അബിയുടെ കഥ പറയുന്ന നോവലിനെക്കുറിച്ചുള്ള പഠനം.


26

**നോവലുകളിലെ വൈദികർ**

കത്തോലിക്കാ പൗരോഹിത്യത്തിന്റെ നിഗൂഢമായ അധ്യാത്മികതലങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്ന പാശ്ചാത്യനോവലുകളെ വിലയിരുത്തുന്ന ലേഖനം.

www.malankaralibrary.com










3 **എഡിറ്റോറിയൽ**

8 **പ്രതികരണങ്ങൾ**

39 **പ്രതികരിക്കുന്ന വിശ്വാസം**
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ

43 **യാഗവേദിയിൽ**
ഫാ. ദേവസി ഈരത്ര

45 **നേർമൊഴി**

46 **അന്ത്യവിധി**

37

## കുറ്റാന്വേഷകനായ വൈദികൻ

പ്രശസ്ത ആംഗലേയ സാഹിത്യകാരനായ ജി. കെ. ചെസ്റ്റർട്ടന്റെ പ്രശസ്ത കഥാപാത്രമായ ഫാ. ബ്രൗൺ കുറ്റവാളികളെ പിടിച്ച് കുമ്പസാരക്കൂട്ടിലേയ്ക്ക് ആനയിക്കുന്നതിന്റെ ആധ്യാത്മികതലത്തിലേയ്ക്കുള്ള ഒരു അന്വേഷണം.

34

## ഷൂസ് ഓഫ് ദ ഫിഷർമാൻ

മാർപാപ്പ സ്ഥാനത്തിനുള്ള പ്രാധാന്യം ശീതസമരത്തിന്റെ പശ്ചാത്തലത്തിൽ വരച്ചിടുന്ന ഷൂസ് ഓഫ് ദ ഫിഷർമാനിലെ കഥാപാത്രങ്ങളിലേയ്ക്കും സംഭവപരിസരങ്ങളിലേയ്ക്കുമുള്ള ഒരു യാത്ര.

28

## വിസ്ക്കിയച്ചൻ

ലോകപ്രസിദ്ധ എഴുത്തുകാരനായ ഗ്രഹാം ഗ്രീനിന്റെ പവർ ആന്റ് ദ് ഗ്ലോറി എന്ന നോവലിന്റെ പശ്ചാത്തലത്തിലേയ്ക്കും വിസ്കി അച്ചൻ എന്ന പ്രധാന കഥാപാത്രത്തിന്റെ വിഭിന്നമായ വ്യക്തിത്വത്തിലേയ്ക്കും വെളിച്ചം വീശുന്ന ലേഖനം.

31

## സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ

സ്വന്തം ഇടവകയോടും അജഗണത്തോടുമുള്ള അതിയായ അഭിനിവേശം മൂലം ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ഫാ. ചിസോമിന്റെ കഥപറയുന്ന എ. ജെ. ക്രോണിന്റെ The Keys of the Kingdom (സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ) എന്ന നോവലിനെക്കുറിച്ച് വിശകലനാത്മകമായ ലേഖനം.

www.malankaralibrary.com

# പ്രതികരണങ്ങൾ

കാരുണികനിലെ വിഭവങ്ങളോട് പ്രതികരിക്കുന്നവർ സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവർ മുതൽ സാധാരണക്കാർ വരെയുണ്ട്. ക്രിയാത്മകമായ ഒരു ചർച്ചയാണ് പ്രതികരണങ്ങളിലൂടെ പുറത്തുവരുന്നത്. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ വീണ്ടും ഏറ്റുപറയുന്നു. തുറന്ന ആശയ പ്രകടനത്തിലൂടെയും പ്രതിപക്ഷ ബഹുമാനത്തോടെയുമുള്ള സംവാദത്തിലൂടെയും സമൂഹത്തിലെ മൂല്യശ്രേണിക്ക് ക്രിസ്തീയമായ ദിശാബോധം നൽകുന്ന പ്രക്രിയയിൽ നാം പങ്കുചേരുകയാണ്.




## പാട്ടുകളുടെ പാട്ട്

ബോബിയച്ചന്റെ പാട്ടുകളുടെ പാട്ട് ആസ്വാദ്യകരമായി. അച്ചന്റെ സാധാരണശൈലിയിൽ തന്നെ മനുഷ്യജീവിതത്തിലെ പ്രണയമെന്ന പുണ്യത്തെ ഇത്ര മനോഹരമായി അവതരിപ്പിക്കാൻ കഴിഞ്ഞല്ലോ. ശേബായിലെ രാജ്ഞി പറഞ്ഞതാണ് സത്യം. "ഏത് കൃത്രിമപൂവും ഹൃദയത്തോട് ചേർത്തുവച്ചാൽ അതിന് സുഗന്ധവും സ്നിഗ്ദധയും ഉണ്ടാവും". ജീവിതം സുഗന്ധപൂർണ്ണമാവാനുള്ള വഴിയാണ് ബോബിയച്ചൻ പറഞ്ഞുതരുന്നത്- ഹൃദയത്തോട് ചേർത്തുവയ്ക്കുക. ചെയ്തുപോയ തെറ്റിനുള്ള ഏറ്റവും വലിയ അനുതാപുശ്രൂഷയും പ്രണയമാണെന്ന കണ്ടെത്തലും വിശുദ്ധം തന്നെ. മനസ്സിൽ തോന്നിയ ഒരാഗ്രഹം പറയട്ടെ. കാരുണികൻ കൈകാര്യം ചെയ്യുന്ന പ്രമേയങ്ങൾ ആകർഷണമാണ്. ഓരോ ലക്കത്തിലും പ്രമേയവും. ഓരോന്നിനോടും പ്രതികരിക്കുന്ന ബോബിയച്ചന്റെ ഒരു കുറിപ്പുകൂടി ചേർത്താൽ കാരുണികൻ നടത്തുന്ന പ്രമേയചർച്ച പൂർണ്ണമാകും. ബോബിയച്ചനും കാരുണികനും ഒരുമിച്ചുശ്രമിച്ചാൽ നടക്കാവുന്നതേയുള്ളൂ.

ഒരു വിയോജിപ്പുകൂടി കുറിക്കട്ടെ. ബോബിയച്ചന്റെ ലേഖനത്തിന് പതിവിലും വ്യത്യസ്തമായ ഫോണ്ട് (fond) ഉപയോഗിച്ചത് വായനയ്ക്ക് ബുദ്ധിമുട്ടുളവാക്കി. അലങ്കാരത്തിനും വ്യത്യാസത്തിനുംവേണ്ടി ഡിസൈനർ ചെയ്തതായിരിക്കാം. സാധാരണ അക്ഷരങ്ങൾ തന്നെ ആയിരുന്നെങ്കിൽ വായന കൂടുതൽ എളുപ്പമായേനേ.



**ഫാ. ആന്റണി കെ. വി.**
കണ്ണൂർ

## ഇറോം ഷാർമിള

ഫാ. അഗസ്റ്റിൻ വട്ടോളിയച്ചന് അഭിനന്ദനങ്ങൾ പറയാനാണ് ഈ കത്ത്. ഇറോം ഷാർമിളയെന്ന ധീരയുവതിയെക്കുറിച്ച് എനിക്ക് അറിവില്ലായിരുന്നു. വട്ടോളിയച്ചന്റെ ലേഖനത്തിലൂടെയാണ് അറിയാൻ ഇടയായത്. ഇത്രയും സാഹസികവും ധീരവുമായ സത്യഗ്രഹ സമരം മറ്റെങ്ങും കാണാനാവുമെന്ന് തോന്നുന്നില്ല. പത്തുവർഷം നിരാഹാരവ്രതം അനുഷ്ഠിക്കുകയെന്ന് പറഞ്ഞാൽ! ഇത്രയും ധീരയും ഇത്രയും വിശുദ്ധയുമായൊരു ജീവിതം മറ്റേതാണ്.

ഷാർമിളയെ സന്ദർശിക്കാൻ വട്ടോളിയച്ചൻ കാണിച്ച സന്മനസ്സിനും അഭിനന്ദനം പറയുന്നു. ഈ ലേഖനം വായിച്ചതിനു ശേഷമാണ് വട്ടോളിയച്ചനെക്കുറിച്ച് ഞാൻ അന്വേഷിക്കാൻ തുടങ്ങിയത്. വ്യ

www.malankaralibrary.com

ത്യസ്തനായൊരു വൈദികനാണെന്ന് തോന്നിയതിനാൽ അന്വേഷിച്ചതാണ്. അന്വേഷണഫലം നിരാശാജനകമായിരുന്നു. മെയിൻ റോഡ് വിട്ട് സഞ്ചരിക്കുന്ന ഒരു വൈദികനാണെന്നാണ് എറണാകുളത്തുകാരായ എന്റെ സുഹൃത്തുക്കളിൽ നിന്ന് അറിയാൻ കഴിഞ്ഞത്. സമൂഹത്തിലെ ചെറിയവർക്കും നീതിനിഷേധിക്കപ്പെട്ടവർക്കും വേണ്ടിയുള്ള അച്ചന്റെ നിലപാടുകൾക്കും പ്രവർത്തനങ്ങൾക്കും ആശംസകൾ!

ഒരു നിർദ്ദേശംകൂടി വയ്ക്കട്ടെ! ഇറോം ഷാർമിളയെ പരിചയപ്പെടുത്തിയതുപോലെ ഇനിയും കണ്ടുമുട്ടുന്ന ഇത്തരം മുഖങ്ങളെ കാരുണികനിൽ കൂടി ഞങ്ങൾക്ക് പരിചയപ്പെടുത്തിക്കൂടേ? അത് നീതി നിഷേധത്തിനെതിരായി സമരം ചെയ്യുന്നവരാകാം. അല്ലെങ്കിൽ നീതി നിഷേധിക്കപ്പെടുന്നവർ തന്നെയാകാം. ആരുമാകട്ടെ-അച്ചന്റെ യാത്രയിൽ കണ്ടുമുട്ടുന്നവരെ പരിചയപ്പെടുത്തിയാൽ അത് അനേകർക്ക് വേറിട്ട കാഴ്ചക്ക് അവസരമൊരുക്കും. തയ്യാറാകണമെന്ന് അപേക്ഷിക്കുന്നു.



**ജോർജ് പി. വി**
മുട്ടുചിറ

## അന്ത്യവിധി

കാരുണികൻ കിട്ടിയാൽ ഞാൻ ആദ്യം വായിക്കുന്നത് അന്ത്യവിധിയാണ്. അവസാന പേജ്. ഇത് വിചിത്രമായി തോന്നാം. എന്നാൽ സത്യമതാണ്. മുമ്പൊരു ലക്കത്തിൽ അന്ത്യവിധി മുടങ്ങിയതിൽ കുണ്ഠിതമുണ്ട്. മുടക്കാതെ കൊണ്ടുപോകേണ്ട പംക്തിയാണത് എന്നാണ് എന്റെ അഭിപ്രായം.

ബാലകൃഷ്ണപിള്ളയുടെ പ്രസ്താവനയുടെ ചുവടുപിടിച്ച് കേരള രാഷ്ട്രീയത്തെ വിശകലനം ചെയ്തത് അസ്സലായി. രാഷ്ട്രീയത്തിലെയും, പൊതുരംഗത്തെയും, മാധ്യമരംഗത്തെയും മുഖംമൂടി ഇത്രയും ലളിതമായി അനാവരണം ചെയ്യാൻ സാധിച്ചത് വലിയ നേട്ടം തന്നെയാണ്. ഇത്തരം ലളിതവും രൂക്ഷവുമായ സാമൂഹ്യവിമർശനമാണ് വായനക്കാർ പ്രതീക്ഷിക്കുന്നത്. മുടങ്ങാതെ അന്ത്യവിധി തുടരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫ്രാൻസിസ് ജോർജ്**
കൊടുങ്ങല്ലൂർ

## പ്രണയം

കഴിഞ്ഞലക്കം എഡിറ്റോറിലിൽ "ആദ്ധ്യാത്മിക സാഹിത്യത്തിൽ കൈരളിയുടെ പുല്ലാങ്കുഴലാണ് ഫാ. ബോബി ജോസ് കട്ടിക്കാട്. ക്രിസ്തീയ ധിഷണയുടെ മറ്റൊരു പുണ്യമാണ് ഫാ. മാത്യു ഇല്ലത്തുപറമ്പിൽ..." എന്നിങ്ങനെ വായിക്കാൻ സാധിച്ചതിൽ സന്തോഷവും അഭിമാനവും തോന്നുന്നു. പ്രണയത്തെക്കുറിച്ച് ഒരു ലക്കം പ്രസിദ്ധീകരിക്കാൻ മനസ്സു കാണിച്ച കാരുണികന് അഭിനന്ദനവും. കേരള ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിലൊന്നും 'സെക്സിനെ' തൊട്ടുതൊടീപ്പിക്കാത്ത പശ്ചാത്തലത്തിൽ വെറും സെക്സിനും' സ്നേഹത്തിനും മധ്യേ നില്ക്കുന്ന പ്രണയത്തെ പ്രോത്സാഹിപ്പിച്ചതിൽ സന്തോഷം തോന്നുന്നു. ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ആദ്യചാക്രികലേഖനത്തിൽ സ്നേഹത്തെപ്പറ്റി പറയുമ്പോൾ കാമം, പ്രേമം, പ്രണയം, സൗഹൃദം, സ്നേഹം, അഗാപ്പെ എന്നിവയുടെ ഹൈരാർക്കി വിശദീകരിക്കുന്നുണ്ട്. കാമം അല്പം പ്രാകൃതമാണെങ്കിലും അതിൽനിന്ന് അരി

www.malankaralibrary.com



## പ്രണയിക്കുന്ന ദമ്പതികൾ

പ്രണയിക്കുന്ന ദമ്പതികളെക്കുറിച്ച് ഡോ. സി.ജെ. ജോൺ എഴുതിയ ലേഖനം ഇന്നത്തെ കേരളീ. സമൂഹത്തിന് മാർഗദർശിയായ ഒന്നായി. നാൾക്കുനാൾ നമ്മൾ പത്രത്താളുകളിൽ വാചിച്ചുതള്ളുന്ന വിവാഹമോചന വാർത്തകൾ നമ്മളിൽ അസ്വസ്തതയും ആകുലതകളും ഒരുപിടി ചേദ്യങ്ങളും നിറയ്ക്കുമ്പോൾ അവയ്ക്കെല്ലാമുള്ള മറുപടി കൂടിയായി ആ ലേഖനം.

പുറമേയ്ക്ക് മാതൃകാദമ്പതിമാർ ചമയുമ്പോഴും കുടുംബാന്തരീക്ഷത്തിൽ അത് വെറുമൊരു 'അഡ്ജസ്റ്റ്' മാത്രമാണെന്നതാണ് സത്യം. സ്നേഹസമ്പന്നരും, സഹൃദയരുമായ ഒരു തലമുറയെ പരുവപ്പെടുത്തുന്നതിൽ പരാജയപ്പെടുകയാണ് ഇത്തരം കുടുംബങ്ങൾ മൂലം സംഭവിക്കുന്നത്. ദാമ്പത്യത്തിലെ ചങ്ങാത്തം എന്ന തലക്കെട്ടിനു കീഴെ വരുന്ന ലേഖനം നമ്മളിൽ ശാന്തിയും സമാധാനവും നിറയ്ക്കുന്നു.

**സുമേഷ് സി. എൻ**
പാലാരിവട്ടം

ച്ചെടുക്കേണ്ട പ്രേമവും പ്രണയവും സൗഹൃദവും ഒക്കെ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. കാവ്യഭംഗി നഷ്ടപ്പെട്ട ബോറന്മാരുടെ മുഖമുദ്രയാക്കി വച്ചിരിയ്ക്കുന്നതു ഭക്തിയും പുണ്യവുമാണ്. ക്രിസ്തുവിന്റെ മനസ്സും ശൈലിയും ബൈബിളിൽനിന്നു ഊറ്റിയെടുത്താൽ എല്ലായിടത്തും എല്ലാവരിലും പ്രണയത്തിന്റെ പുഴയൊഴുക്കു കാണാനാവും. ഇക്കാര്യം ബോബി ജോസച്ചന്റെ ലേഖനത്തിലുണ്ട്. സന്യാസത്തിന്റെ അതിപ്രസരത്തിൽ പ്രണയവും സൗഹൃദവും ഒക്കെ നിശബ്ദമാക്കപ്പെട്ടു. ഇക്കാര്യം ഇല്ലത്തുപറമ്പിലച്ചൻ എഴുതുന്നു. ബൈബിളിലെ ഉത്തമഗീതം ഒരിടത്തും വായിക്കപ്പെടുന്നതായി കാണുന്നില്ല. ആധുനിക ഭക്തന്മാർ ബൈബിൾ ഗ്രന്ഥം ക്രോഡീകരിച്ചിരുന്നെങ്കിൽ ഉത്തമഗീതം ഒഴിവാക്കുമായിരുന്നു. മനുഷ്യന്റെ സ്വാഭാവികതയും നൈസർഗീകതയും പ്രോത്സാഹിപ്പിച്ച് അവയിലൂടൊക്കെ പരമമായ ദൈവസ്നേഹത്തിലേയ്ക്കു എത്താമെന്ന നിഗമനം നല്കുവാൻ കാരുണികന്റെ ഈ ലക്കം കുറച്ചുപേർക്കെങ്കിലും ഇടനല്കിയിട്ടുണ്ട്.

ഫാ. ലൂക്ക് പൂതൃക്കയിൽ

## നാളത്തെ ശുശ്രൂഷകൾ

'നാളത്തെ ശുശ്രൂഷകൾ' - ജനറാളമ്മമാരുടെ പ്രതികരണം വായിച്ചു. നന്നായിരിക്കുന്നു. നന്നായി പ്രതികരിച്ചിട്ടുണ്ട്. ഓരോരുത്തരുടെയും ഒന്നിനൊന്ന് മെച്ചം. 'മാറ്റം അനിവാര്യ'മാണ് എന്ന് ഓരോരുത്തരും പറഞ്ഞുവച്ചു. ഇനി പ്രവർത്തിയിലാക്കുക എന്നതാണ് പ്രധാനം. നിങ്ങൾ നിരത്തിവെച്ച ആശയങ്ങൾ നിങ്ങളുടെ ഭരണകാലത്ത് (ശു

www.malankaralibrary.com

ശ്രൂഷാകാലത്ത്) തന്നെ നടപ്പിൽ വരുത്താൻ തയ്യാറായിരുന്നെങ്കിൽ... പരിശീലന കാലത്ത് സന്യാസികളെ തുറവിയോടെ വളർത്തണം എന്ന് സി. സാൻക്ട്രയുടെ നിർദ്ദേശത്തോടൊപ്പം- കുറെ കാര്യങ്ങൾ കൂടി കൂട്ടിച്ചേർക്കാൻ കഴിഞ്ഞിരുന്നെങ്കിൽ. സന്യാസാർത്ഥിനികളുടെ ഹൃദയം അതിന്റെ ആകുലത എന്നും നിങ്ങൾക്ക് കാണാൻ കഴിയണം. നാളെ, നിങ്ങളെപോലെ നിങ്ങളുടെ സഭയിൽ വളർന്നുവരാനുള്ളവരാണ് ഇവരെന്ന അവബോധത്തോടെ, ഒരുപാട് സ്വാതന്ത്ര്യവും പരിഗണനയും അവർക്ക് നൽകണം. കൊച്ചു സിസ്റ്റേഴ്സിന്റെ ജീവിത സാക്ഷ്യത്തിലൂടെ വലിയ പ്രവർത്തനങ്ങൾ സഭയിൽ സംഭവിക്കാം. കൊച്ചുകുട്ടികൾ- യുവതീയുവാക്കൾ കൂടുതലും ഇടപെഴകുന്നത് പ്രായം കുറഞ്ഞ സിസ്റ്റേഴ്സുമായാണ്. അവരുടെ സന്തോഷവും ജീവിതാവസ്ഥയെക്കുറിച്ചുള്ള നല്ല ഉൾക്കാഴ്ചയും- വലിയ സാക്ഷ്യമാവില്ലേ. 'മഠത്തിലുള്ള ദൈവവിളികൾ കേരളത്തിൽ കുറയാൻതുടങ്ങിയിരിക്കുന്നു..." എന്ന ആകുലകതക്ക് അങ്ങനെ പരിഹാരമാകും. ഇന്നാവശ്യം വലിയ മാതൃകയാണ്. ലാളിത്യത്തിന്റെ സ്നേഹത്തിന്റെ, ക്ഷമയുടെ, വിട്ടുവീഴ്ചയുടെ ക്രിസ്തീയ മാതൃക.

**ഫാ. സെബാസ്റ്റ്യൻ റ്റി. കെ**

## ആനുകാലിക വിഷയങ്ങൾ

വളരെ ആനുകാലികവും അത്യന്താപേക്ഷിതവുമായ ഒരു വിഷയത്തെയാണ് കാരുണികൻ കഴിഞ്ഞലക്കം പ്രതിപാദിച്ചത്. ഒരു മിഷൻ രൂപതയിൽ സേവനം ചെയ്യുന്ന വൈദികൻ എന്ന നിലയ്ക്ക് എന്നെ വളരെയധികം ചിന്തിക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങളാണ് പ്രതിപാദിക്കപ്പെട്ടിരുന്നത്. ഓരോ ക്രൈസ്തവനും തന്റേതായ തലത്തിൽ ഒരു സുവിശേഷ വിനിമയ മാധ്യമമാണെന്നുള്ളതിന് യാതൊരു തർക്കവുമില്ല. പക്ഷേ ഈ ഒരു ജീവിതരീതി ഉരുത്തിരിയേണ്ടത് വ്യക്തിപരമായ ക്രിസ്തുസ്നേഹാനുഭവത്തിലൂടെയാണ്. ആ ദിവ്യസ്നേഹാഗ്നിയിലാകണം മാധ്യമങ്ങളെ നോക്കി കാണേണ്ടതും സ്വയത്തമാക്കേണ്ടതും. പരിശുദ്ധ കുർബ്ബാനയിലും തിരുവചനത്തിലും അധിഷ്ഠിതമായ ഒരു ക്രൈസ്തവ ജീവിതം ഇതിനു പകരിക്കുകയും യേശുവിന്റെ തനതായ വിനിമയ ശൈലി നമുക്ക് പ്രചോദനമാകുകയും ചെയ്യും. 'ഒരു പക്ഷേ നിങ്ങളായിരിക്കാം മറ്റുള്ളവർ വായിക്കുമ്പോൾപോകുന്ന ഏക ബൈബിൾ' എന്ന ചിന്ത നമ്മുടെ സുവിശേഷ പ്രഘോഷണ ശൈലിക്ക് കരുത്തേകട്ടെ. ആനുകാലിക വിഷയങ്ങൾ കൂടുതൽ ചർച്ചചെയ്യപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ഗ്രിഗറി കൊണ്ടശ്ശേരിൽ**
സെന്റ് ജോസഫ്സ് സെമി. ഗോറഖ്പൂർ

## "യേശുവിനെപ്പോലെ സംസാരിക്കാം"

ഡോ. ജെ. നാലുപറയുടെ "യേശുവിനെപ്പോലെ സംസാരിക്കാം" എന്ന സുവിശേഷപഠനം ഏറെ ആത്മീയാനുഭവമായി. വി. ഗ്രന്ഥത്തെ പ്രത്യേകിച്ച് പുതിയ നിയമത്തിലെ ക്രിസ്തുവിന്റെ പ്രവർത്തനങ്ങളുടെ ഇടയിൽ നിന്ന് കോർത്തെടുത്ത ഈ വിചിന്തനങ്ങൾ എന്റെ കണ്ണു നനയിച്ചു. എല്ലാം ഉള്ളവർക്ക് എന്തെങ്കിലുമൊക്കെ ആകുക വളരെ എളുപ്പമാണ്. എന്നാൽ ഒന്നും ഇല്ലാത്തവർക്ക് എന്തെങ്കിലും ആകുക അത്ര എളുപ്പമല്ല. യേശു കാട്ടിത്തന്ന വഴിയും ഇതാണ്. നമ്മുടെ ദൈവം ബലഹീനന്റെ ദൈവമാണ്. ആർക്കും വേണ്ടാത്തവരേയും ലോകം വെറുത്ത് മാറ്റിനിർത്തുന്നവരേയും ഈ ദൈവം തന്നോട് ചേർത്ത്പിടിക്കുന്നു. അവരുടെ ആരും കാണാത്ത ഹൃദയവും നൊമ്പരവും ഈ ദൈവം തിരിച്ചറിയുന്നു. ഇത്രയും ഉന്നതമായ ചിന്തകൾ വളരെ ലളിതമായി പകർന്നുതന്ന നാലുപറയിലച്ചന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. സുവിശേഷത്തിലെ യേശു സംഭവങ്ങൾക്കെല്ലാം ലളിതമായ ഇത്തരം ആവിഷ്ക്കരണങ്ങൾ നല്കിയാൽ മാത്രമേ യേശു സാധാരണക്കാരന്റെ മനസ്സിലേയ്ക്കും ജീവിതത്തിലേയ്ക്കും കടന്നുചെല്ലുകയുള്ളൂ.

**ജോണി പുത്തൻവീട്ടിൽ** IVD
വിഴിഞ്ഞം

www.malankaralibrary.com



# രണ്ട് പുരോഹിതർ


ഫാ. സുനിൽ ജോസ് കിഴക്കയിൽ സി. എം. ഐ

*പാപബോധത്തിന്റെയും മനസ്താപത്തിന്റെയും ഞെരിഞ്ഞിൽ മുള്ളുകൾക്കിടയിൽ ചോര വാർന്ന മനുഷ്യാത്മാക്കളുടെ കഥ ബൈബിളിന്റെ പശ്ചാത്തലത്തിൽ വാർത്തെടുക്കുകയാണ് ആയുസ്സിന്റെ പുസ്തകത്തിലൂടെ സി. വി. ബാലകൃഷ്ണൻ. ആദ്ധ്യാത്മികതയുടെ പിൻബലം കലയെ അനശ്വരമാക്കുന്നു. അതുകൊണ്ടാവാം ഇരുപത്തഞ്ചു വർഷങ്ങൾ കഴിഞ്ഞിട്ടും ഈ നോവലിലെ തോമയും യോഹന്നാനും മാത്യു അച്ചനും റാഹേലും പൗലോയുമെല്ലാം കാതലുള്ള ഈട്ടിത്തടികൾപോലെ മലയാള നോവലിന്റെ വിഹായസ്സിലേയ്ക്ക് ശിരസ്സുയർത്തി നില്ക്കുന്നത്. - തോമസ് ജോസഫ്*

ആയുസ്സിന്റെ പുസ്തക'ത്തിലെ ഓർമ്മ എന്ന ഹ്രസ്വമായ ആമുഖക്കുറിപ്പിൽ സി. വി. ബാലകൃഷ്ണൻ, നോവൽ എഴുതാനുണ്ടായ സാഹചര്യത്തെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. 1980 ജനുവരിയിൽ കൽക്കത്തയിലെ പുരാതനമായ സെന്റ് പോൾസ് കത്തീഡ്രലിന്റെ ഹാളിൽ ഒരുപാടുനേരം ഇരിക്കാനിടയായപ്പോൾ മറിച്ചുനോക്കിയ പഴക്കമേറിയ ബൈബിളിൽ നിന്നാണ് 'ആയുസ്സിന്റെ പുസ്തകം' തുടങ്ങിയതെന്ന് ആ പള്ളിക്കും വേദപുസ്തകത്തിനും നന്ദി പറഞ്ഞുകൊണ്ട് ബാലകൃഷ്ണൻ എഴുതുന്നു. ഒപ്പം തന്റെ ഏകാന്തമായ ബാല്യകൗമാരങ്ങൾ ഓർമ്മിച്ചുകൊണ്ട് ഏകാകികളായ കുട്ടികൾക്കാണ് നോവൽ 'സമർപ്പണം' നടത്തിയിരിക്കുന്നത്. 25 വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ട 'ആയുസ്സിന്റെ പുസ്തകം' ബൈബിൾ പുരാവൃത്തങ്ങളുടെ സ്വാധീനംകൊണ്ട് ശ്രദ്ധേയമായ രചനയാണ്. ക്രൈസ്തവ പാപസങ്കല്പത്തിൽ നിന്ന് ചൂടും വെളിച്ചവും ഉൾക്കൊണ്ട് മലയാളത്തിലുണ്ടായിട്ടുള്ള ശ്രദ്ധേയമായ നോവലുകളാണ് സ്വർഗ്ഗദൂതൻ (പോഞ്ഞിക്കര റാഫി), അരനാഴികനേരം (പാറപ്പുറത്ത്), വസൂരി, ഏഴാംമുദ്ര (കാക്കനാടൻ), കായേന്റെ വംശം (വൈക്കം ചന്ദ്രശേഖരൻ നായർ) തുടങ്ങിയവ. ഇവയിൽ നിന്നെല്ലാം വ്യത്യസ്തമായി യോഹന്നാൻ എന്ന കൗമാരക്കാരനെ മുഖ്യ കഥാപാത്രമാക്കി വികസിക്കുന്ന നോവലാണ് 'ആയുസ്സിന്റെ പുസ്തകം'. ഒരു ഗ്രാമീണ ഇടവകയിലെ മനുഷ്യബന്ധങ്ങളുടെ ആഴങ്ങൾ ഇഴവിടർത്തി പരിശോധിച്ച ഈ നോവലിൽ രതി, പ്രേമം, പാപം, വിശ്വാസം എന്നിങ്ങനെ നിരവധി പ്രമേയങ്ങൾ നിറഞ്ഞു നില്ക്കുന്നു.

റാഹേൽ എന്ന പെൺകുട്ടിയോട് അപമര്യാദയായി പെരുമാറിയ അപ്പനെ (പൗലോ) മർദ്ദിക്കുന്ന തോമായിലൂടെയാണ് നോവലിന്റെ ആരംഭം. ആ രംഗം കണ്ടുകൊണ്ടാണ് അയാളുടെ മക്കളായ ആനിയും യോഹന്നാനും രംഗത്തെത്തുന്നത്. അപമാനഭാരത്താൽ പൗലോ ആത്മഹത്യ ചെയ്തു. തോമ ധ്യാനത്തിൽ ശര

www.malankaralibrary.com



ണം വച്ചു. അമ്മയില്ലാതെ വളർന്ന രണ്ടു കുഞ്ഞുങ്ങൾ ആ വീട്ടിൽ ശേഷിച്ചു. ആനി നന്നായി പഠിച്ചു. പക്ഷെ തുടർന്നു പഠിക്കാനാവാതെ വീട്ടിൽ നിന്നു. യോഹന്നാൻ അപ്പൂപ്പൻ തനിക്ക് സമ്മാനിച്ച ബൈബിൾ പ്രപഞ്ചത്തിന്റെ മായിക ദ്വീപിൽ അഭയമന്വേഷിച്ച് ഒറ്റപ്പെട്ടു നടന്നു. അപ്പന്റെ ആത്മഹത്യ, തോമയെ സംബന്ധിച്ചിടത്തോളം അയാൾ ചെയ്ത കൊലയ്ക്ക് തുല്യം തന്നെ. അതിനു ശേഷം അയാൾ തന്റെ കൃഷിയിടങ്ങളിലേയ്ക്ക് മലകയറി അപ്രത്യക്ഷനായി.

ബൈബിൾ സമുദായഘടനയുടെ ആധുനിക ഛായയാണ് ഇടവക. അവിടെ വികാരിയച്ചനേയും മാത്യു എന്ന കൊച്ചച്ചനേയും നോവലിസ്റ്റ് പരിചയപ്പെടുത്തുന്നു. പഠിക്കുന്ന കാലംതൊട്ടേ നല്ല വോളിബോൾ കളിക്കാരനാണ് മാത്യു അച്ചൻ. ആനിയുടെ വീട്ടിൽ തോമാച്ചനെ അന്വേഷിച്ചെത്തുന്ന കൊച്ചച്ചൻ ആനി നോട്ട്ബുക്കിൽ എഴുതിയ കൗമാര കവിതയായ വരികളിൽ തരളചിത്തനായി. "ഒറ്റയടിപ്പാതയിലൂടെ പരസ്പരം അകന്നുപോകുമ്പോൾ പിറകിലെന്താണ് ഉപേക്ഷിച്ചതെന്നോർക്കാൻ നാം പണിപ്പെടുന്നു"– അപ്രതീക്ഷിതമായി ആനിയോട് തന്റെ മനസ്സു തുറന്നു കൊച്ചച്ചൻ. "മുമ്പു ഞാനും എഴുതുമായിരുന്നു. വാരികകളിലൊക്കെ പ്രസിദ്ധീകരിച്ചിരുന്നു. സമ്മാനങ്ങളും കിട്ടിയതാണ്. എന്തോ പിന്നീട് വഴിമാറി. ചിലപ്പോൾ നിരാശതോന്നും." മുഖം കുനിച്ച്, ദേഹത്തണിഞ്ഞ ളോഹയിലേയ്ക്ക് മിഴിയൂന്നിനിന്ന് മാത്യു പറഞ്ഞു.

ഇടവക വക പാരലൽ കോളേജിന്റെ ഉത്തരവാദിത്വം മാത്യുവിനായി. ആനിക്ക് അവിടെ പഠിക്കാൻ ആഹ്ലാദം തോന്നി. സഭയെ ചോദ്യം ചെയ്ത് നടക്കുന്ന യാക്കോബിന്റെ വാക്കുകൾ കൊച്ചച്ചനെ ചിന്തിപ്പിക്കുന്നു. "വെള്ളയുടുപ്പിനുള്ളിൽ ശരീരം ഞെരുങ്ങുന്നതുപോലെ തോന്നി" മാത്യുവിന്. വാത്സല്യം നിറഞ്ഞയാളാണ് വികാരിയച്ചൻ. "കണ്ണടയ്ക്കുള്ളിൽ സ്നേഹം കിനിയുന്ന കണ്ണുക"ളാണ് അദ്ദേഹത്തിന്റേത്. തന്റെ സഹായിയായ എഫ്രെയിമിനെയും കൊച്ചച്ചനെയും അദ്ദേഹം അതിരറ്റ് സ്നേഹിക്കുന്നു. ആനിയുടെ ആർദ്രതയും യാക്കോബിന്റെ കാഠിന്യത്തിനുമിടയിൽപ്പെട്ടു ഞെരുങ്ങി കൊച്ചച്ചൻ ചെന്നെത്തുന്നത് വികാരിയച്ചന്റെ മുറിയിലാണ്. സഭ വിട്ട് വിവാഹിതനായിപ്പോയ ഒരു പുരോഹിതനെ പരാമർശിക്കുന്ന ഒരു ലേഖനം മാത്യു വികാരിയച്ചനെ കാണിച്ചു. "നൂറിലധികം കോടി ബൈബിൾ വർഷംതോറും വിറ്റഴിയുന്നുണ്ടെങ്കിലും ലോകമെങ്ങും അക്രമങ്ങളും രക്തചൊരിച്ചിലും നിലവിളിയും വർദ്ധിക്കുകയല്ലേ?" മാത്യുവച്ചന്റെ ചോദ്യം. അതിന് വികാരിയച്ചന്റെ മറുപടി: "ലോകം കൂടതൽ ഇരുണ്ടുവരികയാണെങ്കിലും നമ്മുടെ ചെറിയ മെഴുകുതിരികളിലും സ്നേഹസന്ദേശങ്ങളിലും നമുക്ക് വിശ്വസിക്കാതെ പറ്റുമോ? നമുക്ക് നമ്മുടെ മെഴുകുതിരികൾ അണയാതെ നോക്കാം. അതുപോലെ, കുന്തിരിക്കത്തിന്റെ ഗന്ധം പോകാതെയും മണിനാദങ്ങൾ വ്യർത്ഥമാകാതെയും."

"വിവാഹ ജീവിതത്തിൽ സാധിക്കാവുന്നതിനേക്കാൾ പൂർണ്ണവും ഉത്തമവുമായ വിധത്തിൽ ദൈവസേവനം ചെയ്യുവാൻ വിവാഹം കൂടാതെ വിഷയവിരക്തിയോടെ ജീവിക്കുമ്പോഴാണ് കഴിയുകയെന്നാണ് എന്റെ നിസംശയമായ ധാരണ." വികാരിയച്ചന്റെ വാക്കുകൾ മാത്യുവിനെ ആശ്വസിപ്പിച്ചില്ല. ആകെ തകർന്ന് മുറിയിറങ്ങി വന്ന കൊച്ചച്ചനെ കാത്ത് യാക്കോബിന്റെ വാക്കുകൾ ഇങ്ങനെയായിരുന്നു: "തിരുവസ്ത്രം ഇവിടെ ഉപേക്ഷിച്ച ഒരു ഉത്സവത്തിൽ എന്നപോലെ ആരവമുണ്ടാക്കിക്കൊണ്ടു പോവുക. ജലത്തിനരി

www.malankaralibrary.com

## സി വി ബാലകൃഷ്ണൻ

ഞാൻ ജനിച്ചതും വളർന്നതും പയ്യന്നൂരിലായിരുന്നു. ഇവിടം ഒരു പരമ്പരാഗത ഹൈന്ദഭൂരിപക്ഷ പ്രദേശമായിരുന്നു. പയ്യന്നൂരിന്റെ കിഴക്കൻ പ്രദേശമായ ചെറുപുഴയിലും തുടർന്നങ്ങോട്ടുള്ള പ്രദേശവുമായിരുന്നു പ്രധാന കുടിയേറ്റഗ്രാമങ്ങൾ.

നമ്മുടെ പ്രദേശത്തെ ഒരു പ്രധാന കുടിയേറ്റഗ്രാമമായ കൊന്നക്കാടായിരുന്നു എനിക്ക് പരിചയപ്പെടാൻ അവസരം ലഭിച്ച കുടിയേറ്റഗ്രാമം. എന്റെ ചെറുപ്പകാലവും ഔദ്യോഗിക ജീവിതവും തുടങ്ങുന്നത് കൊന്നക്കാട് എന്ന ഗ്രാമത്തിലായിരുന്നു. ക്രിസ്ത്യാനികൾ കൂട്ടത്തോടെ കുടിയേറിയ ഈ പ്രദേശത്തിന് തെക്കൻ ജില്ലയിലെ ഗ്രാമത്തിന്റെ സംസ്ക്കാരമായിരുന്നു. അതുവരെ ശീലിച്ചുപോന്നിരു ഒരു സംസ്ക്കാരത്തിൽ നിന്നും ജീവിതരീതിയിൽ നിന്നും എനിക്ക് മാറാനുള്ള അവസരമായിരുന്നു അത്.

സ്കൂൾ അധ്യാപകനെ നിലയിൽ അവിടെയുള്ള നിരവധി ക്രിസ്ത്യൻ കുടുംബങ്ങളുമായി എനിക്ക് അടുത്ത ബന്ധമുണ്ടായിരുന്നു. കൊന്നക്കാട് ഞാൻ താമസിച്ചിരുന്നത് ഒരു ക്രിസ്ത്യൻ സുഹൃത്തിന്റെ വീട്ടിലായിരുന്നു. കൊന്തയിട്ട് പള്ളിയിൽ പോവുകയും ഒരു ക്രിസ്ത്യാനിയെപോലെ ജീവിക്കുകയും ചെയ്ത ഒരു ഭൂതകാലം. കുറേ അച്ചൻമാരുമായും കൊച്ചച്ചൻമാരുമായും കന്യാസ്ത്രീകളുമായി അടുത്ത ബന്ധവും ഇക്കാലത്തുണ്ടായിരുന്നു. എനിക്ക് അടുത്തറിയാവുന്ന ചില അച്ചൻമാരുടെ ജീവിതമാണ് പിന്നീട് ആയുസ്സിന്റെ പുസ്തകത്തിൽ കഥാപാത്രങ്ങളായി മാറിയത്. വേദപുസ്തകത്തിന്റെ ഭാഷ ഞാൻ പഠിച്ചിരുന്നു, അതിന്റെ ചുവടുപിടിച്ചാണ് ആയുസ്സിന്റെ പുസ്തകത്തിന്റെ ഭാഷ രൂപപ്പെട്ടത്.

സാറയും മേരിയും ആനിയും യോഹന്നാനും ലോഹിതാക്ഷനും തോമയും മാത്യു അച്ചനും പീറ്ററും എല്ലാം എന്റെ അക്കാലത്തെ കൊന്നക്കാട് ബന്ധത്തിൽ നിന്നും ഉണ്ടായ കഥാപാത്രങ്ങളാണ്. കൊന്നക്കാടിനോട് വിടപറഞ്ഞ് പിന്നെയും കുറച്ച് വർഷം കഴിഞ്ഞാണ് ആയുസ്സിന്റെ പുസ്തകം എഴുതുന്നത്. കൊൽക്കൊത്തയിലെ പുരാതനമായ സെന്റ് പോൾസ് കത്തീഡ്രൽ പള്ളിഹാളിൽ വെച്ച് കാണാനിടയായ പഴക്കമാർ ബൈബിളാണ് ആയുസ്സിന്റെ പുസ്തകം എഴുതാൻ എനിക്ക് പ്രചോദനമായത്.

മലബാറിന്റെ കുടിയേറ്റത്തിന്റെ രണ്ടാം ഘട്ടത്തിന്റെ കാലത്ത് എഴുതപ്പെട്ട ആയുസ്സിന്റെ പുസ്തകം 25 വർഷങ്ങൾ പിന്നിട്ട ഓർമ്മകളാണ്. ഗ്രാമീണ ജീവിതത്തിന്റെ മാത്രം കഥയെ രീതിക്കപ്പുറം ഒരു പുതിയ കുടിയേറ്റ സംസ്ക്കാരം എന്ന രീതിയിൽ കൂടി ഞാൻ ആയുസ്സിന്റെ പുസ്തകത്തെ സമീപിച്ചിട്ടുണ്ട്. പുരോഹിതർക്ക് ഒരു സമൂഹത്തിലുള്ള ആഴത്തിലുള്ള ബന്ധവും, പുരോഹിതരുടെ ജീവിതത്തിലുണ്ടാവുന്ന ചില വ്യതിചലനങ്ങളും ഞാൻ ഈ പുസ്തകത്തിലൂടെ പറഞ്ഞുപോവാൻ ശ്രമിച്ചിട്ടുണ്ട്.

കെ നട്ട മുന്തിരിവള്ളികൾ തഴച്ചു വളരുക തന്നെ ചെയ്യും."

പിറ്റേന്ന് മാത്യു ആനിയുമായി പട്ടണത്തിലേയ്ക്ക് പുറപ്പെട്ടു പോകുന്നു. ആനി അനിയൻ യോഹന്നാന് കത്തെഴുതി വച്ചിരുന്നു. തോമാ കത്തുമായി വികാരിയച്ചനെ കാണാനെത്തുന്നു. "അച്ചന്റെ ഹൃദയം എനിക്കറിയാം, ഭൂമിയോളം തന്നെ വലുതാണ്. എന്റെ തെറ്റുചെയ്ത മകളേയും ദോഷം പ്രവർത്തിച്ച കൊച്ചച്ചനേയുമൊക്കെ അതിന് ഉൾക്കൊള്ളാനാവും. എന്നാൽ എനിക്ക് ശവപ്പെട്ടി പണിയുമ്പോൾ എന്റെ ഈ ദുരഭിമാനത്തിന്റെ വലിപ്പം കൂടി കണക്കിലെടുക്കേണ്ടിവരും" എന്നാണ് തോമാ പറയുന്നത്.

കോരിച്ചൊരിയുന്ന മഴയിൽ സ്വയമിറങ്ങി നിന്ന് നനയുന്ന വികാരിയച്ചന്റെ പ്രവൃത്തിയെ ഒരനുഷ്ഠാനം പോലെ നോവലിൽ ചി ത്രീകരിക്കുന്നു. അപരന്റെ പാപങ്ങൾക്ക് പരിഹാരം ഏറ്റെടുക്കുന്ന ഒരിടയന്റെ ചിത്രം ഇവിടെ തെളിഞ്ഞു കാണാം. "നനഞ്ഞു കുതിർന്ന ആ നില്പായിരുന്നു ജീവിതത്തിൽ ഞാൻ കണ്ട ഏറ്റവും വേദനിപ്പിക്കുന്ന കാഴ്ച. ഒരു മഴക്കാലം മുഴുവൻ ഒന്നിച്ചൊരു മഴയായി ദേഹത്തു വീഴുന്നുണ്ടായിരുന്നിട്ടും അദ്ദേഹം അനങ്ങു കയോ മാറിനിൽക്കുകയോ ചെയ്തില്ല. കൊച്ചുകുട്ടികൾ ശാഠ്യം പിടിച്ചുനില്ക്കുന്നതുപോലെ അങ്ങനെ നിന്നു. മഴയും കാറ്റുമൊന്നുമറിയാതെ അദ്ദേഹം പ്രാർത്ഥിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മനസ്സ് വല്ലാതെ നൊന്തിരുന്നു; തീർച്ച. ആർക്കോ വേണ്ടിയായിരിക്കണം അദ്ദേഹം അങ്ങനെ തീവ്രമായി പ്രാർത്ഥിച്ചത്. എന്താണ് സംഭവിച്ചത് എന്ന് എനിക്കൊരു ഊഹവും ഇല്ല. എനിക്കിതു താങ്ങാൻ വയ്യ." എന്നാണ് സഹായി എഫ്രെയിമിന്റെ വാക്കുകൾ. ജ്വരബാധയിൽ നിന്ന് തിരികെ വരുന്ന വികാരിയച്ചൻ അലയുന്ന യോഹന്നാന് അഭയമാകുന്നു. അവന്റെ നിറുകയിൽ ആശീർവ്വാദത്തിന്റെ കരം വിരിക്കുന്നു... ഇടറിപ്പോകുന്ന അനേകർക്കായി പ്രാർത്ഥനകൾ കരുതിവയ്ക്കുന്നു...

**ഫാ. സുനിൽ ജോസ് കിഴക്കയിൽ സി. എം. ഐ**

കർമ്മലീത്താ സഭാംഗം. മലയാളത്തിൽ ബിരുദാനന്തര ബിരുദം. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥി.

www.malankaralibrary.com



# ഒരു തിരക്കഥ

ഫാ. സുനിൽ ജോസ് കിഴക്കയിൽ സി. എം. ഐ

*ഒരു പതിരുപോലും എടുത്തുമാറ്റാനില്ലാത്ത ഏറ്റവും പൂർണ്ണവും സൂക്ഷ്മവുമായ വാക്കുകളിലൂടെ മലയാള കഥയിൽ മറ്റാർക്കും കീഴടക്കാനാവാത്ത പ്രപഞ്ചങ്ങൾ സൃഷ്ടിച്ച സക്കറിയ എന്ന എഴുത്തുകാരന്റെ ഒരു വഴിമാറി നടപ്പാണ് 'ജോസഫ് ഒരു പുരോഹിതൻ'. സക്കറിയ ജോൺ എബ്രഹാമുമായി ചേർന്നെഴുതിയ ഈ തിരക്കഥയുടെ ഉറവ അനശ്വരവും അഗാധവുമായ ദൈവിക കാരുണ്യമാണ്. ഇതിലെ ശക്തിമാനായ വല്യച്ചനും, ശാന്തവും പാവവുമായ കൊച്ചച്ചനും യഥാക്രമം ഇടയനേയും വഴിതെറ്റിപ്പോയ കുഞ്ഞാടിനേയും പ്രതിനിധീകരിക്കുന്നു. തോമസ് ജോസഫ്*

ശക്തിമാനായ ഒരു വല്ല്യച്ചനേയും ശാന്തനും പാവവുമായ ഒരു കൊച്ചച്ചനേയും പറ്റി എനിക്കൊരു കഥ വേണം" 1971 ൽ ഒരു ദിവസം മെലിഞ്ഞ് താടിവെച്ച് ചിരിച്ചുകൊണ്ട് തിളങ്ങുന്ന കണ്ണുകളുള്ള, അതിവേഗത്തിൽ നടക്കുന്ന ഒരു ചെറുപ്പക്കാരൻ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിന്റെ സ്റ്റാഫ് റൂമിൽ വന്ന് സക്കറിയയെ അന്വേഷിച്ചു സ്വയം പരിചയപ്പെടുത്തിയശേഷം പറഞ്ഞു.

'തിരക്കഥയുടെ രൂപം പ്രാപിക്കാൻ ശ്രമിച്ച ഒരു നാടൻ ക്രിസ്ത്യാനി കഥ' മാത്രമാണിത് എന്ന ആമുഖത്തോടെയാണ് സക്കറിയ ജോൺ അബ്രാഹത്തോട് ചേർന്നെഴുതിയ 'ജോസഫ് ഒരു പുരോഹിതൻ' എന്ന തിരക്കഥ പ്രസിദ്ധീക രിക്കുന്നത്. ചിത്രീകരിക്കപ്പെടാതെ പോയ ഒരു സിനിമയുടെ തിരക്കഥയാണിത്.

ജോസഫ് ഒരു പുരോഹിതൻ ഒരു തരത്തിൽ ഒരു ക്രിസ്തീയ സന്മാർഗ്ഗ കഥ തന്നെയാണ്. നിഷ്കാമമായ പൗരോഹിത്യത്തിന്റെയും അചഞ്ചലമായ സമർപ്പണത്തിന്റെയും പാതയിൽ പ്രലോഭനങ്ങളാൽ കാലിടറുന്ന ഒരു ദുർമനസ്കന്റെയോ, ചോദനകളുടെയും അനുരാഗത്തിന്റെയും കാന്തവലയത്തിലകപ്പെടുന്ന ഒരു തരളഹൃദയത്തിന്റെയോ, സ്വയം പരുവപ്പെടലിന്റെ കഥയാണിത്.

ഒരു ഗ്രൂപ്പ് ഫോട്ടോയിൽ നിന്നാണ് കഥ ആരംഭിക്കുന്നത്. ആ ഫോട്ടോയിൽ നിറഞ്ഞുനില്ക്കുന്നത് സ്ത്രീകളാണ്–ജോസഫിന്റെ അമ്മയും ആറു പെങ്ങാന്മാരും. "ആറു പെൺമക്കൾക്കുശേഷം നേർന്നുണ്ടായ ഒരാൺകുഞ്ഞാണ്" ജോസഫ്കുട്ടി. നമ്മുടെ കഥാനായകൻ, ജോസഫ്കുട്ടി അച്ചനാകാൻ പോകുകയാണ് ഇന്ന്, എന്ന വാക്കുകളോടെയാണ് കഥ തുടങ്ങുന്നതുതന്നെ.

ജോസഫിന്റെ മൂന്ന് പ്രധാന യാത്രകളിൽ ആദ്യത്തേതാണ് സ്ത്രൈണസമൃദ്ധിയുടെ വീടറ്റത്തുനിന്ന്

www.malankaralibrary.com

### സക്കറിയ

ജോസഫ് ഒരു പുരോഹിതൻ എന്ന തിരക്കഥ എഴുതാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് കഥാകൃത്ത് സക്കറിയ പറയുന്നു: "1971-ൽ ഒരു ദിവസം മെലിഞ്ഞ്, താടിവെച്ച്, ചിരിച്ചുകൊണ്ട് തിളങ്ങുന്ന കണ്ണുകളുള്ള അതിവേഗത്തിൽ നടക്കുന്ന ഒരു ചെറുപ്പക്കാരൻ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിന്റെ സ്റ്റാഫ് റൂമിൽ വന്ന് എന്നെ അന്വേഷിച്ചു. ഈ താടിക്കാരന്റെ ഗേറ്റിൽ നിന്നേയുള്ള വരവ് നോക്കിയിരുന്ന ഞാൻ എണീറ്റ് അടുത്തുചെന്നു. ജോൺ പറഞ്ഞു: ഞാൻ ജോൺ എബ്രഹാം. അയാം എ ഫിലിം മേക്കർ. സക്കറിയായോട് ചില കാര്യങ്ങൾ സംസാരിക്കാൻ വന്നതാണ്...

ശക്തിമാനായ ഒരു വല്ല്യച്ചനേയും ശാന്തനും പാവവുമായ ഒരു കൊച്ചച്ചനേയും പറ്റി എനിക്കൊരു കഥ വേണം, ജോൺ പറഞ്ഞു. തിരക്കഥയെഴുതാൻ എനിക്ക് അറിഞ്ഞുകൂടാ, ഞാൻ പറഞ്ഞു. അത് സാരമില്ല, സക്കറിയയ്ക്ക് ഇഷ്ടമുള്ളതുപോലെ തിരക്കഥ എന്ന് സങ്കല്പിച്ച് എഴുതിയാൽ മതി. ബാക്കി ഞാൻ നോക്കികൊള്ളാം, ജോൺ പറഞ്ഞു.

ഈ കഥയിൽ എന്റെ സ്വന്തമായി എന്താണുള്ളത് എന്നെനിക്കറിഞ്ഞുകൂടാ, എല്ലാ രംഗങ്ങളും ജോണുമായി ചർച്ചചെയ്താണെഴുതിയത്. കുറെ ചർച്ച ചെയ്യുമ്പോൾ ജോൺ പറയും, ഇനി സക്കറിയ എഴുതിയാൽ മതി, താനേ വരും എന്ന്. അങ്ങനെയുണ്ടായതാണ് ഈ തിരക്കഥ എന്നു വിളിക്കപ്പെടുന്ന നാടൻ കഥ."

സെമിനാരിയിലേയ്ക്കുള്ള ഒന്നാമത്തെയാത്ര. ജോസഫിന്റെ വീട്ടിൽ പലതരം ഒരുക്കങ്ങളിലൂടെ കഥ വികസിക്കുന്നു. ജോസഫിന്റെ യാത്ര പ്രമാണിച്ച് വീട്ടിലെത്തിയ ആളുകളുടെ പലതരം സംഭാഷണങ്ങളിൽ പള്ളിപെരുന്നാളും, ദൈവവിളിയും, കന്യാസ്ത്രീകളുടെ ആശുപത്രിയും ഒക്കെ വിഷയമാകുന്നുണ്ട്.

സെമിനാരിയിലേയ്ക്ക് കൊണ്ടുപോകാൻ ജോസഫിന്റെ പെട്ടിഒരുക്കുന്ന ഒരു പെങ്ങൾ കുടുംബത്തിന്റെ ഗ്രൂപ്പ് ഫോട്ടോയുടെ കോപ്പി അതിൽ വയ്ക്കുന്നു. "ഇതു കൂടി പെട്ടിയിൽ വച്ചോ. അച്ചനാകുമ്പം ഞങ്ങളെയെല്ലാം മറന്നാലോ".

"നന്നായി പഠിച്ചോണേ. അതുമിതും പറഞ്ഞ് അവര് തിരിച്ചയയ്ക്കുകയോ മറ്റോ ചെയ്താൽ കുടുംബത്തിനു സങ്കടമാ". "കുഞ്ഞേ ദൈവവിളി ദൈവത്തിന്റെ അനുഗ്രഹമാ കേട്ടോ" തുടങ്ങിയ അയൽക്കാരുടെ ഉപദേശങ്ങളും, അമ്മയുടെ അച്ചാറും, കാച്ചിയ എണ്ണയും അടങ്ങിയ കുപ്പികളും, "തീരുമ്പം നീ എഴുത്തയയ്ക്കണം. ഒരു ദിവസംപോലും തലയിൽ എണ്ണ തേയ്ക്കാതിരിക്കരുത്". എന്നിങ്ങനെയുള്ള നിർദ്ദേശങ്ങളും സ്വീകരിച്ച് കാരണവന്മാർക്ക് സ്തുതി ചൊല്ലി, ജോസഫ് യാത്ര പുറപ്പെടുന്നു. വീണ്ടും വീണ്ടും ജോസഫ് വീട്ടിലേയ്ക്ക് തിരിഞ്ഞു നോക്കുന്നു. നനഞ്ഞ കണ്ണുകളുമായി നിൽക്കുന്ന പ്രിയപ്പെട്ടവർ. ജോസഫിന്റെ സെമിനാരി ജീവിതത്തിന്റെ രംഗങ്ങൾ ഇവിടെ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്ന് കഥാകാരൻ ബ്രായ്ക്കറ്റിൽ എഴുതിയിട്ടുണ്ട്. കഥയിലെ ഒന്നാമത്തെ യാത്ര ഇവിടെ തീരുന്നു.

ഒമ്പതുവർഷത്തെ പഠനം കഴിഞ്ഞ് അച്ചനായി തിരിച്ചുവന്ന ജോസഫിനു പട്ടം ലഭിച്ചതിനുശേഷം എടുക്കുന്ന ഗ്രൂപ്പ് ഫോട്ടോ ആണ് രണ്ടാംഘട്ടത്തിനു തുടക്കം കുറിക്കുന്നത്. ഈ ഫോട്ടോയിൽ ദാമ്പത്യത്തിലേയ്ക്കും ദൈവവിളിയിലേയ്ക്കും വളർന്ന മറ്റുള്ളവരെല്ലാം ഉണ്ടെങ്കിലും കൊച്ചുപെങ്ങൾ കുഞ്ഞുമേരി മാത്രമില്ല. അവൾ ജോർജ് എന്ന യാക്കോബായക്കാരനുമായി പ്രണയത്തിലായി കുടുംബഫോട്ടോയുടെ ചട്ടക്കൂടിന് പുറത്ത് കടന്നിരുന്നു.

ജോസഫിന്റെ രണ്ടാമത്തെ യാത്ര അസിദേന്തിയായി ചുമതലയേൽക്കാനായി ഏ ലംകുന്നിലേയ്ക്കുള്ളതാണ്. "ഏലംകുന്ന് നമുക്കറിയാവുന്ന പള്ളിയല്ലിയോ. നമ്മുടെ മലബാറിലെ മത്തായിച്ചനാ അവിടെ വികാരി. എനിക്കു നല്ലപോലെ അറിയാവുന്ന ആളല്ലേ. വല്യ മിടുക്കനാ. വല്യ മിടുക്കൻ. വലിയ വായന

www.malankaralibrary.com

യും അറിവുമാ. നല്ല കാര്യസ്ഥനുമാ. എടവകേൽ പുള്ളിയൊരു രാജാവാ. നായരാണേലും ശരി മാപ്പിള യാണേലും ശരി. ആ കേറിച്ചെല്ലുന്ന മുറീലെ അലമാ രീലിരിക്കുന്ന പുസ്തകം കണ്ടാമതീല്ലോ. ആ മത്താ യിച്ചന്റെ കൂടെ ഇരിക്കുന്നതു നല്ലതാ. നല്ല തൊടക്ക വാ. മെത്രാനച്ചന്റെ വലിയ ആളുമാ". അയൽ ക്കാരൻ തോമാച്ചനിലൂടെ ചിത്രം കൂടുതൽ വ്യക്തമാകുന്നു.

പള്ളിമുറിയിൽ വികാരിയച്ചന്റെ മുറിയുടെ പാ തിതുറന്നിട്ട വാതിലിലൂടെ അകത്തുകടന്ന ജോസഫ് കണ്ടത് "വലിയ ചാരുകസാല. വലിയ മഞ്ചക്കട്ടിൽ. പുസ്തക അലമാരികൾ. ചുരുട്ടു പെട്ടികൾ. പൈപ്പ്. തുറന്നുവച്ചിരിക്കുന്ന ഒരു വലിയ പുസ്തകം. അതി ന്മേൽ കണ്ണട. അടുക്കിവച്ചിരിക്കുന്ന 56 ജോഡി ഷൂസു കൾ. പഴയ വലിയ കൂറ്റൻ റേഡിയോ. 34 വാക്കിങ് സ്റ്റിക്കുകൾ" തുടങ്ങിയവയാണ്. വികാരിയച്ചൻ ജോസ ഫിനെ സ്വീകരിക്കുന്നു. പള്ളിവക സ്കൂളിന്റെ ചുമത ല ഏല്പിക്കുന്നു. മേരിടീച്ചറുമായുള്ള ജോസഫച്ച ന്റെ കൂടികാഴ്ച, കുതുകം, പ്രണയം. ഇതിനിടയിൽ വികാരിയച്ചൻ ഇടപെട്ട് മേരിടീച്ചറെ വാളിക്കുന്നിലേ യ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു. കൊച്ചച്ചന്റെ സങ്കടം.

മൂന്നാമത്തേതും അവസാനത്തേതുമായ യാത്ര ജോ സഫിന്റേതുമാത്രമായ ഒന്നാണ്-അയാളുടെ ജീവിത ത്തിലെ പ്രധാനപ്പെട്ട യാത്രയാണത്-അത് പള്ളിവിട്ട് മേരിയെത്തേടി വാളിക്കുന്നിലേയ്ക്കുള്ള പോക്കാണ്. "എന്റെ പ്രിയ ബഹുമാനപ്പെട്ട അച്ചാ, ഞാൻ ഒരു ഭീ രുവായതുകൊണ്ടാണ് അങ്ങയെ കാണാതെ പോകു ന്നത്. ഞാൻ ഇനി എന്റെ വഴി തേടട്ടെ. എനിക്കുവേ ണ്ടി പ്രാർത്ഥിക്കണം". എന്നെഴുതി പായ്ക്ക് ചെയ്ത സ്യൂട്ട്കേസുമായി ജോസഫ് പള്ളി മേടയുടെ പടിയിറ ങ്ങുന്നു. അസഫലമായ ആ സാഹസിക യാത്രയിൽ നിന്നാണ് വികാരിയച്ചൻ വഴിതെറ്റിപ്പോയ ഒരു ആട്ടിൻ കുട്ടിയെ എന്നവണ്ണം അയാളെ തൂക്കിയെടുത്തുകൊ ണ്ടുവരുന്നത്. തിരിച്ചുള്ള അവരുടെ യാത്രയോടെയാ ണ് തിരക്കഥ അവസാനിക്കുന്നതും: "കാർ വളവുകൾ തിരിഞ്ഞ് കുന്നിറങ്ങുന്നു. സ്കൂളിൽ നിന്നുള്ള പാത കാർ പോകുന്ന പ്രധാന പാതയിൽ ചേരുന്ന കവല യിൽ കടന്നു മുന്നോട്ടുപോകുമ്പോൾ ഒരു സ്ത്രീരൂപം (മേരി, സ്കൂൾ പാതയിലൂടെ പ്രധാനപാതയിലേയ്ക്കു പ്രവേശിക്കുന്നു) കടന്നുപോയ കാറിനെ ഒന്നുനോ ക്കിയ ശേഷം എതിർദിശയിലേയ്ക്കു നടന്നുപോ കുന്നു".

ഒരു യാത്രയും ജോസഫ് പൂർത്തിയാക്കുന്നില്ല എ ന്നതാണ് രസകരമായ സംഗതി. വീടു വിട്ടുപോകു മ്പോൾ വീടു വിടാനോ, സെമിനാരി വിടുമ്പോൾ ഒരു നല്ല അച്ചനാകാനോ, മേരിയെ തേടിപ്പോകുമ്പോൾ പ്രണയസാഫല്യത്തിലെത്താനോ അയാൾക്കു കഴിയു ന്നില്ല. ജോസഫ് എന്ന ഈ പുരോഹിതന് തിരിച്ച് പ ള്ളിയിലും പ്രാർത്ഥനയിലും എത്താൻ കഴിയുമോ എന്ന സ്നിഗ്ധതയിലാണ് കഥ അവസാനിക്കുന്നത്. ദൈവം നമ്മളെ തിരിച്ചു സ്നേഹിക്കുന്നുണ്ടോ എന്ന് അറിയാനാവാത്ത വിശ്വാസത്തിന്റെ വീരസാഹസമായ ആ അറിവില്ലായ്മയിലേയ്ക്കാണ് ജോസഫ് വികാരിയ ച്ചനെ അനുഗമിക്കുന്നത്.

സക്കറിയ ജോൺ എബ്രഹാമുമായി ചേർന്നെഴു തിയ ഈ തിരക്കഥയിൽ ഒരു പുരോഹിതന്റെ ജീവിത ത്തിലെ അനിർവചനീയവും അനിയന്ത്രിതവുമായ ചോദനകളു ടെയും വിശ്വാസത്തിന്റെയും വാൾമുനയി ലൂടെയുള്ള നടത്തമാണ് ചിത്രീകരിച്ചിരിക്കുന്നത്. ക ഥയിൽ എല്ലാം കണ്ടും മനസ്സിലാക്കിയും ആരേയും കുറ്റപ്പെടുത്താത്ത നല്ല ഇടയന്റെ കരുതലും കാവലും കരുണയുമുള്ള ക ഥാപാത്രമായി വികാരിയച്ചൻ മാറു ന്നുണ്ട്.

"ക്രിസ്തുവിന്റെ പുരോഹിതന് സ്നേഹവും ഒരു പരീക്ഷയാണ്. ഇതാണു നമ്മുടെ വിധി. ഇതിൽ പരിഭ്രമിക്കുകയും വേണ്ട. സങ്കടപ്പെടുകയും വേണ്ട. ക്രിസ്തുവിനോടുള്ള സ്നേഹം മാത്രമേ നമുക്ക് പരീ ക്ഷയല്ലാതാകുന്നുള്ളൂ. ബാക്കിയെല്ലാം നമ്മളെ ബ ന്ധനസ്ഥരാക്കുന്നു. ലോകത്തെ സ്നേഹിച്ചതിൽ സ ങ്കടപ്പെടേണ്ട. ഒരു വലിയ ധൈര്യമാണ് ഔസേപ്പച്ചൻ കാണിച്ചത്. അതേ ധൈര്യത്തോടെ ഇനി ദൈവത്തെ അഭിമുഖീകരിക്കൂ... ദൈവം നമ്മെ തിരിച്ചുസ്നേഹി ക്കുന്നുണ്ടോ എന്നറിയാൻ പ്രയാസമാണ്. ആ അറിവി ല്ലായ്മയാണ് വിശ്വാസത്തിന്റെ വീരസാഹസം. ആ വി ശ്വസമാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ" എന്നി ങ്ങനെ ആത്മശുദ്ധീകരണത്തിന്റെ അനുഭവപാഠങ്ങൾ നിറഞ്ഞ വാക്കുകളിലൂടെ വികാരിയച്ചൻ തന്റെ കൊ ച്ചച്ചനെ വിമലീകരിക്കുന്നു.

**ഫാ. സുനിൽ ജോസ് കിഴക്കയിൽ സി. എം. ഐ**

യുവകവി. കവിതാസമാഹാരങ്ങൾ: പൂവുകൾകൊണ്ടു പൂരിപ്പിക്കേണ്ട ഇടങ്ങൾ, ഇരുപുറത്തിൽ കവിയാതെ പിന്നെയും.

www.malankaralibrary.com

ആഞ്ജൂസ് ദേയി -സെബാസ്റ്റ്യൻ പള്ളിത്തോട്

# ദൈവത്തിന്റെ കുഞ്ഞാട്

ഡോ. തോമസ് പാറയ്ക്കൽ

ആഞ്ജൂസ് ദേയി എന്ന നോവലിൽ കവിയായ പുരോഹിതൻ ജോസഫിന്റെ പീഡനങ്ങൾ ആവിഷ്ക്കരിക്കപ്പെടുന്നു. തീരദേശ തൊഴിലാളികളുടെ ജീവിതപ്രശ്നങ്ങളിലേയ്ക്ക് സേവനത്തിന്റെ വെളിച്ചവുമായി ഇറങ്ങിച്ചെല്ലുമ്പോൾ അതാണ് ദിവ്യരാധന എന്ന മിഥ്യാധാരണയിലായിരുന്നു ഫാ. ജോസഫ്. ഒടുവിൽ അൾത്താരയിൽ ബലിവസ്തുവായി സ്വയം സമർപ്പിക്കുമ്പോൾ ഓസ്തിശരീരമായി മുറിക്കപ്പെടുകയും രക്തം വീഞ്ഞായി വാർന്നൊഴുകുകയും ചെയ്യുന്നു. വൈദികജീവിത പരിസരങ്ങളിലൂടെയുള്ള ശ്രീ. സെബാസ്റ്റ്യൻ പള്ളിത്തോടിന്റെ യാത്ര ഇവിടെ സാർത്ഥകമായിത്തീരുന്നു.

വൈദിക സെമിനാരിയിലെ ജീവിതവൃത്തികളെ സത്യസന്ധമായും ശക്തമായും ചിത്രീകരിക്കുന്ന നോവലാണ് ആഞ്ജൂസ് ദേയി. ജോസഫ് എന്ന വൈദികൻ അനുഭവിക്കുന്ന ആത്മപീഡയും സഹനപരമ്പരയും സാമൂഹ്യ സേവന പശ്ചാത്തലത്തിൽ നോവലിസ്റ്റ് അവതരിപ്പിക്കുന്നു.

പുരോഹിതരുടെ ഒരു വൃന്ദം മുഖങ്ങൾ ഇവിടെ തെളിഞ്ഞു കാണുന്നുണ്ട്. തമ്പിയച്ചൻ, ഗീവർഗീസച്ചൻ, പോളച്ചൻ തുടങ്ങിയവരെല്ലാം പൗരോഹിത്യത്തിന്റെ ഉജ്ജ്വല പ്രതീകങ്ങൾ തന്നെ. തീരദേശ തൊഴിലാളികളുടെ ജീവിത പ്രശ്നങ്ങളിലേയ്ക്ക് ളോഹയുടെ വെണ്മയും കുന്തിരിക്കത്തിന്റെ മണവും സംക്രമിപ്പിക്കുമ്പോൾ, അതാണ് ദിവ്യാരാധനയെന്ന ചിന്തയുടെ പിടിയിലായിരുന്നു ഫാദർ ജോസഫ്. ഒടുവിൽ അൾത്താരയിൽ തിരിച്ചെത്തി ബലിവസ്തുവായി തന്നെത്തന്നെ അർപ്പിക്കുമ്പോൾ ഓസ്തി ശരീരമായി മുറിക്കപ്പെടുകയും രക്തം വീഞ്ഞായി ആത്മഭാവമുൾക്കൊണ്ട് എടുക്കപ്പെടുകയും ചെയ്യുന്നു.

ഫാ. ജോസഫിന്റെ സന്ദേഹങ്ങളിലും വിഫലതകളിലും ഉപദേശിക്കുകയും നേർവഴികാട്ടുകയും ചെയ്യുന്ന തമ്പിയച്ചൻ ആത്മീയശക്തിയുടെ പ്രതീകമാണ്. ഇടറിപ്പോകുന്ന ചിന്തകളിൽ താങ്ങായി ഇത്തരം ആത്മീയാചാര്യന്മാർ സഭയിൽ വർത്തിക്കേണ്ടതിന്റെ ആവശ്യകത ഇത് ഓർമ്മിപ്പിക്കുന്നു. സെമിനാരിയിൽ കാണുന്ന സീനിയറായ പുരോഹിതന്മാരും ഈ വഴിയിൽ തന്നെ പ്രബോധനം നല്കുന്ന നാഴികക്കല്ലുകൾ തന്നെ. കൈ വിരിച്ചു പ്രാർത്ഥിക്കുകയും, കരുതൽ കൊടുക്കുകയും ചേർത്തു നിർത്തുകയും ചെയ്യുന്ന സഭാപിതാക്കന്മാരുടെ കണ്ണികൾ. ഫാ. ജോസഫിന്റെ കവിതകളെയും ചിന്തകളെയും വിമർശിക്കുകയും നിരൂപി

www.malankaralibrary.com

## സെബാസ്റ്റ്യൻ പള്ളിത്തോട്

"രണ്ട് പുഴകൾക്ക് ഇടയിലാണ് ആഞ്ഞൂസ് ദേയി സംഭവിക്കുന്നത്. ആദ്യത്തേത് മംഗലപ്പുഴ. രണ്ടാമത്തേത് ആലപ്പുഴ. ജോസഫിന്റെ ബാബിലോൺ പുഴയോരം. എന്നിട്ടും ഇത് ഒരു പുരോഹിതന്റെയും കഥയാണെന്ന് സ മ്മതിക്കാൻ പുരോഹിതരായ എന്റെ സുഹൃത്തുക്കൾ തയ്യാറാകുന്നില്ല എന്നതാണ് അത്ഭുതം. എങ്കിലും സെ ബാസ്റ്റ്യൻ പള്ളിത്തോടിനെ തല്ലാൻ ഒരു വടി വേണ്ടിവരുമ്പോഴെല്ലാം ആഞ്ഞൂസ് ദേയി അവർക്ക് നല്ലൊരു ആ യുധമാകുന്നു. വികാരിമാരിൽ, വിയാനിയല്ലാതെ വിശുദ്ധരായവർ ആരാനുമുണ്ടോ? എന്നു കേട്ടയാൾ ഒരു പുരോഹിതനാണെന്നും അവർ മറന്നുപോകുന്നു.

അതുകൊണ്ട് ആഞ്ഞൂസ് ദേയി എന്റെ കഥയാവുന്നു - ഞാൻ മോഹിച്ച പുരോഹിതൻ. നോവലിലെ ഓരോ കഥാപാത്രങ്ങൾക്കും ജീവിച്ചിരിക്കുന്ന മനുഷ്യരുമായി സാദൃശ്യം ആരോപിച്ച് അവർ ആദ്യമേ ജോസഫിനെ കല്ലെറിഞ്ഞു; പിന്നെ ഓരോരുത്തരേയും. അനീതിക്കെതിരെ പൊരുതാത്ത ഓരോ കത്തോലിക്കനും ചാവു ദോ ഷത്തിൽ ജീവിക്കുന്നു എന്നെഴുതിയ കാമിലോ ടോറസിന്റെ വിധി ഏറ്റെടുക്കാൻ തയ്യാറില്ലാത്ത എന്റെ സുഹൃ ത്തുക്കൾക്ക് നഷ്ടപ്പെടാൻ ഒരുപാട് ഉണ്ടല്ലോ!

ഇത് ആഞ്ഞൂസ് ദേയിയുടെ പത്താം വർഷം. ഇപ്പോഴും നോവൽ ആവേശത്തോടെ വായിക്കപ്പെടുന്നു. ആരെ ല്ലാം നിരാകരിക്കുമ്പോഴും നോവൽ വീണ്ടും വീണ്ടും ഉദ്ധരിക്കപ്പെടുന്നു. അത് എഴുതിയവന് ജീവിതകാലത്തോ, മരണാനന്തരമോ കെ. സി. ബി. സി. സാഹിത്യ അവാർഡ് കൊടുത്തുപോകരുതെന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തി വച്ചിരിക്കുന്നവരോട് എന്ത് മറുവാദം നടത്താൻ കഴിയും? ഇവന്റെ സ്വപ്നങ്ങളിൽ എപ്പോഴും പുരോഹിതന്റെ മേലങ്കിയും അതിന്റെ തുമ്പിൽ പുകഞ്ഞ് ഉയരുന്ന കുന്തിരുക്കത്തിന്റെ നറുമണവും ബാക്കി നില്ക്കുന്നു".

ക്കുകയും ചെയ്യുന്ന ഡൊമിനിക്കച്ചൻ "മൂന്നാം ചേരിയുടെ മന്തുകാലി"ന്റെ അപ്രായോഗികതകൾ മുൻകൂട്ടി കാണുന്നവനാണ്. പുതുതലമുറയുടെ വിപ്ലവകരമായ നിലപാടുകളെ വിമർശിക്കുകയും ചിലപ്പോളെല്ലാം പരിഹസിക്കുകയും ചെയ്യുന്ന ഫാ. ജോസഫിന്റെ ഇത്തരം കുതിപ്പുകൾക്ക് തഴുതിട്ടതും ഈ അച്ചൻ തന്നെയാണ്. വിമോചന ദൈവശാസ്ത്രത്തിന്റെ തിളച്ചുപൊങ്ങലുകൾ വിചാരപരതയെ ജയിക്കുന്ന വികാരത്തിന്റേതാക്കി.

എഴുത്തിന്റെ അഗാധതയിലേയ്ക്ക് തുറക്കുന്ന കവാടങ്ങൾ പൗരോഹിത്യമേഖലയിൽ നിന്ന് കണ്ടെത്താൻ എഴുത്തുകാർക്ക് കഴിയും. വേദപുസ്തകത്തിന്റെ മഹിമയാർന്ന ഖനികൾ തുരന്നുകിട്ടുന്ന അനുഭൂതികളും ഉപമകളും അവസാനിക്കാത്ത ആത്മപ്രപഞ്ചങ്ങളാണ് സർഗ്ഗാത്മകസാഹിത്യകാരന് തുറന്നുകൊടുക്കുന്നത്. സമകാലീനമായ അറിവുകളിൽ നിന്നു കിട്ടാത്ത ഒരു വിജ്ഞാനലോകം ബൈബിളിന്റെ താളുകൾ മനുഷ്യനു മുമ്പിൽ തുറന്നിട്ടിരിക്കുന്നു. അതിൽ ആകൃഷ്ടരായിത്തീരാത്ത എഴുത്തുകാർ ലോകസാഹിത്യത്തിലും മലയാളത്തിലും വിരളമാണ്.

കുരിശിൽക്കിടന്ന് സ്വപ്നംകാണുന്ന ഭൂമിയിലെ ഏറ്റവും വലിയ പുരോഹിതനായ ക്രിസ്തുവിനെ ആവിഷ്ക്കരിച്ച കസാദ്സാക്കീസുമുതൽ സെബാസ്റ്റ്യൻ പള്ളിത്തോടുവരെ ആ പട്ടിക നീളുന്നു. നാലുമീറ്റർ ളോഹയ്ക്കുള്ളിൽ ഹോമിച്ചു തീർക്കുന്ന ജീവിതത്തിന്റെ ഉൾത്താപങ്ങളുടെ സത്യസന്ധവും സുന്ദരവുമായ ആവിഷ്ക്കാരമാണ് ആഞ്ഞൂസ്ദേയി.

**ഡോ. തോമസ് പാറയ്ക്കൽ.**

ഇരുപത് വർഷങ്ങളായി കുറവിലങ്ങാട് കോളേജിൽ മലയാള അദ്ധ്യാപകൻ. വടവാതൂർ സെമിനാരിയിലെ ഭാഷാധ്യാപകൻ.

www.malankaralibrary.com



# ഫാ. കരീക്കൻ

ഡോ. തോമസ് പാറയ്ക്കൽ

ദൈവം ആനന്ദവും ആനന്ദം പ്രണയാനന്ദവുമാണെന്ന് വിശ്വസിക്കുന്ന മർഗലീത്തയാണ് സാറാ ജോസഫിന്റെ ഒതപ്പിലെ നായിക. പ്രണയം അവൾക്ക് സമാധാനവും ഊഷരതകളിലെ പച്ചപ്പുമാണ്. സഭയ്ക്ക് നഷ്ടപ്പെട്ടെന്നു കരുതുന്ന ആത്മാവിനെ പ്രണയത്തിലൂടെ വീണ്ടെടുക്കാനുള്ള അവളുടെ പരിശ്രമങ്ങളാണ് ഈ നോവലിൽ ഉടനീളം തെളിഞ്ഞുകാണുന്നത്.

ഒതപ്പിലെ നായികയാണ് സന്യാസം വെടിഞ്ഞ മർ ഗലീത്ത. അവൾക്ക് ദൈവം ആനന്ദമാണ്. ഈ ആന ന്ദം പ്രണയാനന്ദവുമാണ്. പ്രണയം അവൾക്ക് സമാ ധാനഹേതുവാണ്. ഊഷരതകളിൽ പച്ചപ്പ് പൊടിക്കാനുള്ള മാർഗവുമാണ്. പ്രണയത്തിലായിരിക്കുമ്പോൾ ശരീരത്തിൽ ത്രസിക്കുന്നത് ആദ്ധ്യാത്മികാനന്ദത്തിന്റെ തുടിപ്പുകളാണെന്ന് അവൾ വിശ്വസിക്കുന്നു. ആ ത്മാവും ശരീരവും തമ്മിലുള്ള അകലം തകർന്ന സഭയ്ക്ക് നഷ്ടപ്പെട്ടെന്നു കരുതുന്ന ആത്മാവിനെ പ്രണയത്തിലൂടെ തിരികെ കൊണ്ടുവരാൻ വെമ്പുന്നവളാണ് മർഗലീത്ത. അവളുടെ വെപ്രാളങ്ങൾക്ക് തിടംവച്ച് ബലം നല്കുന്നതിനുവേണ്ടി പുരോഹിതകഥാപാത്രങ്ങളെ നോവലിസ്റ്റ് ഉപയോഗിക്കുന്നു.

ഇവരിൽ പ്രഥമഗണനീയൻ റോയ് ഫ്രാൻസീസ് കരീക്കനാണ്. "റോയ് ഫ്രാൻസീസ് കരീക്കൻ ഒരവിശ്വാസിയോ, യുക്തിവാദിയോ ആയിരുന്നില്ല, പക്ഷേ എല്ലായ്പ്പോഴും ഇളകുന്ന വഴുക്കു പിടിച്ചുതെന്നുന്ന അപകടകരമായ ഒരു കല്ലുപോലെയായിരുന്നു അയാളുടെ വിശ്വാസം. അതിന്മേൽ ഉറപ്പിച്ചു ചവിട്ടിക്കൊള്ളൂ എന്ന് ആരോടെങ്കിലും പറയാൻ അയാൾ പേടിച്ചു" (പേജ് 20). നോവലിസ്റ്റ് ബോധപൂർവ്വം നടത്തുന്ന ഈ വിവരണം കരീക്കിന്റെ തുടർന്നുള്ള ചിന്തകളിലേയ്ക്കും ചെയ്തികളിലേയ്ക്കുമുള്ള മുൻകൂർ ജാമ്യമായി കാണാം. ഒരു മേഖലയിലും ഉറച്ചുനില്ക്കാനാവാത്ത, തന്നോട് ഒപ്പം നില്ക്കുന്നവർക്കും ഉറപ്പുകൊടുക്കാനാവാത്ത ഒരു വ്യക്തിത്വത്തിന് പുരോഹിത പരിവേഷം നല്കുകയാണ് കഥാകാരി.

മർഗലീത്തയുടെ ഇടപെടലും തന്നെ അസ്വസ്ഥനാക്കുന്നുവെന്ന് തിരിച്ചറിയുമ്പോഴും പരിതപിക്കുമ്പോഴും മർഗലീത്തയ്ക്ക് തിളങ്ങാനുള്ള ഫോയിലായി അച്ചൻ മാറുകയാണ് ചെയ്യുന്നത്. ക്ലാവ് പിടിച്ച കണ്ണാടി തുടയ്ക്കുമ്പോൾ കൂടുതൽ തെളിയുന്നത് മർഗലീത്തയുടെ മുഖമാണെന്ന് മാത്രം. സംശയാലുവും വികാരതരളിതനുമായ റോയ് ഫ്രാൻസിസ് കരീക്കനിൽ അതിനനുഗുണമായ ഗന്ധവും ഭാവവും നിറയ്ക്കാൻ നോവലിസ്റ്റ് ഒരുമ്പെടുന്നു. ജീവിതത്തിൽ നിന്ന് ഭീരുവിനെപ്പോലെ പലായനം ചെയ്യുന്ന ആ കഥാപാത്രത്തെ പള്ളിപരിസരം വിട്ടുപോകാത്തവണ്ണം

www.malankaralibrary.com




കഥാകാരി തളച്ചിടുമ്പോൾ പരിഹാസ ത്തിന്റേയും നിന്ദയുടെയും നിഴലാട്ടം കാണാനാവും.

"കരീക്കന്റെ ചാപല്യങ്ങളും, ദുർബലതകളും മറ്റൊരാൾക്ക് ഉണ്ടായിക്കൊള്ളണമെന്നില്ല (പേജ് 119)" ഇങ്ങനെ നിരീക്ഷിക്കുന്ന കഥാകാരി ബ്രഹ്മചര്യത്തിന്റെ കടുത്ത നിഷ്ഠകളിലൂടെ കടന്നുപോയ പുരോഹിതരുടെ ഒരു നിരയെതന്നെ സ്മരിക്കുമ്പോൾ ഈ കഥാ പാത്രത്തിന്റെ സൃഷ്ടിയിലെ പൂർവ്വചിന്തകൾ സ്പഷ്ടമായി വരുന്നു. "മർഗലീത്തയെ കാണുന്നതുവരെ കരീക്കന് ബ്രഹ്മചര്യത്തിന്റെ നിഷ്ഠകൾ ഒരു വെല്ലുവിളി ആയിരുന്നില്ല" (പേജ് 120) എന്നും അവർ രേഖപ്പെടുത്തുന്നു. മർഗലീത്തയുടെ മുൻകൈയെടുക്കലും ഉത്സാഹവും തിമിർപ്പും കരീക്കന്റെ വ്യക്തിപ്രഭാവത്തെ സ്വാധീനിച്ച് വശീകരിക്കുന്നതിന്റെ സൂചനയാണിത്. "അഗസ്റ്റിനെ അലോരസപ്പെടുത്തിക്കൂട, പട്ടിപുണ്യാളൻ ഒരുപാട്പേരുടെ അഭയവും ആശ്രയവുമായി നില്ക്കട്ടെ (പേജ് 151)". പട്ടിപുണ്യാളൻ എന്നു വിളിക്കുന്ന ഫാ. അഗസ്റ്റിന്റെ ആശ്രമത്തിലെത്തുന്ന മർഗലീത്തയുടെ ചിന്തകളാണിവ.

ഫാ. അഗസ്റ്റിനിൽ ഒരു വെള്ളച്ചാട്ടത്തിന്റെ കുതിപ്പും കരുത്തും കാണുന്ന മർഗലീത്തയുടെ കണ്ണുകളിൽ നിറയുന്ന സ്വാർത്ഥതയെക്കുറിച്ച് തൊട്ടടുത്ത് തന്നെ നോവലിസ്റ്റ് അടയാളപ്പെടുത്തിയിരിക്കുന്നു. "മർഗലീത്തയുടെ കണ്ണുകളിൽ കുറെക്കൂടി സ്വാർത്ഥത നിറഞ്ഞ നോട്ടങ്ങളാണ് ഉള്ളത് (പേജ് 151)". പിന്നീട് മർഗലീത്തയോട് കരീക്കനച്ചൻ "മർഗലീത്തയുടെ വാലിന്മേൽ തൂങ്ങിയാണോ ഞാൻ ജീവിക്കേണ്ടത് (പേജ് 197) എന്ന് ചോദിക്കുമ്പോൾ "അതേ തത്ക്കാലം എന്റെ വാലിൽ തൂങ്ങിയാണ് കരീക്കൻ ജീവിക്കേണ്ടത് (പേജ് 197) എന്ന് പറയുമ്പോഴും ഈ സ്വാർത്ഥതയുടെ മിന്നലാട്ടമാണ് കാണുന്നത്.

നോവലിസ്റ്റിന്റെ പാരിസ്ഥിതികതാത്പര്യങ്ങളും ദളിത് ആഭിമുഖ്യവും സാമൂഹ്യസേവന ത്വരയും പ്രകടമാക്കുന്ന ഒരു കഥാപാത്രമാണ് ഫാ. അഗസ്റ്റിൻ എന്ന പട്ടിപുണ്യാളൻ. പ്രകൃതിയിലെ ആരാധനയും സമൂഹത്തിലെ സേവനവും ഒന്നുതന്നെ എന്നു വിശ്വസിക്കുന്ന അച്ചൻ നിരാലംബരുടെയും നിന്ദിതരുടേയും നിസ്വാർത്ഥ സഹായകനാണ്. മർഗലീത്തയ്ക്ക് അഭയം നല്കുന്ന വിശാലത്വം, ബ്രദർ മാണിക്യനെയും ചേർത്തുപിടിക്കുന്ന സാഹോദര്യഭാവം, അനാഥനായ കൈക്കുഞ്ഞിനെയും (നാണു) മാറോടണച്ചു പിടിക്കുന്ന വാത്സല്യം ഇവയൊക്കെ പട്ടിപുണ്യാളനിൽ നിറഞ്ഞുനില്ക്കുന്നു. ജീവിതസംഭവവികാസങ്ങളെ മുകളിലൂടെ നോക്കി സ്ഥിതപ്രജ്ഞനായി നില്ക്കാൻ അച്ചന് സാധിക്കുന്നുണ്ട്. ശരിയ്ക്കും ശക്തി

www.malankaralibrary.com

## സാറാ ജോസഫ്

എന്റെ എക്കാലത്തെയും ഇഷ്ടപ്രമേയമായ സ്ത്രീവിഷയമാണ് ഒതപ്പിലൂടെ ഉയർത്തികാണിക്കുന്നത്. മതത്തിന്റെ വിലക്കുകൾ ലംഘിച്ചു പുറത്തുവരുന്ന ഒരു കന്യാസ്ത്രീയാണ് ഒതപ്പിലെ കേന്ദ്രകഥാപാത്രം. മഠം ചാടിയ മാർഗലീത്ത എന്ന കന്യാസ്ത്രീ എന്നാണ് ഇവരെ അഭിസംബോധന ചെയ്യുന്നതുതന്നെ . ഈ കഥാപാത്രം ഒരുപക്ഷെ മതത്തോടോ അല്ലെങ്കിൽ മാറിയ ജീവിതസാഹചര്യത്തിലെ ദുഷിച്ച ചിന്തകളോടോ ഉള്ള കലഹമായി വിമർശിക്കപ്പെട്ടേക്കാം. മർഗലീത്ത തന്റെ ശരീരത്തോട് തന്നെ നിരന്തരം കലഹിച്ചുകൊണ്ടിരുന്നു. ഒരു കന്യാസ്ത്രീയായാലും സ്വന്തം ഉടലിനെ നിഷേധിച്ചിട്ട് എന്ത് ആത്മീയതയാണുള്ളത്, സ്വന്തം ദേഹത്തിന്റെ തടവറയി നിന്നാണ് മാർഗലീത്ത മോചിതയാകുന്നത്. മാർഗലീത്തയുടെ ഈ ചിന്തകൾമൂലം റോയ് ഫ്രാൻസീസ് കരീക്കൻ എന്ന പുരോഹിതന് തന്റെ വൈദികവൃത്തി തുടർന്നുകൊണ്ടുപോകാൻ സാധിക്കുന്നില്ല . പാപബോധം കരീക്കനെ ജീവിതത്തിൽ നിന്നുതന്നെ ആട്ടിപ്പായിക്കുകയാണ്. സ്വന്തം ഉടലിനെ തന്നെ പീഡിപ്പിച്ചുകൊണ്ടാണ് കരീക്കൻ അതിന് പ്രായശ്ചിത്തം ചെയ്യുന്നത്.

കുറ്റബോധത്തിന്റെ ഉമിയിൽ നിന്നും എരിയുന്നതുകൊണ്ട് കരീക്കനാണ് ഒതപ്പിന്റെ വിജയമെന്ന് തന്നെ പറയാം. ഇന്ന് നമ്മുടെ ആത്മീയദേവാലയങ്ങളിൽ അറിയപ്പെടാതെ പോകുന്ന നിരവധി സംഭവങ്ങളുണ്ട്. അതുകൊണ്ടുതന്നെ മാറ്റാത്തിക്കോ ആലാഹയുടെ പെൺമക്കൾക്കോ നേരിടേണ്ടി വന്നിട്ടില്ലാത്ത പ്രത്യക്ഷമായ സാമൂഹികവിമർശനം ഒതപ്പിന് നേരിടേണ്ടിവന്നു. ആത്മീയദേവാലയത്തിനകത്തെ ബുദ്ധിമുട്ടേറിയ ഒരു സംഭവം, കാലങ്ങളായി എന്റെ മനസ്സിൽ മായാതെ കിടക്കുന്ന ചിന്തകൾ അതൊക്കെയാണ് കരീക്കൻ എന്ന കഥാപാത്രത്തെ ജനിപ്പിച്ചത്. ഇന്ന് ആത്മീയദേവാലയം എന്നത് ജനങ്ങളിൽ നിന്നും അകന്നു നിൽക്കുന്ന ഒന്നായി മാറി കൊണ്ടിരിക്കുകയാണ്. ജനങ്ങളാകട്ടെ ക്രിസ്തുവിൽ നിന്നും വളരെ ദൂരെയാണ് സഞ്ചരിക്കുന്നത്. ഇത്തരം ഒരു സമൂഹത്തിൽ നിന്നാണ് ഒരാൾ പുരോഹിതനാകുന്നത്. എന്നാൽ അയാൾ സഞ്ചരിക്കുന്നത് ബുദ്ധിമുട്ടേറിയ വഴികളി ലൂടെയാണ്. പുറത്തുള്ളവർക്ക് തിരിച്ചറിയാനാകാത്ത വേദനകൾ ആ പുരോഹിതൻ അനുഭവിക്കുന്നുണ്ടാകണം. ഒത പ്പിലെ ഭീരുവായ കഥാപാത്രമായി കരീക്കൻ എത്തുന്നത് അങ്ങിനെയാണ്. എന്റെ ചിന്തകളിൽ നിന്നും ഉണ്ടായ ആശ യമാണ് കരീക്കൻ എന്ന കഥാപാത്രം.

യാർന്ന കഥാപാത്രമായി വളർത്തിക്കൊണ്ട് വന്നിട്ട് ഒടുവിൽ അജ്ഞേയതയിലേയ്ക്ക് ലയിച്ചു പോകുമ്പോൾ കുഞ്ഞിനെ മർഗലീത്തയ്ക്ക് നല്കി മടങ്ങുമ്പോൾ നോവലിസ്റ്റ് ഈ കഥാപാത്രത്തിന് നല്കുന്ന ദൗർബല്യം ഒരു നിർമ്മാണകുറ്റമായി തോന്നാം. സാധ്യതകൾ പരമാവധി വികസിപ്പിച്ച് തേജസ്ക്കരമാക്കാമായിരുന്ന പട്ടിപുണ്യാളൻ ഒരൊഴുക്കിലൂടെ ഒലിച്ചുപോയി, പിന്നൊരറിവുമില്ല.

ഇനിയും രണ്ടു പുരോഹിത കഥാപാത്രങ്ങൾകൂടി ഈ നോവലിലുണ്ട്; ദാനിയേലച്ചനും, കപ്ലോനച്ചനും. റോയ് ഫ്രാൻസിസ് കരീക്കന്റെ വികാരിയാണ് ദാനിയേലച്ചൻ. നാട്ടുകാർക്കിടയിൽ ഒരു കാർട്ടൂൺ കഥാപാത്രപരിവേഷം നല്കിയാണ് സാറാ ജോസഫ് അച്ചനെ അവതരിപ്പിക്കുന്നത്. നേർച്ച കട്ട കള്ളാ, ഓസ്തി കട്ട കള്ളാ എന്നൊക്കെ പരിഹാസത്തോടെ വിളിക്കുമ്പോൾ പുരോഹിതന്മാരുടെ കാരിക്കേച്ചർ രൂപങ്ങൾ അവതരിപ്പിക്കാൻ നോവലിസ്റ്റിനുള്ള താത്പര്യം കാണാം. പ്രസംഗങ്ങൾക്കുമുമ്പും പിമ്പും, സുറിയാനിയും ലത്തീനും ഉപയോഗിക്കുക, പ്രസംഗങ്ങളെ 'ആ'യും 'ഈ'യും കൂട്ടി വലിച്ചുനീട്ടുക തുടങ്ങിയ രീതികൾ അച്ചന്മാരെ സാമാന്യവത്ക്കരിച്ചുകൊണ്ടു പറയുന്നത് മറ്റൊരു പുരോഹിത കഥാപാത്രമായ കപ്ലോനച്ചനും ബാധകമാണ്.

യോഹന്നാൻ കശ്ശീശ കൽദായ സുറിയാനി സഭയിലെ ഗൃഹസ്ഥാശ്രമിയായ അച്ചനാണ്. വാത്സല്യത്തിന്റെയും, നന്മയുടെയും പ്രതീകമായി ചിത്രീകരിക്കുന്ന ഈ കശ്ശീശയുടെ ഗുണഗണസ്ഥിരതയ്ക്കു കാരണം ഗാർഹസ്ഥ്യമാണെന്നു വരുത്താനുള്ള നോവലിസ്റ്റിന്റെ വ്യഗ്രത പ്രകടമാണ്. തിരസ്കൃതനായ കരീക്കനച്ചന് അഭയവും ആശ്രയവുമായി നിന്നിരുന്ന കശ്ശീശയും കുടുംബവും പൗരോഹിത്യത്തിന്റെ മറ്റൊരു മേഖലയുടെ പ്രതീകങ്ങളാണ്. ■

www.malankaralibrary.com



# അബിയച്ചൻ

ഡോ. തോമസ് പാറയ്ക്കൽ

*ബസാലേൽ സമാഗമകൂടാരം നിർമ്മിക്കാൻ നിയോഗിക്കപ്പെട്ടവനാണ്. വേദപുസ്തകത്തിലെ ആ കഥാപാത്രത്തിന്റെ ആത്മഭാവം പകർന്നുനല്കിക്കൊണ്ടാണ് നോവലിസ്റ്റ് തന്റെ നായകനായ അബിയെ വൈദികവൃത്തിയിലേയ്ക്ക് നയിക്കുന്നത്. ഒരേസമയം ദൈവത്തിന്റെയും മനുഷ്യന്റെയും തോളിൽ കൈയിട്ടുനടക്കേണ്ട ഒരു പുരോഹിതന്റെ ആത്മസംഘർഷങ്ങളെക്കുറിച്ചുള്ള തത്വചിന്താപരമായ അന്വേഷണമാണ് ബസാലേൽ. നോവലിനെ ചിത്രകലയുമായി കൂട്ടിയിണക്കാനും ജീവിതത്തെ ബൈബിളിയുമായി ബന്ധിപ്പിക്കാനുമുള്ള നോവലിസ്റ്റിന്റെ പരിശ്രമം പ്രശംസാർഹമാണ്.*

*തോമസ് ജോസഫ്*

ബസാലേൽ എന്ന കൃതി ഒതപ്പ്, ആഞ്ഞൂസ് ദേയി എന്നീ നോവലുകളിൽ നിന്ന് പ്രമേയത്തിലും ശൈലിയിലും വ്യക്തിരിക്തമായി നില്ക്കുന്നു. നിഷ്ക്കളങ്കനായ അബി, ബസാലേൽ എന്ന പേരു സ്വീകരിച്ചുകൊണ്ട് വൈദികവൃത്തിയിലേയ്ക്ക് കടക്കുന്നു.

ബസാലേൽ സമാഗമകൂടാരം നിർമ്മിക്കാൻ നിയോഗിക്കപ്പെട്ടവനാണ്; ദൈവത്തിന്റെ തണലിൽ വസിക്കുന്നവനും. ദൈവത്തിന്റെയും മനുഷ്യന്റെയും തോളിൽ കൈയിട്ടു നടക്കേണ്ടവനുമാണ് പുരോഹിതൻ. അവന്റെ അനിവാര്യമായ ആത്മസംഘർഷങ്ങളെക്കുറിച്ചുള്ള തത്വചിന്താപരമായ അന്വേഷണത്തിലാണ് ബസാലേൽ. അക്ഷരങ്ങളെ സ്നേഹിക്കുന്ന ഈ യുവ പുരോഹിതൻ വ്രതബന്ധജീവിതത്തെ കത്തുകളും, സന്ദർശനങ്ങളുമായി പ്രണയാർദ്രമാക്കുന്നു. പൗരോഹിത്യത്തിന്റെ വഴികൾ ത്യജിക്കാനൊരുങ്ങുന്ന ആബേൽ, ഏലീഷാ എന്ന പുരോഹിതന്റെ അടുക്കലേയ്ക്ക് യാത്ര തിരിക്കുന്നു. സുചിന്തിതമായ തീരുമാനങ്ങളിലെത്തുവാൻ 'നാനാക്കി'ലെ പുരോഹിതരുടെ സാന്നിധ്യവും സഹവാസവും വഴിതെളിയ്ക്കുന്നു.

പുരോഹിതജീവിതത്തിന് ബലം നല്കുന്നത് അനുഭവസമ്പന്നതയും പ്രായോഗിക പരിജ്ഞാനവുമുള്ള സഹവൈദികരാണ്. ഏലീഷാ, സോളമൻ, ജോഷാ തുടങ്ങിയവർ അബിയുടെ സംഘർഷകാലുഷ്യങ്ങളിൽ വഴികാട്ടുന്ന ദീപങ്ങളാണ്. പുരോഹിതസൗഭ്രാതൃത്വത്തിന്റെ ബലമാണ് പുരോഹിതന്റെ ബലം. കൂട്ടം തെറ്റി മേയൽ അപകടത്തിലെത്തിക്കുന്നു. മനസ്സിന് കാവൽ നില്ക്കുന്ന വലിയ തണൽ മരങ്ങൾ പുരോഹിത ശ്രേണിയിലുണ്ടാവണം. ഒരതിജീവനമന്ത്രം പോലെ പുരോഹിതനുരുവിടേണ്ടത് ഇത്തരം വടവൃക്ഷങ്ങളുടെ നാമമാണ്.

വൈദികമണ്ഡലത്തിനു പുറത്തുള്ള സ്നേഹിതന്മാരും പുരോഹിതന്റെ സന്ദേഹങ്ങളിൽ കൈത്താങ്ങാണ്. എന്ത് നേടിയാലാണ് നീ ജയിക്കുന്നത്? ലോകത്തെ ജയിക്കുന്നവൻ 'യതി'യാണ്. അവനാണ് ഏറ്റവും വലിയവൻ. ലോകത്തെ ജയിക്കുവാൻ കഴിവുറ്റവനാണ് പുരോഹിതനെന്ന് അബിയെ ഓർമ്മിപ്പിക്കുന്നത്-റേച്ചലിന്റെ സ്ത്രൈണസ്വരമാണ്.

പൗരോഹിത്യത്തിന്റെ മർമ്മങ്ങൾ അബിയുടെ മുമ്പിൽ അവതരിപ്പിക്കുന്ന മറ്റൊരു കഥാപാത്രമാണ്

www.malankaralibrary.com

## ബസാലേലിലേയ്ക്കെത്താനിടയായത്

കുറെ വർഷങ്ങൾ മനസ്സിൽ കൊണ്ടുനടന്ന ചിന്തകളാണ് ബസാലേലെന്ന നോവലായി പരിണമിച്ചത്. ദൈവത്തെക്കുറിച്ച് ആളുകൾ ചിന്തിക്കുമ്പോൾ ദൈവത്തിനും മനുഷ്യർക്കുമിടയിൽ നിൽക്കുന്നവരെക്കുറിച്ച് പലപ്പോഴും ചിന്തിക്കാറില്ലെന്ന തിരിച്ചറിവ് ചില നേരങ്ങളിൽ ഒരു നൊമ്പരമായി എന്നിൽ നിറഞ്ഞു. സമർപ്പണ ജീവിതത്തിലൂടെ കടന്നു പോകുന്നവരുടെ ഇടർച്ചകളോട് സമൂഹം കാണിക്കുന്ന കാർക്കശ്യം പലപ്പോഴും സങ്കടപ്പെടുത്തിയിട്ടുമുണ്ട്. അങ്ങനെ സമർപ്പിതരുടെ, പ്രത്യേകിച്ചും പുരോഹിതരുടെ ജീവിതത്തിന്റെ ഇടനാഴികളെ സമൂഹത്തിന്റെ മുമ്പിൽ തുറന്നിടുക എന്നതായിരുന്നു നോവലെഴുതുമ്പോൾ മനസ്സിൽ.

പൊതുജനത്തിന്റെ കാഴ്ചപ്പാടിൽ സന്യാസവും പൗരോഹിത്യവുമൊക്കെ ഉന്നതമായ ദൈവവിളികളാണ്. കുടുംബജീവിതത്തിന്റെ സമർപ്പണവും വിശുദ്ധിയും അല്പം താഴെയാണെന്നും സമർപ്പിതർ കൂടുതൽ വിശുദ്ധിയുള്ളവരാണെന്നും അവർ കരുതുന്നു. അതുകൊണ്ടു തന്നെ മാനുഷികതയിൽ നിന്നും ഉയർന്ന ചിന്തകളും സംസാരവും പ്രവർത്തനങ്ങളുമാണ് ഇവരിൽ നിന്നും ലോകം പ്രതീക്ഷിക്കുന്നത്. വത്തിക്കാൻ കൗൺസിലിനു മുമ്പുണ്ടായിരുന്ന ജീവിതശൈലിയുടെ തരംഗങ്ങൾ അന്യമായിട്ടില്ലാത്ത പുരോഹിതരും സന്യസ്തരും മുതൽ അൾട്രാ മോഡേൺ ആയ പുരോഹിതരെയും സന്യസ്തരെയുമൊക്കെക്കണ്ട് ആളുകൾ പല സംശയങ്ങളും വിമർശനങ്ങളും രൂപപ്പെടുത്തുന്നു. ഈ ഒരു പശ്ചാത്തലത്തിൽ പൗരോഹിത്യത്തെക്കുറിച്ചുള്ള അല്പം തെളിഞ്ഞ ചിന്തകൾ പങ്കു വെയ്ക്കണമെന്ന് തോന്നി. സന്യാസികളും പുരോഹിതരുമൊക്കെ മാലാഖമാരല്ലെന്നും അവർ സാധാരണ മനുഷ്യരാണെന്നും സമൂഹം മനസ്സിലാക്കേണ്ടതുണ്ട്. സന്യസ്തർക്കും പുരോഹിതർക്കും തെറ്റുപറ്റാൻ പാടില്ലെന്ന ചിന്തയാണ് പൊതുവെയുള്ളത്. എന്തെങ്കിലും കുറവുകൾ അവരുടെ ഭാഗത്തു നിന്നും ഉണ്ടായാൽ ക്ഷമിക്കാൻ കഴിയാതെ പോകുന്നതും അതുകൊണ്ടാണ്.

കുടുംബജീവിതത്തിലെന്നതുപോലെ തന്നെ സന്യാസത്തിനും പൗരോഹിത്യത്തിനും അതിന്റേതായ വെല്ലുവിളികൾ ഉണ്ട് എന്ന് സാധാരണക്കാർ ചിന്തിക്കുന്നില്ല. സന്യാസ പൗരോഹിത്യ ജീവിതം പോലെ തന്നെയുള്ള സമർപ്പണജീവിതമാണ് കുടുംബജീവിതവും. കുടുംബജീവിതത്തിലെ താളപ്പിഴകളും തെറ്റുകളും മനസ്സിലാക്കപ്പെടുകയും ക്ഷമിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ സന്യാസ പൗരോഹിത്യ ജീവിതത്തിലെ കുറവുകളോടും സമാനമായ ഒരു മനോഭാവം പുലർത്താൻ സമൂഹത്തിനാവണം. നല്ല കുടുംബത്തിൽ നിന്നേ നല്ല ദൈവവിളികൾ ഉണ്ടാകൂ. പത്തോ പന്ത്രണ്ടോ വർഷം ഫോർമേഷനിലൂടെ കടന്നു പോയാലും ആത്യന്തികമായി കുടുംബത്തിൽ നിന്ന് നേടിയ ശിക്ഷണങ്ങളായിരിക്കും ജീവിതത്തിൽ ശക്തമായ അടയാളങ്ങൾ നിലനിർത്തുക. സന്യാസ ജീവിതത്തിലുള്ളവർക്ക് കുടുംബജീവിതവും കുടുംബജീവിതത്തിലുള്ളവർക്ക് സന്യാസവും അക്കരപ്പച്ചകളായി തോന്നിയേക്കാം. വിളിക്കപ്പെട്ട അവസ്ഥയിൽ വിശ്വസ്തതാപൂർവ്വം നിലനിൽക്കുക എന്നത് എല്ലാവർക്കും ഒന്നുപോലെ ശ്രമകരമാണ്. അതിന് പ്രാർത്ഥനയും ദൈവസഹായവും വേണം. അതാണ് നോവലിലൂടെ പറയാൻ ഞാൻ ഉദ്ദേശിച്ചതും.

ബസാലേലിലെ നായക കഥാപാത്രമായ അബി രൂപപ്പെടുന്നത് അനേകരുടെ പ്രതിനിധിയായാണ്. മനസ്സിൽ തട്ടി ചില വൈദിക സുഹൃത്തുക്കൾ അവരുടെ ജീവിതത്തിന്റെ സങ്കടങ്ങൾ അഴിച്ചിട്ടത് അബിയിലൂടെ പുറത്തു വരുന്നുണ്ട്. അത്തരം ഒരു സന്ദർഭം ഓർക്കുന്നു. ഒരിക്കൽ ഒരു ആശ്രമത്തിൽ വെച്ച് അവിടെ അതിഥിയായി എത്തിയ ഒരു വൈദികനെ പരിചയപ്പെടുവാനിടയായി. അദ്ദേഹത്തിന് അൻപതിനോടടുത്ത പ്രായം വരും. വലിയ ഡിഗ്രികളൊക്കെയുണ്ട്. ഒരു സായാഹ്നത്തിൽ ബാഡ്മിന്റൺ കളിക്കുന്നതിനിടെ അദ്ദേഹം പറഞ്ഞു അച്ചാ, ഞാൻ ലീവ് ചെയ്താലോ എന്നാലോചിക്കുകയാണ് . അത് മനസ്സിൽ തട്ടി. പിന്നെ പരിചയവും കേട്ടറിവുമുള്ള പലരുടെയും കഥകൾ ധ്യാനവിഷയമായി. വ്യക്തിപരമായ ജീവിതത്തിലും പല പ്രതിസന്ധികളും ഉണ്ടായിട്ടുണ്ട്. അവിടെയെല്ലാം ദൈവം കരുണയോടെ സംരക്ഷിക്കുന്നത് അനുഭവപ്പെട്ടു. ജീവിതത്തിലിടപെടുന്ന ദൈവത്തിന്റ വ്യക്തിപരമായ സ്നേഹവും സംരക്ഷണവുമാണ് ബസാലേൽ എന്ന കഥാപാത്രത്തിലേയ്ക്ക് നയിച്ചത്. പിന്നെ ദൈവശാസ്ത്രവീക്ഷണങ്ങൾ ഒരു വിശ്വാസത്തിന്റെതലത്തിലുള്ള വീക്ഷണത്തിനുവേണ്ടി കഥാതന്തുവിൽ കോർത്തിണക്കുകയായിരുന്നു.

ഫാ. ബിജു മത്തിക്കുന്നേൽ

www.malankaralibrary.com

'ഹോസിയ' എന്ന പൂർവ്വകാലസുഹൃത്ത്. "കൈയിലിരിക്കുന്ന കളിപ്പാട്ടങ്ങളുടെ മൂല്യമറിയാതെ നിറമുള്ളതും കൗതുകമുളവാക്കുന്നതുമായ എന്തിനെങ്കിലും പകരമായി ഏറ്റവും വിലപിടിച്ചതുപോലും കൈമാറുകയും അല്പം കഴിഞ്ഞ് നഷ്ടമായതിന്റെ മൂല്യം തിരിച്ചറിഞ്ഞു വിലപിക്കുകയും ചെയ്യുന്ന കൊച്ചുകുട്ടികളാണ് മനുഷ്യർ. സ്വയം അറിയുന്നവൻ ആർജ്ജിക്കുന്നതിൽ അമിത താത്പര്യം കാട്ടുകയില്ല. ജീവിതം നേട്ടങ്ങളുടെയോ ജയങ്ങളുടെയോ അല്ല, ഉപേക്ഷിക്കലുകളുടേതും പൊരുത്തപ്പെടലുകളുടേ തുമാണ്. ജീവിതത്തിന്റെ ഓരോ തിരഞ്ഞെടുപ്പിലും പരോക്ഷമായ ഒരായിരം ഉപേക്ഷിക്കലുകളുണ്ട്. ഒരു പാടെണ്ണത്തിൽ നിന്നാണ് നാം ഒന്നു തിരഞ്ഞെടുക്കേണ്ടത്. ഒന്നു തിരഞ്ഞെടുക്കുമ്പോൾ മറ്റുള്ളതെല്ലാം നാം ഉപേക്ഷിക്കുന്നു. ഉപേക്ഷിക്കുന്നവയെക്കുറിച്ചുള്ള അവബോധമാണ് തിരഞ്ഞെടുപ്പ് ശ്രേഷ്ഠമാക്കുന്നത്.''

വെളിപാടുപോലുള്ള ഈ ചിന്തകൾ അബി യുടെ സംഘർഷഭരിതമായ മനസ്സിനെ ജീവിതബലി യുടെ തിരുഅൾത്താരയിൽ എത്തിച്ചു.

നോവലിലെ ബൈബിൾ സമാന്തരമാണ് മറ്റൊരു പ്രത്യേകത. ഇത് വളരെ ബോധപൂർവ്വമായ ഒരു സന്നിവേശമാണെന്നാണ് അവതാരികയിൽ ജോസ് പനച്ചിപ്പുറം എഴുതുന്നത്. കഥാപാത്രങ്ങളുടെ പേരുകളുടെ തിരഞ്ഞെടുപ്പിൽ ഇത് പ്രകടമാണ്. "ബൈബിളിൽ ഈ കഥാപാത്രങ്ങൾ പ്രതിനിധാനം ചെയ്യുന്ന മൂല്യങ്ങളുടെയോ അവസ്ഥകളുടെയോ സമീപനങ്ങളുടെയോ പ്രതിഫലനമാണ് പേരുകളുടെ ഈ പാരസ്പര്യം കൊണ്ടു നോവലിസ്റ്റു സാധിക്കുന്നത്. ഈ സമാന്തരം ആണിപ്പഴുതുകൾ പോലെ ആഴത്തിലും വേറിട്ടും നിൽക്കണമെന്ന് നോവലിസ്റ്റ് തീർച്ചയായും ആഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഡൽഹിയിലെ ആശ്രമത്തിന്റെ പേരുപോലും നാനക്ക് എന്നാക്കിയത്. നാനക്ക്, വാഗ്ദത്തഭൂമിയായ കാനാൻ എതിർദിശയിൽ സഞ്ചരിക്കുന്നതാണ്; വാഗ്ദത്തഭൂമിയുടെ കണ്ണാടി പ്രതിബിംബം".

**ഡോ. തോമസ് പാറയ്ക്കൽ.**
മലയാളഭാഷയിൽ ഡോക്ടറേറ്റ്. പ്രബന്ധവിഷയം-മലയാളത്തിലെ രാമായണ നാടകങ്ങൾ.

**കാരുണികൻ**
എം.സി.ബി.എസ്. ഹൗസ്
കൽപക ബംഗ്ലാവ്, പെരുമാനൂർ പി. ഒ.,
തേവര,
എറണാകുളം - 682 015

Tel: 0484 - 2665233
Fax: 0484 - 2665433
E-mail : karunikan@rediffmail.com
Website : www.karunikan.com

☐ **കാരുണികൻ അയക്കുക**
☐ **കാരുണികൻ പുതുക്കുക**
☐ ഒരു വർഷത്തേക്ക് (ഇന്ത്യയിൽ 250 രൂപ)
☐ ഒരു വർഷത്തേക്ക് (വിദേശത്ത് 40 ഡോളർ)
☐ പണം മണിഓർഡറായി അയക്കുന്നു
☐ പണം ഡി.ഡി. അയക്കുന്നു
☐ സീറോമലബാർ
☐ ലത്തീൻ ☐ സീറോ മലങ്കര

പേര് : ..........................................
അഡ്രസ്സ് : ..........................................
..........................................
സബ്സ്ക്രിപ്ഷൻ നമ്പർ : .......................... പിൻ ..........
ഫോൺ : ..........................................

www.malankaralibrary.com



# നോവലുകളിലെ വൈദികർ

എ. ഡി. പോൾ

*പത്തൊൻപതാം നൂറ്റാണ്ടിലാണ് നോവൽ ഒരു സാഹിത്യശാഖയായി പടർന്നു പന്തലിച്ചത്. മനുഷ്യ ജീവിതത്തിന്റെ വൈവിധ്യമാർന്ന ജീവിതരംഗങ്ങളെല്ലാം നോവലിനു പ്രതിപാദ്യ വിഷയമായിട്ടുണ്ട്. അതിൽ ഒന്നായിരുന്നു കത്തോലിക്കാ പൗരോഹിത്യം.*

പരിശുദ്ധിയുടെയും രഹസ്യാത്മകതയുടെയും പരിവേഷം പൗരോഹിത്യത്തെ ചുറ്റിപ്പറ്റി എന്നും നിലനിന്നിരുന്നു; പ്രത്യേകിച്ചും കത്തോലിക്കാ പൗരോഹിത്യത്തിന്റെ ബ്രഹ്മചര്യരീതിക്ക് ചുറ്റും. ഒരു യുവാവ് തനിക്കു ലഭിക്കുന്ന ആന്തരികമായ വിളിക്ക് പ്രത്യുത്തരമായി സാഹസികത നിറഞ്ഞ ഒരു പുതു ജീവിതത്തിലേയ്ക്ക്-കത്തോലിക്കാപൗരോഹിത്യത്തിലേയ്ക്ക് - കടന്നുവരുന്നു. ഇതിന്റെ നിഗൂഢമായ ആദ്ധ്യാത്മിക തലങ്ങളിലേയ്ക്ക് ധാരാളം എഴുത്തുകാർ ആകർഷിക്കപ്പെട്ടിട്ടുണ്ട്. ബ്രഹ്മചര്യത്തിന്റെ ഏകാന്തത ഒരു വൈദികനെ തന്റെ അജഗണത്തോട് കൂടുതൽ കടപ്പെട്ടവനാക്കുന്നു. അതേസമയം, മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കുകയും ചെയ്യുന്നു. ഇന്ന് 'സച്ചെർദോത്തെൽ ഫിക്ഷൻ, അഥവാ വൈദിക സാഹിത്യം' എന്ന പേരിൽ യൂറോപ്യൻ സാഹിത്യത്തിൽ ഒരു കഥാസാഹിത്യ ശാഖതന്നെയുണ്ട്.

## ആദ്യകാലകൃതികൾ

ആദ്യകാല യൂറോപ്യൻ സാഹിത്യകൃതികളിൽ പുരോഹിതരുടെ സാന്നിധ്യം ധാരാളമായി ഉണ്ടായിരുന്നു. നവോത്ഥാന കാലഘട്ടത്തിനു മുൻപുള്ള സാഹിത്യകൃതികൾ മിക്കതും വൈദികഗണത്തിന്റെ സംഭാവനകളായിരുന്നു. ഈ രചനകൾ പലതും മനസ്സിനെ ആദ്ധ്യാ ത്മികമായി ഉയർത്തുന്നതിനുവേണ്ടിയുള്ളതായിരുന്നു. അതിനാൽ തന്നെ, ഇതിലെ പുരോഹിത കഥാപാത്രങ്ങൾക്ക് ഒരു വിശുദ്ധ പരിവേഷം നല്കിയിരുന്നു. പ്രാദേശിക ഭാഷകൾ വികാസം പ്രാപിച്ചതോടെ സാഹിത്യവും കൂടുതൽ മതനിരപേക്ഷമായി. അങ്ങനെ, കുറച്ചുകൂടി യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന വൈദികകഥാപാത്രങ്ങൾ നിലവിൽ വന്നു.

ജെഫ്രി ചോസറുടെ കാന്റൻബറി കഥകൾ എന്ന വിഖ്യാതകൃതിയുടെ ആമുഖത്തിൽ വിവിധങ്ങളായ കഥാപാത്രങ്ങളെ കാണുവാൻ സാധിക്കും. അവയിൽ ചിലത് മാതൃകാപരവും, മറ്റു ചിലത് തങ്ങളുടെ പൗരോഹിത്യത്തെ പരിഹാസ്യമാക്കുന്നവരുമാണ്. ഈ കഥയിലെ ഒരു കഥാപാത്രമാണ് പാർസൺ, അഥവാ വികാരി. സ്വന്തം അജഗണത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത ചോസർ വിവരിക്കുന്നത് ഇപ്രകാരമാണ്.

*മഴയോ പേമാരിയോ ആയിക്കോട്ടെ,*
*വ്യാധിയോ പാപമോ ഏതൊരവസ്ഥയുമാകട്ടെ*

www.malankaralibrary.com

*വലിയവനെന്നോ ചെറിയവനെന്നോ വ്യത്യാസം കൂടാതെ*

എത്ര ദൂരത്തായാലും കൈയ്യിൽ ഒരു ദണ്ഡു മായി അദ്ദേഹം അവരെ കാണുവാൻ പോകുമാ യിരുന്നു.

ഇതിനു നേരെ വിപരീതമാണ് 'സന്യാസി' എന്ന കഥാപാത്രം. ആത്മാക്കളുടെ രക്ഷയെക്കാളും നായാട്ടാണ് ഇദ്ദേഹത്തിനു പ്രിയം. നായാട്ടുകാർ വിശുദ്ധരായ വ്യക്തികളല്ല എന്ന ബനഡിക്ടിന്റെ പ്രമാണത്തിനും ഇദ്ദേഹം തെല്ലുവില കല്പിക്കുന്നില്ല.

## ആധുനിക കാലം

പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിനു ശേഷം വന്ന പ്രമുഖ കത്തോലിക്കാ പുരോഹിത കഥാപാത്രങ്ങൾ ഫ്രഞ്ച് സാഹിത്യത്തിന്റെ സംഭാവനയാണ്. ഇപ്രകാരമുള്ള കഥാപാത്രങ്ങളുടെ പുഷ്ക്കരകാലം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളായിരുന്നു. ഇതിനെ ഫ്രഞ്ച് കത്തോലിക്കാ സാഹിത്യ നവോത്ഥാനം എന്നു വിശേഷിപ്പിക്കാം. ഈ ശാഖയിലെ എഴുത്തുകാർ മനുഷ്യരെ ദൈവവുമായി സമ്പർക്കമുള്ളവരും, നിരന്തരമായി പാപവുമായി പൊരുതുന്നവരുമായി വിഭാവന ചെയ്തു.

ഈ ശാഖയിലെ ഒരു ശ്രദ്ധേയനായ നോവലിസ്റ്റാണ് 'ഡയറി ഓഫ് എ കൺട്രി പ്രീസ്റ്റ്'-ന്റെ കർത്താവായ ജോർജ് ബർനാനോസ്. ഈ ഗ്രന്ഥം ഫ്രഞ്ച് ബൗദ്ധികമണ്ഡലത്തിന്റെ നിരീശ്വരത്വം വെളിവാക്കുന്നു. അതോടൊപ്പം തന്നെ ക്രിസ്തുവിനു പാവങ്ങളോടുണ്ടായിരുന്ന സ്നേഹവും, ദൈവ-കേന്ദ്രീകൃതമായ ഒരു ജീവിതവും ഉൾക്കൊള്ളുന്നതിൽ പരാജയപ്പെട്ട സഭയെ ഈ ഗ്രന്ഥം തുറന്നുകാണിക്കുന്നുണ്ട്.

ഫ്രഞ്ച് കത്തോലിക്കാ നവോത്ഥാനത്തിനും മുൻപ്, കൃത്യമായി പറഞ്ഞാൽ 19-ാം നൂറ്റാണ്ടിന്റെ പകുതിയിൽ, വിക്ടർ ഹ്യൂഗോയെപോലുള്ള എഴുത്തുകാർ വൈദിക ബ്രഹ്മചര്യത്തിന്റെ അനന്യമായ സൗന്ദര്യത്തെ ആഴമായി മനസ്സിലാക്കിയവരാണ്. 'ലേ മിസാബിൾ' എന്ന നോവലിൽ ഹ്യൂഗോ ഒരു മെത്രാനെ വരച്ചുകാണിക്കുന്നുണ്ട്. സമ്പത്തെല്ലാം ഉപവിപ്രവർത്തനങ്ങൾക്കായി വിട്ടുകൊടുത്ത് ഏകസമ്പാദ്യമായ രണ്ട് വെള്ളി തിരിക്കാലുകളുമായി ദാരിദ്ര്യത്തിൽ ജീവിക്കുന്ന ഒരിടയൻ. വാടകകൊടുക്കാൻ വിഷമിക്കുന്ന ഒരു പാവപ്പെട്ട സ്ത്രീയെ സഹായിക്കുവാനായി ഈ തിരിക്കാലുകൾ വിൽക്കുന്നതിനെപ്പറ്റി അദ്ദേഹം ചിന്തിക്കുന്നുണ്ട്. സുവർണശോഭയുള്ള ഈ കഥാപാത്രത്തെ ഇംഗ്ലീഷ് സാഹിത്യലോകത്തിനു പരിചയപ്പെടുത്തികൊടുത്തത്, 'ദി ബിഷപ്സ് കാൻഡിൽ സ്റ്റിക്സ്' (The Bishop's Candle Sticks) എന്ന നാടകമാണ്.



തൂലികത്തുമ്പിലൂടെ കഥാപാത്രങ്ങൾ പിറവിയെടുക്കുമ്പോൾ, എല്ലാ വൈദികകഥാപാത്രങ്ങളും ശ്രേഷ്ഠമാകണമെന്നില്ല. ഒരുപക്ഷെ എഴുത്തുകാർ യാഥാർത്ഥ്യത്തിനു നേരെ ഒരു കണ്ണാടി പിടിക്കാൻ ശ്രമിക്കുന്നത്കൊണ്ടാകാം അത്. മുന്നിൽ വരുന്ന എന്തിന്റെയും പ്രതിബിംബം ഒരു കണ്ണാടിയിൽ കാണാമല്ലോ! വൈദിക കഥാപാത്രങ്ങളുള്ള സാഹിത്യസൃഷ്ടികൾ വായിക്കുന്നതിലൂടെ നമുക്ക് കത്തോലിക്കാ പൗരോഹിത്യത്തിന്റെ ശക്തിയും, സൗന്ദര്യവും, ഗൂഢതയും മനസ്സിലാക്കാൻ സാധിക്കും. പുസ്തക പ്രേമികളുടെ മനസ്സുകളെ ഇളക്കിമറിച്ച ചില പ്രധാന വൈദിക കഥാപാത്രങ്ങളെയും നോവലുകളെയുമാണ് ഇവിടെ പരിചയപ്പെടുത്തുന്നത്. ■

www.malankaralibrary.com

The Power and the Glory -Graham Greene

# വിസ്കിയച്ചൻ

എ. ഡി. പോൾ

*ഗ്രഹാംഗ്രീനിന്റെ "ദ് പവർ ആന്റ് ദ് ഗ്ലോറി"-യിലെ പ്രധാനകഥാപാത്രം മദ്യത്തിനും പെണ്ണിനും മുമ്പിൽ ദുർബലനായിപ്പോയ വിസ്കി അച്ചനാണ്. അദ്ദേഹം ഒരു കുഞ്ഞിന്റെ പിതാവാകേണ്ടിവന്ന പുരോഹിതനാണെങ്കിലും ഈ കക്ഷി സഭയ്ക്ക് അത്യന്താപേക്ഷിതനായി ത്തീരുന്നു. വിസ്കി അച്ചനിലൂടെ ഗ്രീൻ ദൈവികമായ തെരഞ്ഞെടുപ്പിന്റെ ശക്തിയും വെല്ലുവിളികളും വരച്ചു കാണിക്കുന്നു.*

മദ്യത്തിന് (വിസ്കി) അടിമയായ, ബ്രഹ്മചര്യം ലംഘിച്ച് ഒരു കുഞ്ഞിന് ജന്മംകൊടുത്ത ഒരു പുരോഹിതനെ നമുക്ക് സങ്കല്പിക്കാൻ സാധിക്കുമോ?

ഇങ്ങനെയുള്ള ഒരു വൈദികനിലൂടെ തന്റെ ശക്തിയും മഹത്വവും വെളിപ്പെടുത്തി അയാൾക്ക് രക്തസാക്ഷിത്വത്തിന്റെ കിരീടം നല്കാൻ ദൈവത്തിന് സാധിക്കുമെങ്കിൽ എന്തുകൊണ്ട് പാപികളായ നമ്മിൽ ദൈവത്തിനു പ്രവർത്തിച്ചുകൂടാ? ദൈവത്തിന്റെ ശക്തിയും മഹത്വവും വെളിവാകുന്നത് അതിനായി തിരഞ്ഞെടുക്കപ്പെട്ട ബലഹീനരിലൂടെയാണ്. ഇതുതന്നെയാണ് ഗ്രഹാം ഗ്രീനിന്റെ "ദ് പവർ ആന്റ് ദ് ഗ്ലോറി" എന്ന നോവലിന്റെ പ്രതിപാദ്യ വിഷയം. പൗരോഹിത്യത്തിന്റെ വെല്ലുവിളികളും സങ്കീർണ്ണതകളും, അവസരങ്ങളും ഗ്രീൻ അവതരിപ്പിച്ചതുപോലെ മറ്റാരും അവതരിപ്പിച്ചിട്ടില്ല.

മദ്യത്തിനും ശരീരതൃഷ്ണയ്ക്കും അടിമയായി പാപത്തിൽ നിപതിച്ച ഒരു വൈദികന്റെ കഥയാണ് "ദ് പവർ ആന്റ് ദ് ഗ്ലോറി". സദാ മദ്യത്തിൽ മുങ്ങി ജീവിക്കുന്ന, ഒരു കുഞ്ഞിന്റെ പിതാവുമായ, ഒരു നിപതിച്ച പുരോഹിതനാണെങ്കിലും, ഈ കക്ഷി സഭയ്ക്ക് അത്യന്താപേക്ഷിതമായി തീരുന്നു.

ഈ നോവലിലെ സംഭവങ്ങൾ നടക്കുന്നത് -1930 കളിൽ മെക്സിക്കോയിലെ തബാസ്കോ മേഖല യിലാണ്. മാർക്സിസ്റ്റ് ആഭ്യന്തര യുദ്ധം കൊടുമ്പിരി കൊണ്ടിരിക്കുന്ന അവസരത്തിൽ, റെഡ്ഷർട്ട്സ് എന്ന റിയപ്പെടുന്ന കമ്യൂണിസ്റ്റു പട്ടാളക്കാർ കത്തോലിക്കാ പുരോഹിതരേയും മതത്തേയും തബാസ്കോയിൽ നിരോധിക്കുന്നു. ഒട്ടനവധി വൈദികർ അവിടം വിട്ടപ്പോൾ പാദ്രേ ജോസിനെപ്പോലുയുള്ള ചില വൈദികർ ഗവൺമെന്റ് പെൻഷൻ ലഭിക്കുവാനും അറസ്റ്റ് ഒഴിവാക്കാനുമായി വിവാഹിതരായി.

ഈ ഭീകരാന്തരീക്ഷത്തിൽ കൂദാശകൾ പരികർമ്മം ചെയ്യുന്ന ഏക വൈദികൻ വിസ്കി അച്ചനാണ്. താൻ പാപിയും അയോഗ്യനുമാണെങ്കിലും ദൈവവേല ചെ

www.malankaralibrary.com

## 'ദ പവർ ആന്റ് ദ് ഗ്ലോറി'

"എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും അങ്ങയുടേതാകുന്നു, ആമ്മേൻ". ഇങ്ങനെയാണ് സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന അവസാനിക്കുന്നത്. അതിൽ നിന്നാണ് ഗ്രഹാം ഗ്രീൻ 'ദ പവർ ആന്റ് ദ് ഗ്ലോറി' (ശക്തിയും മഹത്വവും) എന്ന് തന്റെ നോവലിന് ടൈറ്റിൽ സ്വീകരിച്ചിരിക്കുന്നത്.

ടൈം മാസിക 2005 ൽ തിരഞ്ഞെടുത്ത 100 നല്ല നോവലുകളുടെ പട്ടികയിൽപ്പെട്ടതാണ് ഈ നോവൽ. 1930–കളിലെ മെക്സിക്കോയിലെ റ്റബാസ്കാ സംസ്ഥാനമാണ് നോവലിന്റെ പശ്ചാത്തലം. കത്തോലിക്കാ സഭയ്ക്കെതിരെ സോഷ്യലിസ്റ്റ് ഭരണകൂടം നടത്തിയ മതപീഢനം അതിരൂക്ഷമായിരുന്നു. പള്ളികൾ അടച്ചുപൂട്ടുന്നതിലും പുരോഹിതരെ വിവാഹം കഴിപ്പിക്കുന്നതിലും സർക്കാർ വലിയതോതിൽ വിജയിച്ചുകൊണ്ടിരുന്നു. കത്തോലിക്കാ മതം വിലക്കപ്പെട്ടു.

ഈ പശ്ചാത്തലത്തിലാണ് കഥാനായകനായ വിസ്കി അച്ചൻ (Whisky Priest) രംഗപ്രവേശം ചെയ്യുന്നത്. നോവലിൽ ഒരിടത്തും അദ്ദേഹത്തിന്റെ പേരുപറയുന്നില്ല. അതുപോലെ തന്നെ പ്രതികഥാപാത്രത്തിനും പേരില്ല. പട്ടാള മേധാവിയെന്ന നിലയിൽ ലെഫ്റ്റനന്റ് (Lieutenant) എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്.

വിസ്കി അച്ചന് രണ്ട് സമരമുഖങ്ങളാണുള്ളത്. ഒരു വശത്ത് സ്വന്തം സ്വഭാവത്തോടും, സ്വന്തം ഭൂതകാലത്തോടും യുദ്ധം ചെയ്യുന്നു. മറുവശത്ത് മതപീഢനം നടത്തുന്ന കമ്മ്യൂണിസ്റ്റ് പട്ടാളഭരണത്തോടും. ലഫ്റ്റനന്റിന്റെ ലക്ഷ്യം പുരോഹിതരെ രാജ്യത്തു നിന്ന് തുടച്ചുനീക്കുക എന്നതാണ്. അദ്ദേഹത്തിന്റെ ചിന്തയിൽ സഭ അഴിമതി നിറഞ്ഞതാണ്. എല്ലാ പുരോഹിതരും, അടിസ്ഥാനപരമായി തിന്മ നിറഞ്ഞവരാണ്. പരലോകത്തെക്കുറിച്ച് പറഞ്ഞു വ്യാമോഹിപ്പിച്ച് വിശ്വാസികളെ കബളിപ്പിക്കുകയാണ് അവർ ചെയ്യുന്നത്. അതിനാൽ സഭയേയും പുരോഹിതരേയും തുടച്ചുനീക്കുന്നതിലൂടെ മാത്രമേ ജനത്തെ രക്ഷിക്കാനാവൂ.

വിസ്കിയച്ചനും ലഫ്റ്റനന്റും തമ്മിലുള്ള സമരത്തിൽ വിസ്കിയച്ചനെ അദ്ദേഹം ചതിയിൽ കുടുക്കുന്നു. വിസ്കിയച്ചനെ വെടിവച്ചു കൊല്ലുന്നു. അങ്ങനെ രാജ്യത്തു നിന്നു മുഴുവൻ പുരോഹിതരെയും തുടച്ചുനീക്കിയെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അപ്പോഴാണ് അവസാനരംഗത്ത് മറ്റൊരു പുരോഹിതൻ പട്ടണത്തിലെത്തുന്നത്!

യ്യേണ്ടവനാണെന്നുള്ള ബോധ്യം അച്ചനുണ്ട്. കാരണം അവിടെ വേറൊരു വൈദികനില്ല. ഈ ഉത്തമബോധ്യം വിസ്കി അച്ചനെ ഗ്രാമങ്ങൾതോറും രഹസ്യമായി സഞ്ചരിച്ച് മാമ്മോദീസകൾ നല്കാനും, കുമ്പസാരം കേൾക്കുവാനും, വിവാഹങ്ങൾ ആശീർവ്വദിക്കുവാനും പ്രേരിപ്പിക്കുന്നു. കണ്ടുപിടിച്ചാൽ, മരണം സുനിശ്ചിതം. വിസ്കി അച്ചനെ പിടിക്കാൻ ഒരു ഇൻസ്പെക്ടർ പുറകേയുണ്ട്. ഒടുക്കം തന്ത്രപൂർവ്വം അയാൾ അച്ചനെ കുടുക്കുന്നു. പോലീസിന്റെ വെടിയേറ്റു കിടക്കുന്ന ഒരു കുറ്റവാളിക്ക് അന്ത്യകൂദാശ നല്കണമെന്നാവശ്യപ്പെട്ട് അയാൾ അച്ചനെ കുടുക്കുന്നു.

തന്നെ വെടിവച്ചുകൊല്ലുവാൻ തയ്യാറായി നില്ക്കുന്ന ഫയറിങ് സ്ക്വാഡിനടുത്തേയ്ക്ക് നീങ്ങുമ്പോൾ താനൊരു രക്തസാക്ഷിയാകുവാൻ പോകുകയാണെന്നോർത്ത് വിസ്കി അച്ചന് രസം തോന്നുന്നുണ്ട്. പട്ടാളക്കാർ തോക്കുമായി തയ്യാറെടുത്തു നിൽക്കുമ്പോൾ അച്ചന്റെ മനസ്സിൽ കുറ്റബോധം തികട്ടി വരുന്നുണ്ട്, അതോടൊപ്പം നിത്യശിക്ഷ ഓർത്തുള്ള ഭയവും. പൗരോഹിത്യത്തിന് താൻ ഏല്പിച്ച കളങ്കം, തന്റെ നികൃഷ്ടമായ ജീവിതം, ഇവയെല്ലാം അദ്ദേഹത്തിന്റെ മനസ്സിനെ ഉലയ്ക്കുന്നുണ്ട്. രക്തസാക്ഷികൾ തന്നെപ്പോലെയല്ല, അവർ വിശുദ്ധരായിരുന്നു എന്ന ബോധ്യം വിസ്കി അച്ചനുണ്ടാകുന്നു. ദേവാലയത്തിൽ അനുതാപത്തോടെ നിലവിളിക്കുന്ന ചുങ്കക്കാരനെപ്പോലെ അച്ചൻ വെടിയേറ്റ് മരിക്കുന്നതിന് തൊട്ടുമുൻപായി തന്റെ പാപാവസ്ഥയോർത്ത് പ്രാർത്ഥിക്കുന്നു.

ഹൃദയത്തിൽ ബുള്ളറ്റുകൾ തുളഞ്ഞുകയറി വിസ്കി അച്ചൻ മരിച്ചു വീഴുന്നു. പിന്നീട് രംഗം മാറുമ്പോൾ ആ പ്രദേശത്തേയ്ക്ക് രഹസ്യമായി യുവവൈദികൻ കടന്നുവരുന്നു. ഗ്രീനിന്റെ വിശ്വാസമനുസരിച്ച്

www.malankaralibrary.com

### ഗ്രഹാംഗ്രീൻ (1904–1991)

ഇംഗ്ലണ്ടിലെ ബർക്ക്ഹാംസ്റ്റഡിലായിരുന്നു ഗ്രഹാംഗ്രീൻ ജനിച്ചത്; 1904 ൽ. ചരിത്രപഠനത്തിനു ശേഷം പത്രപ്രവർത്തകനായി ജോലി തുടങ്ങി. പിന്നീട് അദ്ദേഹത്തിന്റെ ഭാര്യയായിത്തീർന്ന വിവിയൻ ഡേറൽ–ബ്രൗണിങ്ങുമായുള്ള പ്രണയംമൂലം അദ്ദേഹം 1926–ൽ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു.

ആദ്യനോവൽ 'ദ് മാൻ വിതിൻ' (The Man Within) ആയിരുന്നു. അത് വിജയിച്ചതോടെ അദ്ദേഹം നോവൽ രചനയിലേയ്ക്ക് പൂർണ്ണമായി പിന്തിരിഞ്ഞു. സഞ്ചാരപ്രിയനായിരുന്ന ഗ്രീൻ 1938–ൽ മെക്സിക്കോയിൽ നടത്തിയ പര്യടനം നിർണ്ണായകമായി. അവിടെ നിലവിലിരുന്ന മതപീഡനം അദ്ദേഹത്തെ ഞെട്ടിച്ചു. അങ്ങനെയാണ് 'ദ പവർ ആന്റ് ഗ്ലോറി'യുടെ പശ്ചാത്തലമൊരുങ്ങിയത്. സംഘർഷഭരിതമായ പ്രദേശങ്ങളും യുദ്ധഭൂമികളും സന്ദർശിച്ച് തന്റെ നോവലുകൾക്കുള്ള വിഷയം ശേഖരിക്കുക അദ്ദേഹത്തിന്റെ രീതിയായിരുന്നു. അങ്ങനെയാണ് വിയറ്റ്നാമും, കെനിയയും, പോളണ്ടും, ക്യൂബയും, ഹെയ്ത്തിയും അദ്ദേഹം സന്ദർശിച്ചത്. 1999–ൽ സ്വിറ്റ്സർലണ്ടിൽവച്ച് അദ്ദേഹം മരിച്ചു.

ദൈവത്തിന്റെ പുരോഹിതർ എല്ലായിപ്പോഴും ഉണ്ടാകും. അവരിൽ ചിലർ പാരമ്പര്യ പ്രകാരമുള്ള ആദർശ വ്യക്തികളാകണമെന്നില്ല.

ഗ്രീനിന്റെ പുരോഹിതൻ വിശ്വാസം നഷ്ടപ്പെട്ടതിനാൽ വൈദികവസ്ത്രം ഉപേക്ഷിച്ച ഒരു വിശ്വാസഘാതകനല്ല. മറിച്ച് അദ്ദേഹം ദൈവകാരുണ്യത്തിൽ ഉറച്ച് വിശ്വസിക്കുന്നുണ്ട്. വൈദിക പട്ടത്തിന്റെ അർത്ഥവും അതുനൽകുന്ന ശക്തിയും ഗ്രീനിന്റെ പുരോഹിതന് നന്നായി അറിയാം. ആ ശക്തി ഉപയോഗിച്ച് 'ഇത് എന്റെ ശരീരമാകുന്നു' എന്ന് ഉച്ചരിക്കുമ്പോൾ ഓസ്തി ക്രിസ്തുവിന്റെ ശരീരമായിമാറുന്നു.

കുമ്പസാരത്തിലൂടെ പാപപൊറുതി കൊടുക്കാമെന്നും അതുവഴി ഒരു വ്യക്തിയെ ദൈവകൃപയിലേക്ക് ആനയിക്കാമെന്നും അച്ചൻ വിശ്വസിക്കുന്നുണ്ട്. അങ്ങിനെ ബലഹീനനായിട്ടുംകൂടി വിസ്ക്കി അച്ചൻ കൂദാശകൾ നൽകുവാനുള്ള ഏകസ്രോതസ്സായി ആ പ്രദേശത്ത് സധൈര്യം നിലകൊള്ളുന്നു. മെക്സിക്കോയിലെ ഉൾനാടൻ പ്രദേശങ്ങളിലെ ഓരോ ഇടവകയും ഇദ്ദേഹം സന്ദർശിക്കുന്നു. വർഷങ്ങളായി ഒരു വൈദികൻപോലും കടന്നുവരാത്ത ഇടവകകളിലെ ദേവാലയമാകുന്ന ചെറിയ കൂരകളിൽ ഈ പുരോഹിതൻ മരണഭയത്തെ അതിജീവിച്ച് വിവാഹങ്ങൾ ആശീർവദിക്കുകയും കുമ്പസാരങ്ങൾ കേൾക്കുകയും കുട്ടികൾക്ക് മാമോദീസ നൽകുകയും ചെയ്യുന്നു.

വിസ്ക്കി അച്ചൻ ചിലപ്പോഴൊക്കെ തന്റെ സെമിനാരി ജീവിതവും ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുക എന്ന നിഷ്കളങ്കമായ ആശയവും ഓർക്കാറുണ്ട്. സെമിനാരിയിലെ സ്വച്ഛമായ ജീവിതത്തിനിടയ്ക്ക് ഒരിക്കൽപോലും പൗരോഹിത്യത്തിന്റെ വെല്ലുവിളികളെപറ്റി അദ്ദേഹം ഓർത്തിരുന്നില്ല. മാത്രവുമല്ല ഒരു അഭയാർത്ഥിയെപ്പോലെ മെക്സിക്കോയുടെ അറിയപ്പെടാത്ത പ്രദേശങ്ങളിൽ സഞ്ചരിക്കേണ്ടി വരുമെന്നും വിസ്ക്കിഅച്ചൻ ഓർത്തിരുന്നില്ല. ഒരിക്കൽ ഒറ്റയ്ക്ക് സഞ്ചരിക്കുമ്പോൾ അച്ചൻ ഇപ്രകാരം ചിന്തിക്കുന്നു: 'ആത്മാക്കളെ രക്ഷിക്കേണ്ട വ്യക്തിയാണ് താൻ. അത് വളരെ എളുപ്പമുള്ള ഒരു കാര്യമായി ഒരിക്കൽ തോന്നിയിരുന്നു... കാശ് സ്വരുക്കൂട്ടി വയ്ക്കുന്നതുപോലെ. ഇപ്പോഴാകട്ടെ അതൊരു വലിയ രഹസ്യമാണ്'.

ഗ്രീനിന്റെ പുരോഹിതനെ നായക ഗുണങ്ങൾ ഒട്ടുമില്ലാത്ത ഒരു ആന്റീ ഹീറോആയി പലരും കണക്കാക്കാറുണ്ട്. ദൈവത്തിന്റെ കരങ്ങളിൽ അകപ്പെട്ട ഒരുവനായി വിസ്ക്കി അച്ചൻ തന്നെത്തന്നെ കാണുന്നു. ദൈവത്താൽ പിടിക്കപ്പെടുന്നത് ഭയങ്കരമായ ഒന്നാണ്. ദൈവം ഒരുവ്യക്തിയെ തിരഞ്ഞെടുക്കുന്നത് അവന്റെകഴിവു നോക്കിയിട്ടല്ല. വിസ്ക്കി അച്ചനിലൂടെ ഗ്രീൻ ദൈവികമായ തിരഞ്ഞെടുപ്പിന്റെ ശക്തിയും വെല്ലുവിളികളും വരച്ചുകാണിക്കുന്നു. യാതൊരു ലാഭേച്ഛയും കൂടാതെ ഈ കയ്പ്പുള്ള പാനപാത്രത്തിൽ നിന്നും കുടിക്കുവാനുള്ള ക്ഷണമാണ് അത്. മെക്സിക്കോയിലെ ഒരു കുഗ്രാമത്തിൽ വിസ്ക്കി അച്ചന്റെ ജീവിതം എരിഞ്ഞടങ്ങുന്നു... പേരിന് പോലും ഒരു വിചാരണ കൂടാതെ, ഒരാളും ന്യായീകരിക്കുവാനും കണ്ണുനീർ വാർക്കുവാനും ഇല്ലാതെ, ഒരു മരക്കുരിശുപോലും വയ്ക്കാത്ത കുഴിയിൽ അച്ചൻ അടക്കപ്പെടുന്നു.

**എ. ഡി. പോൾ.**
ഭാരതമാതാ കോളേജിൽ 28 വർഷം ഇംഗ്ലീഷ് പ്രൊഫസർ. ഇപ്പോൾ Academic Director, Universal Students Services Australia

www.malankaralibrary.com



# സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ

എ. ഡി. പോൾ

*എ. ജെ. ക്രോണിന്റെ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ (The Keys of the Kingdom) വൈദികജീവിതത്തിന്റെ ഒരു പരിച്ഛേദമായി ഇന്നും പാശ്ചാത്യ സാഹിത്യത്തിൽ ഉയർന്നു നില്ക്കുന്നു. ഇതിലെ പ്രധാന കഥാപാത്രമായ ഫാ. ചിസോം സഭയുടെ യാഥാസ്ഥിതിക വിശ്വാസങ്ങളുമായി ഏറ്റുമുട്ടുന്നു. സാന്മാർഗ്ഗിക ദൈവശാസ്ത്ര ക്ലാസ്സുകളിൽ പഠിച്ച മധ്യമാർഗ്ഗം പിന്തുടരാതെ കടുത്ത ഏകാന്തതയിലും അടിയുറച്ച ദൈവവിശ്വാസം അദ്ദേഹത്തെ മുന്നോട്ട് പോകാൻ പ്രേരിപ്പിക്കുന്നു. ഫാ. ചിസോമിനെപ്പോലുള്ളവരുടെ കൈകളിലാണ് 'സ്വർഗ്ഗരാ ജ്യത്തിന്റെ താക്കോൽ'*

സ്വർഗ്ഗത്തിന്റെ താക്കോൽ പത്രോസിന്റെ ബലഹീനമായ കരങ്ങളിലാണ് ഏല്പിച്ചുകൊടുത്തത്. വിശ്വാസത്തിൽ ചഞ്ചലൻ, നാഥനെ നിർണ്ണായക നിമിഷത്തിൽ തള്ളിപറഞ്ഞവൻ, വിവേകരഹിതൻ ഇവയെല്ലാം ആയിരുന്നു പത്രോസ്. എന്നിട്ടും സ്വർഗ്ഗത്തിന്റെ താക്കോൽ ആ കരങ്ങളിൽ സുരക്ഷിതമായിരുന്നു.

'ദ് കീസ് ഓഫ് ദ് കിങ്ഡം' (The keys of the kingdom) എന്ന നോവലിൽ എ. ജെ. ക്രോണിൻ അവതരിപ്പിക്കുന്ന മുഖ്യകഥാ പാത്രമാണ് ഫാ. ചിസോം. ധൂർത്തിനോടടുത്ത ദാനശീലം, പൂർണ്ണമായ പ്രതിബദ്ധത ഇതൊക്കെ അദ്ദേഹത്തിന്റെ പ്രത്യേകതകളാണ്. സ്വന്തം ഇടവകയോടും അജഗണത്തോടുമുള്ള അതിയായ അഭിനിവേശം മൂലം അദ്ദേഹം രൂപതാകാര്യാലയത്തിന് ഒരു തലവേദനയാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിനു മുൻപുള്ള കാലഘട്ടത്തിലാണ് കഥ നടക്കുന്നത്. സൂനഹദോസിനു മുൻപുള്ള തിരുസ്സഭയുടെ മഹത്വം ഫാ. ഫ്രാൻസിസ് ചിസോമിനെ പോലെയുള്ള പുരോഹിതന്മാരായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ പരുക്കനായ സ്കോട്ടിഷ് മലമ്പ്രദേശത്ത് കത്തോലിക്കാ-പ്രൊട്ടസ്റ്റന്റ് വൈരത്തിനിടയ്ക്ക് ജനിച്ചുവളർന്ന ഫാ. ചിസോമിന് കൂട്ടായിരുന്നത് ദുരന്തങ്ങളായിരുന്നു. മാതാപിതാക്കൾ സഭാവിരുദ്ധരുടെ കൈകളാൽ കൊല്ലപ്പെട്ടു, സ്നേഹിച്ച പെൺകുട്ടി ആത്മഹത്യ ചെയ്തു. നൈരാശ്യത്തിലേയ്ക്ക് ആണ്ടുപോകുന്നതിനു പകരം അദ്ദേഹം വെല്ലുവിളികൾ നിറഞ്ഞ കത്തോലിക്കാപൗരോഹിത്യത്തിന്റെ പാത തിരഞ്ഞെടുത്ത് ചൈനയിലേയ്ക്ക് യാത്രയായി.

ചട്ടങ്ങൾക്കുള്ളിൽ തളയ്ക്കപ്പെട്ട്, ക്രൈസ്തവ സ്നേഹമെന്ന മൂല്യത്തെ പരിത്യജിച്ച സഭയെ ക്രോണിന്റെ നോവൽ കുറ്റപ്പെടുത്തുന്നുണ്ട്. ക്രിസ്തുവിനോടു താദാത്മ്യം പ്രാപിച്ച ചിസോമിനെപ്പോലെയുള്ള പുരോഹിതന്മാരെയും ഇതേ സഭ ലോകത്തിനു നല്കിയിട്ടുണ്ട്. അസാധാരണമാം വിധം ക്രിസ്തുവിനോട് താദാത്മ്യം പ്രകടമാക്കിയ ചിസോം അധികാരികൾക്ക് വിഡ്ഢിയും ഭ്രാന്തനുമായി മാറുന്നു. ക്രോണിന്റെ നോവൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ

www.malankaralibrary.com



എഴുതിയതാണെങ്കിലും നായകൻ രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം മുഖചരായ മാറിയ സഭയുടെ എല്ലാ ലക്ഷണങ്ങളും പ്രകടിപ്പിക്കുന്നുണ്ട്. ഈ നോവലിന്റെ അതിശയകരമായ ആധുനികഭാവം ക്രോണിനെ ഒരു പ്രവാചക പരിവേഷമുള്ള എഴുത്തുകാരനാക്കുന്നു.

മേലധികാരികളും സഹവൈദികരും, അജഗണങ്ങളിൽ വലിയൊരു ഭാഗവും ചിസോമിന്റെ തീക്ഷ്ണത മനസ്സിലാക്കാത്തതിനാൽ ഈ പുരോഹിതന് തന്റെ പ്രേക്ഷിതത്വത്തിൽ ധാരാളം തടസ്സങ്ങളും വിഷമതകളും നേരിടേണ്ടി വരുന്നു. ക്രിസ്തുവിനോടുള്ള സ്നേഹത്താൽ വിഴുങ്ങപ്പെട്ട ചിസോം മുന്നും പിന്നും നോക്കാതെ ദാനധർമ്മങ്ങൾ ചെയ്യുന്നു. സന്മാർഗ്ഗിക ദൈവശാസ്ത്ര ക്ലാസ്സുകളിൽ പഠിച്ച മധ്യമാർഗ്ഗം അദ്ദേഹം പിന്തുടർന്നില്ല. കടുത്ത ഏകാന്തതയിലും അടിയുറച്ച ദൈവവിശ്വാസമായിരുന്നു ചിസോമിനെ മുന്നോട്ട് പോകാൻ പ്രേരിപ്പിച്ചത്.

ചൈനയിൽ മിഷനറിയായിരുന്നപ്പോൾ ഡോ. ടള്ളക് എന്ന മരണാസന്നനായ ആജ്ഞേയ വാദിയെ ക്രൈസ്തവവിശ്വാസത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുവരാൻ ചിസോം വലിയ ഉത്സാഹം കാണിച്ചില്ല. ഈ സംഭവം ഒരു ചെറിയ വിവാദം സൃഷ്ടിക്കുകയും ചെയ്തു. മരിക്കാറായ ആ ഡോക്ടർ ചിസോമിനോട് "നിർബന്ധിച്ചും ഭീഷണിപ്പെടുത്തിയും സ്വർഗ്ഗത്തിലേയ്ക്ക് കൂട്ടിക്കൊണ്ട് പോകാത്തതിൽ" നന്ദി പറയുന്നുണ്ട്. ഒരു തരത്തിൽ ഫാ. ചിസോമിന്റെ ദൈവശാസ്ത്രം നേട്ടങ്ങൾ കൊയ്യുന്നവയായിരുന്നില്ല; ഒരു

### എ. ജെ. ക്രോണിൻ (1896–1981)

സ്കോട്ട്ലണ്ടിലെ കർദ്രോസിലാണ് ക്രോണിൻ ജനിച്ചത്, 1896–ൽ. പിതാവ് കത്തോലിക്കനായിരുന്നു. അമ്മ പ്രൊട്ടസ്റ്റന്റു വിശ്വാസിയും. അതിമിടുക്കനായ വിദ്യാർത്ഥിയായിരുന്ന ക്രോണിൻ ഗ്ലാസ്കോ യൂണിവേഴ്സിറ്റിയിൽ മെഡിസിൻ പഠിക്കാൻ ചേരുകയും ഡോക്ടറായി ത്തീരുകയും ചെയ്തു.

ഇതിനിടയിൽ രോഗിയായിത്തീർന്ന ക്രോണിൻ വിശ്രമിക്കുന്നതിനിടയ്ക്കാണ് ഹാറ്റേഴ്സ് കാസിൽ (Hatter's Castle) എന്ന ആദ്യ നോവൽ എഴുതുന്നത്. അത് വൻ വിജയമായതോടെ വൈദ്യവൃത്തി ഉപേക്ഷിച്ച് അദ്ദേഹം മുഴുസമയ എഴുത്തുകാരനായി.

1930–കളിൽ അദ്ദേഹവും കുടുംബവും അമേരിക്കയിലേയ്ക്ക് താമസം മാറ്റി. പിന്നീട് അദ്ദേഹം സ്വിറ്റ്സർലണ്ടിൽ സ്ഥിരതാമസമാക്കി. 1981–ൽ സ്വിറ്റ്സർലണ്ടിൽ വച്ചാണ് അദ്ദേഹത്തിന്റെ അന്ത്യം.

www.malankaralibrary.com

## സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ

ഫ്രാൻസിസ് ചിസോം ആണ് ഈ നോവലിലെ മുഖ്യ കഥാപാത്രം. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും തമ്മിലുള്ള വൈരം നിറയുന്ന സ്കോട്ട്ലണ്ടിലാണ് ചിസോം




ജനിക്കുന്നത്. ചെറുപ്പത്തിലെ തന്നെ അവൻ അനാഥനാകുന്നു. ഒരു കത്തോലിക്കാ വിരുദ്ധ ലഹളയിലാണ് ചിസോമിന്റെ മാതാപിതാക്കൾ കൊല്ലപ്പെടുന്നത്. തുടർന്ന് ചിസോമിന്റെ കാമുകിയായ പെൺകുട്ടി ആത്മഹത്യ ചെയ്യുന്നു.

ജീവിതത്തിലെ പ്രതിസന്ധികളെ ധൈര്യപൂർവ്വം നേരിടുന്ന ചിസോം കത്തോലിക്കാ പുരോഹിതനാകുന്നു. എന്നിട്ട് ചൈനയിലേയ്ക്ക് മിഷനറിയായി പോകുന്നു. ചിസോമിന്റെ ചൈനയിലെ മിഷൻ ജീവിതത്തിലെ സാഹസികതകളാണ് നോവലിന്റെ ഭൂരിഭാഗവും. എന്നാലും നോവലിൽ നിറഞ്ഞുനില്ക്കുന്നത് ഫ്രാൻസിസ് ചിസോമിന്റെ വ്യക്തിത്വമാണ്. എളിമയും, സമർപ്പണബുദ്ധിയും, നിസ്വാർത്ഥതയും നിറഞ്ഞ വൈദികനാണ് ചിസോം.

ഇതിന് നേരെ വിപരീതമാണ് ഔദ്യോഗികസഭയുടെ നേതൃശ്രേണി. ക്രൈസ്തവ പുണ്യങ്ങളുടെ അപചയത്തിന് ഉദാഹരണമാണ് ഈ ഔദ്യോഗികസഭയുടെ പല തലങ്ങളും. ഒരു തരത്തിൽ ചിസോം പ്രതിനിധാനം ചെയ്യുന്ന പൗരോഹിത്യവും അതിന്റെ വിപരീതസമസ്യയും തമ്മിലുള്ള സംഘർഷമാണ് നോവലിന്റെ പ്രമേയം തന്നെ. ആരുടെ കൈയിലാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ സുരക്ഷിതമായിരിക്കുന്നത്?

ആത്മാവിനെക്കൂടി സ്വർഗ്ഗത്തിലേയ്ക്കാനയിക്കുവാനുള്ള അവസരം അദ്ദേഹം മനഃപൂർവ്വം നഷ്ടപ്പെടുത്തി. വത്തിക്കാൻ സൂനഹദോസിനുശേഷമുള്ള സഭയുടെ ചില സ്വാധീനങ്ങൾ ഇദ്ദേഹത്തിൽ കാണാനാവും.

നോവലിലെ മറ്റൊരു കഥാപാത്രമായ മദർ മരിയ വെറോനിക്ക എന്ന കന്യാസ്ത്രീക്ക് ആ സംഭവം ഒട്ടും ഇഷ്ടപ്പെട്ടില്ല. ആജ്ഞേയവാദിയായ ഡോക്ടറുടെ ആത്മാവിനെ രക്ഷിക്കാൻ ശ്രമിക്കാത്തതിന് അവർ ചിസോം അച്ചനെ കുറ്റപ്പെടുത്തുന്നു. തീക്ഷണതയുള്ള കന്യാസ്ത്രീയോട് അച്ചൻ ഇപ്രകാരം പറയുന്നു; "നമ്മുടെ വിശ്വാസത്തെ മാത്രം അടിസ്ഥാനമാക്കിയല്ല ദൈവം നമ്മളെ വിധിക്കുന്നത്. മറിച്ച്, നാം എന്തുചെയ്യുന്നു എന്നതുകൂടെ കണക്കിലെടുത്താണ്". കത്തോലിക്കാ യാഥാസ്ഥിതികതയും ഇടയന്റെ പൈതൃകസ്നേഹവും തമ്മിലുള്ള സംഘട്ടനമാണ് ഈ സംഭവം വെളിവാക്കുന്നത്.

മറ്റുപല എഴുത്തുകാരും ചെയ്യുന്നതുപോലെ വ്യത്യസ്തങ്ങളായ രണ്ടു കഥാപാത്രങ്ങളെ ക്രോണിൻ എടുത്തുകാണിക്കുന്നുണ്ട്. ഇപ്രകാരം ഒരു കഥാപാത്രത്തിലൂടെ എതിർകക്ഷിയുടെ സ്വഭാവസവിശേഷതകൾ കൂടുതൽ വെളിപ്പെടുന്നു. "ഒന്നുകിൽ ഇങ്ങനെ ചെയ്യുക അല്ലെങ്കിൽ നശിക്കുക" (Do this or be damned) എന്ന മനോഭാവം അക്കാലത്ത് പല പുരോഹിതന്മാർക്കും ഉണ്ടായിരുന്നു. ചിസോമിന് ബദലായി ക്രോണിൻ കൊണ്ടുവരുന്ന ഫാ. കീസറിനും ഇതേ മനോഭാവമായിരുന്നു. സഭയെ ഹൃദയം മരവിച്ച ഒരു സ്ഥാപനമായി കണ്ട്കൊണ്ടുള്ള വിമർശനം നോവലിന്റെ വരികൾക്കിടയിൽ ഒളിഞ്ഞുകിടപ്പുണ്ട്.

പാരമ്പര്യമനുസരിച്ച്, 'സ്വർഗ്ഗത്തിന്റെ താക്കോൽ' സൂചിപ്പിക്കുന്നത് സഭാസൗധത്തിന്റെ അപ്പസ്തോലിക അധികാരമാണ്. യേശു ക്രിസ്തു പത്രോസിന് ഭരമേല്പിച്ചു കൊടുത്തതാണിത്. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്കു തരുമെന്നാണ് (മത്താ. 16:19) യേശു പത്രോസിനോട് പറയുന്നത്. പക്ഷേ ഈ നോവലിന് ഈ നാമം അനുചിതമാണ്. ആരുടെകൈയിലാണ് യഥാർത്ഥത്തിൽ സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ? ഔദ്യോഗിക സഭാനേതൃത്വത്തിന്റെ കൈകളിലാണോ സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ? സഭാപാരമ്പര്യമനുസരിച്ച് അങ്ങനെയായിരിക്കണം. ഹയരാർക്കിക്കൽ സഭയ്ക്കാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളുടെ അവകാശം. പൊതുജനത്തിന്റെ വിശ്വാസവും അങ്ങനെ തന്നെയാണ്. നോവലിലുടനീളം ക്രോണിൻ അവതരിപ്പിക്കുന്നത് ഇതിൽ നിന്നും വ്യത്യസ്തമായൊരു ചിന്താരീതിയാണ്. ക്രോണിന്റെ ദൃഷ്ടിയിൽ, ഫാ. ഫ്രാൻസിസ് ചിസോമിനെപോലുള്ള തീക്ഷ്ണമതികളായ അജപാലകരുടെ കരങ്ങളിലാണ് "സ്വർഗ്ഗരാജ്യത്തിന്റെ യഥാർത്ഥ താക്കോലുകൾ". ■

www.malankaralibrary.com

The Shoes of the Fisherman -Morris West

# ഷൂസ് ഓഫ് ദ ഫിഷർമാൻ

എ. ഡി. പോൾ

*ഓസ്ട്രേലിയൻ എഴുത്തുകാരനായ മോറിസ് വെസ്റ്റ് തന്റെ നോവലായ 'ദ ഷൂസ് ഓഫ് ദ് ഫിഷർമാനിൽ' മാർപാപ്പ സ്ഥാനത്തിനുള്ള പ്രാധാന്യം ശീതസമരത്തിന്റെ പശ്ചാത്തലത്തിൽ വെളിപ്പെടുത്തുകയാണ്. ഈ ആദ്ധ്യാത്മികശക്തി ഇന്നും ലോകത്തിന്റെ നിർണ്ണായകമായ മാറ്റങ്ങളിൽ ഒരു വലിയപങ്ക് വഹിക്കുന്നുണ്ട്. വെസ്റ്റിന്റെ നായകനായ കിറിൾ പാവ്ലോവിച്ച് ലക്കോട്ട സൈബീരിയായിലെ ഒരു ലേബർ ക്യാമ്പിലെ തടവിൽനിന്ന് മോചിതനായ ശേഷം റോമിൽ വച്ച് വലിയ മുക്കുവന്റെ പാദുകങ്ങൾ അണിയുന്ന അവസ്ഥയിലേയ്ക്ക് ഉയർത്തപ്പെടുന്നു.*

മുക്കുവന്റെ ഷൂസ് ഇനിയാര് ധരിക്കും എന്നത് ഒരു മാർപാപ്പ മരിക്കുമ്പോൾ ഉയരുന്ന ചോദ്യമാണ്. വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ ജനസഹസ്രങ്ങൾ തിങ്ങിക്കൂടി വെളുത്തപുക ഉയരുന്നതും നോക്കി നിൽക്കും. ശീതസമരകാലത്ത് അനേകംപേർ ഇറ്റലിക്കാരനല്ലാത്ത ഒരുമാർപാപ്പായെ പത്രോസിന്റെ സിംഹാസനത്തിൽ പ്രതീക്ഷിച്ചു.

ഓസ്ട്രേലിയൻ എഴുത്തുകാരനായ മോറിസ് വെസ്റ്റ് തന്റെ നോവലായ "ദ ഷൂസ് ഓഫ് ദ ഫിഷർ"മാനിൽ ദേശാന്തര രാഷ്ട്രീയത്തിലും നയതന്ത്രമേഖലയിലും മാർപാപ്പ സ്ഥാനത്തിനുള്ള പ്രാധാന്യം ശീതസമരത്തിന്റെ പശ്ചാത്തല ത്തിൽ വെളിപ്പെടുത്തുന്നു. പണ്ട് നിലവിലുണ്ടായിരുന്ന പരിശുദ്ധ റോമാ സാമ്രാജ്യത്തിന്റെ ഒരു പരിഷ്ക രിച്ച പതിപ്പായ ഈ ആധ്യാത്മിക ശക്തിക്ക് ലോകത്തിൽ നിർണ്ണായകമായ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും.

ഈ നോവലിന്റെ കേന്ദ്രകഥാപാത്രം ല്വീവിലെ മെത്രാപോലീത്തയായ കിറിൾ പാവ്ലോവിച്ച് ലക്കോട്ടയാണ്. ഇദ്ദേഹം സൈബീരിയയിലെ ഒരു ലേബർ ക്യാമ്പിൽ തടവിലായിരുന്നു. അവിടുന്ന് മോചിതനായ ശേഷം അദ്ദേഹം റോമിലെത്തി. അവിടെവെച്ച് പിയൂസ് പതിമൂന്നാമൻ പാപ്പ അദ്ദേഹത്തെ കർദ്ദിനാളായി ഉയർത്തി. അതുകഴിഞ്ഞ് മാർപാപ്പ മരിക്കുന്നു, തുടർന്ന് വിളിച്ചുകൂട്ടുന്ന കോൺക്ലേവിൽ ലക്കോട്ട പങ്കെടുക്കുന്നു. ഏഴു ബാലറ്റുകൾ കഴിഞ്ഞിട്ടും കർദ്ദിനാൾമാർക്ക് ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിക്കുന്നില്ല; പുറത്ത് വത്തിക്കാൻ ചത്വരത്തിൽ കാത്തുനിന്ന് മുഷിഞ്ഞ ജനം കറുത്തപുകമാത്രം ദർശിക്കുന്നു. ഒടുവിൽ ഒരു ഒത്തുതീർപ്പുസ്ഥാനാർത്ഥിയായി ലക്കോട്ടയുടെ പേര് നിർദ്ദേശിക്കപ്പെടുകയും അദ്ദേഹം വലിയ മുക്കുവന്റെ പാദുകങ്ങൾ അണിയുകയും ചെയ്യുന്നു. തന്റെ മാമോദീസ പേരായ കിറിൾ നിലനിർത്തിക്കൊണ്ടുതന്നെ ലക്കോട്ട പരിശുദ്ധ സിംഹാസനത്തിൽ ഏറുന്നു.

വത്തിക്കാൻ കൊട്ടാരത്തിൽ ഒതുങ്ങിക്കൂടി കഴിയാതെ കിറിൾ മാർപാപ്പ ആസന്നമായ മൂന്നാം ലോകമഹായുദ്ധവും ആണവനശീകരണവും ഒഴിവാക്കുന്നതിൽ നിർണായകമായ പങ്ക് വഹിക്കുന്നു. മാത്രവുമല്ല സോവിയറ്റ് പ്രീമിയറായ കാമെനേവിനെയും ചൈനയിലെ ചെയർമാൻ പെങ്ങിനെയും പുതിയ മാർപാപ്പ സന്ദ

www.malankaralibrary.com




മോറിസ് വെസ്റ്റ് 1963-ൽ എഴുതിയ നോവലാണിത്. 1968-ൽ ഇത് സിനിമയായി. പ്രസാധനത്തിന് 25 വർഷം ശേഷം വെസ്റ്റ് ഭാവന ചെയ്ത പ്രധാന സംഭവം യാഥാർത്ഥ്യമാവുകയും ചെയ്തു-കരോൾ വെയ്റ്റിലയെന്ന പോളിഷ് കർദ്ദിനാൾ 1978-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടതോടെ.

നോവലിന്റെ സംഗ്രഹമിതാണ്. കിറിൾ പാവ്ലോവിച്ച് ലക്കോട്ടയെന്ന ആർച്ച് ബിഷപ്പാണ് കഥാനായകൻ. ഇദ്ദേഹം ല്വിവിലെ ഉക്രേനിയൻ മെത്രാപ്പോലീത്തയാണ്. നീണ്ട 20 വർഷക്കാലം ഇദ്ദേഹം സൈബിരിയയിലെ ലേബർ ക്യാമ്പിൽ തടവിലായിരുന്നു.

ജയിൽ വിമുക്തനായ കിറിൾ റോമിലേക്കാണ് അയക്കപ്പെടുന്നത്. അവിടെ വച്ച് പതിമൂന്നാം പീയൂസ് മാർപാപ്പ അദ്ദേഹത്തെ കർദ്ദിനാളാക്കുന്നു. ഇവിടെയെല്ലാം കിറിളിന് സഹായിയായി നില്ക്കുന്നത് ഫാദർ റ്റെലേമോങ് എന്ന ദൈവശാസ്ത്രജ്ഞനാണ്.

വയോധികനായ മാർപാപ്പ പെട്ടെന്ന് മരിക്കുന്നതോടെ പുതിയ പാപ്പയെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവ് തുടങ്ങുന്നു. തികച്ചും ആകസ്മികമായി കിറിൾ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുന്നു.

ശീതസമരകാലത്തിന്റെ പശ്ചാത്തലമാണ് നോവലിന്റേത്. കിറിൾ മാർപാപ്പയാകുമ്പോൾ ലോകം പ്രതിസന്ധിയിലാണ്. ചൈന അതിരൂക്ഷമായ ഭക്ഷ്യക്ഷാമത്തെ നേരിടുന്നു. അമേരിക്കയുടെ നിയന്ത്രണങ്ങൾ നില കൂടുതൽ വഷളാക്കുന്നു. ചൈനയും റഷ്യയും തമ്മിലുള്ള വഴക്കും വലിയ പ്രശ്നമാകുന്നു. ഈ സാഹചര്യത്തിൽ കിറിൾ മാർപാപ്പായുടെ നേതൃത്വമാണ് നോവൽ പ്രമേയമാക്കുന്നത്.

ർശിക്കുന്നു.

കിറിൾ മാർപാപ്പയും ദൈവശാസ്ത്രജ്ഞനായ ഫാ. ഷാങ് തെലെമോയുമായുള്ള ഊഷ്മളമായ സൗഹൃദം ഈ നോവലിന്റെ ഉപഇതിവൃത്തമാണ് (വിഖ്യാത ജസ്യൂട്ട് ശാസ്ത്രജ്ഞനായ പിയർ തെയ്യാർദ് ദ് ഷർദാനെ ആസ്പദമാക്കിയാണ് വെസ്റ്റ് ഫാ. ഷാങിന്റെ കഥാപാത്രം മെനഞ്ഞിരിക്കുന്നത്). ചില വിഷയങ്ങളിൽ മാർപാപ്പയുടെ നിസ്സാഹായവസ്ഥ വെസ്റ്റ് എടുത്തുകാണിക്കുന്നുണ്ട്. ഫാ. തെലേമോയുടെ ചില വീക്ഷണങ്ങൾ കിറിൾ അംഗീകരിക്കുന്നുണ്ടെങ്കിലും യാഥാസ്ഥിക കത്തോലിക്കരുടെ ഇടയിൽ അവ പാഷണ്ഡതയായി കണക്കാക്കപ്പെട്ടിരുന്നു. മാർപാപ്പ സ്ഥാനത്തിരുന്നുകൊണ്ട് കിറിളിന് ഫാ. തെലെമോയുടെ മേൽ കുറ്റം ചാർത്തുവാൻ വിശ്വാസതിരുസംഘത്തിനെ അനുവദിക്കേണ്ടതായി വരുന്നു. ഈ ആഘാതം താങ്ങുവാനാകാതെ ഫാ. തെലെമോ മരിക്കുന്നു. പത്രോസിന്റെ സിംഹാസനം കിറിളിന് ഒരുകുരിശ്ശായി അനുഭവപ്പെടുന്നു. തന്റെ സ്വകാര്യ വികാരവിചാരങ്ങളെ മാറ്റിനിർത്തി മാർപാപ്പ സ്ഥാനത്തിരുന്നുകൊണ്ട് സഭാപ്രബോധനങ്ങൾ കലർപ്പില്ലാതെ പഠിപ്പിക്കപ്പെടുന്നുണ്ടെന്ന് കിറിളിന് ഉറപ്പാക്കേണ്ടതായിവരുന്നു.

ഈ നോവൽ വായിക്കുമ്പോൾ ഇതിലെ സംഭവങ്ങൾ ആനുകാലിക പ്രസക്തിയുള്ളതും പ്രവാചക ഭാവമുള്ളതായി നമുക്ക് തോന്നും. ഉക്രേനിയൻ കത്തോലിക്കരുടെ ആചാര്യനായിരുന്ന കർദ്ദിനാൾ ജോസഫ് സ്ലിപ്പിയെ ആധാരമാക്കിയാണ് വെസ്റ്റ് കിറിൾ മാർപാപ്പയുടെ കഥാപാത്രം രൂപപ്പെടുത്തിയിരിക്കുന്നത്. കിറിളിനെപ്പോലെ സ്ലിപ്പിയും സൈബീരിയയിലെ ഒരു ലേബർ ക്യാമ്പിൽ തടവുകാരനായിരുന്നു. അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ എഫ്. കെന്നഡിയും ജോൺ 23-ാം മാർപാപ്പായും സോവിയറ്റ് പ്രീമിയർ ആയിരുന്ന ക്രൂഷ് ചേവിന്റെമേൽ സമ്മർദ്ദം ചൊലുത്തിയതിന്റെ ഫലമായി സ്ലിപ്പിയെ അധികാരികൾ തടവിൽനിന്നും മോചിപ്പിച്ചു. ഇദ്ദേഹം റോമിൽ വരികയും രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പങ്കെടുക്കുകയും ചെയ്തു. ഏഡ്രിയാൻ ആറാമന് ശേഷം ആദ്യമായി ഇറ്റലിക്ക് പുറത്ത് നിന്ന് മാർപാപ്പയാകുന്ന വ്യക്തിയാണ് കിറിൾ.

ഈ നോവൽ പുറത്തിറങ്ങി ഇരുപത് വർഷത്തിന് ശേഷം കമ്മ്യൂണിസ്റ്റ് ഭൂരിപക്ഷമുള്ള ഒരുരാജ്യത്തു

www.malankaralibrary.com

### മോറിസ് വെസ്റ്റ് (1916 - 1999)

ആസ്ട്രേലിയായിലെ മെൽബണിലാണ് മോറിസ് വെസ്റ്റ് ജനിച്ചത്; 1916-ൽ. ക്രിസ്റ്റ്യൻ ബ്രദേഴ്സ് എന്ന സന്യാസസമൂഹത്തിൽ ചേർന്ന് അദ്ദേഹം സന്യാസിയായി. എങ്കിലും 12 വർഷത്തെ സന്യാസജീവിതത്തിനുശേഷം അദ്ദേഹം ആ ജീവിതരീതി ഉപേക്ഷിച്ചു. പിന്നീട് അദ്ദേഹം മെൽബൺ റേഡിയോയിൽ ഉദ്യോഗസ്ഥനായി. 1945-ൽ അദ്ദേഹം ആദ്യത്തെ നോവൽ എഴുതി. 1955-ൽ അദ്ദേഹം ആസ്ട്രേലിയ വിട്ടു. പിന്നീട് ഓസ്ട്രിയ, ഇറ്റലി, ഇംഗ്ലണ്ട്, അമേരിക്ക എന്നീ രാജ്യങ്ങളിലൊക്കെ വാസമുറപ്പിച്ച് നോവൽ രചന തുടർന്നു. മുപ്പതിലധികം നോവലുകൾ അദ്ദേഹം രചിച്ചു. 1980-ൽ അദ്ദേഹം വീണ്ടും ആസ്ട്രേലിയായിലേയ്ക്ക് തിരിച്ചുവന്നു. 1999-ൽ നോവൽ രചനയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അദ്ദേഹം മരിച്ചു.

നിന്നും സ്ലാവ് വംശജനായ ഒരു കർദ്ദിനാൾ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു. അതു മറ്റാരുമായിരുന്നില്ല; ജോൺപോൾ രണ്ടാമൻ എന്ന നാമത്തിൽ അറിയപ്പെട്ട പോളണ്ട്കാരനായ കർദ്ദിനാൾ കരോൾ വൊയിറ്റിലയായിരുന്നു. ഇന്ന് ഷർദ്ദാന്റെ പല പഠനങ്ങളും കത്തോലിക്കാ വൃത്തങ്ങളിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. നിഗൂഢമായ ദൈവശാസ്ത്രപദങ്ങൾ ഉപയോഗിക്കാതെ ഷർദ്ദാന്റെ പലവീക്ഷണങ്ങളും വെസ്റ്റ് ഈ നോവലിൽ ആവിഷ്കരിച്ചിട്ടുണ്ട്.

ദ ഷൂസ് ഓഫ് ദ ഫിഷർമാനിലെ സുപ്രധാനമായ പ്രമേയങ്ങളിലൊന്ന് സഭയും ആധുനികലോകവുമായുള്ള സംഭാഷണത്തിന്റെ ആവശ്യകതയാണ്. സൈബീരിയിലെ ജയിൽവാസവും അതികഠിനമായ ശാരീരിക അധ്വാനവും കിറിൾ ലക്കോട്ടയെ എളിമയും സഹിഷ്ണുതയും ഉള്ളവനാക്കി മാറ്റി. കമ്മ്യൂണിസ്റ്റ് സർക്കാരുമായുള്ള ഒരഭിമുഖത്തിൽ മാർപാപ്പ ഇപ്രകാരം ചോദിക്കുന്നു: 'നിങ്ങളുടെ വിപ്ലവം എന്തിലാണ് പടുത്തുയർത്തിയിരിക്കുന്നത്? ജീവിതത്തിന്റെ മുക്കാൽ പങ്കും ബ്രിട്ടീഷ് ലൈബ്രേറിയിൽ ചിലവഴിച്ച് ഇംഗ്ലണ്ടിലെ ഒരു ചെറിയ സെമിത്തേരിയിൽ അടക്കപ്പെട്ട ഒരു വ്യക്തിയിലാണ്. കാറൽ മാർക്സ് ഒരിക്കലും തോക്ക് കരുതിയിരുന്നില്ല. ഒരു പ്രതിരോധ നിരയിലും അയാൾ ഉൾപ്പെട്ടിരുന്നില്ല. മാർക്സിന് ആകെയുണ്ടായിരുന്നത് വാക്കുകളും ചിന്തയും. ഈ ചിന്ത അറുപതു വർഷത്തിനുള്ളിൽ ലോകത്തിന്റെ മുഖഛായതന്നെ മാറ്റിക്കളയും'.

ലോകഗതിയെ സ്വാധീനിക്കാൻ കഴിവുള്ള ആശയങ്ങളുടെ ശക്തിയിൽ കിറിൾ വിശ്വസിക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിന് ശേഷം എല്ലാവിഭാഗങ്ങളുമായുള്ള തുറന്ന സംവാദത്തിന്റെ യുഗം കത്തോലിക്കാ സഭയിൽ ആരംഭിച്ചു. അങ്ങിനെ ഒരു തുരുത്തുപോലെ നിലകൊണ്ടിരുന്ന സഭയെ സുനഹദോസ് ലോകവുമായി അടുപ്പിച്ചു. തുറന്ന സംവാദത്തിന്റെ യുഗത്തെപ്പറ്റിയുള്ള പൂർവ്വസൂചന കിറിൾ മാർപാപ്പയിൽ കാണുവാൻ സാധിക്കും. ■


# GOOD NEWS FOR FORMATORS

The CBCI Commission announces a one-week certificate course for Formators on **Communications and Media** at Nobi Communications Bangalore.

**Course Outline**

- Communications and the media
- Spirituality of social communications
- Basic video production and editing
- Basic animation with PowerPoint.
- Pastoral communication: aptitude & skills
- Media languages: journalism, film and the internet
- Teaching methodology in a media world

Date: 11-17 April 2010 Dr. Jose Murickan O.Praem
Tel: 080-25920481, 28439385 | Mob: (0)9986724381.| Email: jmurickan@gmail.com

www.malankaralibrary.com

ഫാ. ബ്രൗൺ -ജി. കെ. ചെസ്റ്റർട്ടൺ

# കുറ്റാന്വേഷകനായ വൈദികൻ

*ജി. കെ. ചെസ്റ്റർട്ടന്റെ കുറ്റാന്വേഷകനായ വൈദികൻ പൗരോഹിത്യത്തിന്റെ മേച്ചിൽപുറങ്ങളിൽ നിന്ന് കണ്ടെടുത്ത തികച്ചും വ്യത്യസ്തമായ ഒരു കഥാപാത്രമാണ്. കഥാനായകനായ ഫാദർ ബ്രൗൺ മനുഷ്യനെ പിടിക്കുന്നവനാണ്. അദ്ദേഹം തന്റെ ആറാം ഇന്ദ്രിയംകൊണ്ട് കുറ്റവാളികളെ പിടികൂടി ക്രിസ്തുസദൃശനാക്കി മാറ്റുന്ന വേറിട്ട ഒരനുഭവമാണ് വായനക്കാരനു ലഭിക്കുന്നത്.*

കാടും മേടും താണ്ടി, ക്ഷുഭിതമായ സാഗരങ്ങൾ കടന്നു സഭ സ്ഥാപിക്കുവാനായി അപ്പസ്തോലന്മാർ യാത്ര ചെയ്തു. ചുരുക്കി പറഞ്ഞാൽ ക്രിസ്തുവിന്റെ കാലം മുതല്ക്കേ പൗരോഹിത്യത്തിന്റെ വ്യാപ്തിയും, സങ്കീർണ്ണതയും, സാഹസികതയും എല്ലാം ഒരു നീണ്ട കഥയ്ക്കുള്ള ചേരുവകൾ നല്കുന്നു. അതുപോലെ ആകർഷകമാണ് നമ്മുടെ കാലഘട്ടത്തിലെ വൈദികരുടെ കഥകളും. വൻ നഗരങ്ങളിലെ കോൺക്രീറ്റ് വനങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും, ദ്വീപുകളിലും, ജയിലുകളിലും, ഭയാനകമായ യുദ്ധഭൂമിയിലും എല്ലാം ദൈവത്തിന്റെ പുരോഹിതൻ കടന്നു ചെല്ലുന്നു.

പുരോഹിതന്റെ ദൗത്യത്തിൽ ഏതൊരു കഴിവും പ്രയത്നവും വിലപ്പെട്ടതാണ്. പ്രശസ്ത ആംഗലേയ സാഹിത്യകാരനായ ജി. കെ. ചെസ്റ്റർട്ടന്റെ പ്രശസ്തമായ ഒരു കഥാപാത്രമാണ് ഫാ. ബ്രൗൺ. ഈ പുരോഹിതൻ തന്റെ കഴിവുകൾ കുറ്റാന്വേഷണത്തിനുപയോഗിക്കുന്നു. 52 കഥകളിൽ നായകനായി വിളങ്ങുന്ന ബ്രൗൺ എന്ന കഥാപാത്രത്തെ ചെസ്റ്റർട്ടൻ സൃഷ്ടിച്ചത് ബ്രാൻഡ്ഫോൾഡ് വികാരിയായിരുന്ന ഫാ. ഒകോണറെ മനസ്സിൽ കണ്ടിട്ടാണ്. ഒകോണറാണ് ആംഗ്ലിക്കനായിരുന്ന ഗ്രന്ഥകർത്താവിനെ കത്തോലിക്കാ വിശ്വാസത്തിലേയ്ക്ക് കൊണ്ടുവന്നത്. 1937–ൽ ഒകോണർ "ഫാദർ ബ്രൗൺ ഓൺ ചെസ്റ്റേർട്ടൺ" എന്ന പുസ്തകത്തിലൂടെ നോവലിസ്റ്റുമായുള്ള തന്റെ ബന്ധം വെളിപ്പെടുത്തി.

1954–ൽ ഫാ. ബ്രൗണിന്റെ സിനിമാ പതിപ്പ് പുറത്തിറങ്ങി. സർ അലെക് ഗിന്നസ് ആയിരുന്നു ഡിക്ടറ്റീവ് പുരോഹിതന്റെ റോളിൽ അഭിനയിച്ചത്. ഫാ. ബ്രൗണിന്റെ റോൾ ഗിന്നസിനു ശരിക്കുമൊരു ആദ്ധ്യാത്മിക യാത്ര തന്നെയായിരുന്നു. അതു ചെന്നവസാനിച്ചത് അദ്ദേഹത്തിന്റെ കത്തോലിക്കാ സഭയിലേയ്ക്കുള്ള മാനസാന്തരത്തിലും. കുറിയവനെങ്കിലും ആരോഗ്യദൃഢഗാത്രനാണ് ഫാ. ബ്രൗൺ. അദ്ദേഹത്തിന് ഒട്ടും ചേരാത്ത ഒരു വലിയ കുടയായിരുന്നു ബ്രൗണച്ചന്റെ പ്രധാന അടയാളം. അദ്ദേഹത്തിന്റെ മറ്റൊരു സവി

www.malankaralibrary.com

## ജി. കെ. ചെസ്റ്റർട്ടൺ (1874–1936)

ലണ്ടനിലെ ഒരു മധ്യവർഗ്ഗ കുടുംബത്തിലാണ് ജി. കെ. ചെസ്റ്റർട്ടൺ ജനിച്ചത്. ലണ്ടൻ യൂണിവേഴ്സിറ്റി കോളേജിലെ പഠനത്തിനുശേഷം ഒരു പ്രസാധകന്റെ കൂടെ ജോ ലി തുടങ്ങി. 16-ാം വയസ്സിൽ ഡിബേറ്റർ എന്നൊരു മാസിക അദ്ദേഹം ആരംഭിച്ചു. 1900-ൽ തന്റെ ആദ്യത്തെ കവിതാസമാഹാരം പ്രസിദ്ധീകരിച്ചു. 1904-ൽ ആദ്യത്തെ നോവൽ പ്രസിദ്ധീകരിച്ചു. ഇതിനിടയിൽ ഡെയ്‌ലി ഹെറാൾഡ് എന്ന ദിനപത്രത്തിൽ സ്ഥിരമായി എഴുതാൻ തുടങ്ങി.

1922-ൽ ചെസ്റ്റർട്ടൺ കത്തോലിക്കാ സഭയിലേയ്ക്ക് മാനസാന്തരപ്പെട്ടു. അതിനുശേഷം നിരവധി ദൈവശാസ്ത്രബന്ധിയായ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. ഇംഗ്ലീഷ് സാഹിത്യരംഗത്തെ ബഹുമുഖ പ്രതിഭയായിരുന്നു ചെസ്റ്റർട്ടൺ. നിരൂപകൻ, ഗദ്യകാരൻ, നോവലിസ്റ്റ്, ചെറുകഥാകൃത്ത് എന്നീ നിലകളിലെല്ലാം പ്രശസ്തനായിരുന്നു അദ്ദേഹം.

ശേഷത മനുഷ്യന്റെ ദുഷ്ടതയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചയായിരുന്നു.

"ദ് ബ്ലൂ ക്രോസ്" (The Blue Cross) ആയിരുന്നു ബ്രൗണച്ചൻ ആദ്യം പ്രത്യക്ഷപ്പെട്ട നോവൽ. ഫ്ളാബോ എന്ന മാനസാന്തരപ്പെട്ട കുറ്റവാളിയാണ് ബ്രൗണച്ചന്റെ സഹായി എന്നുള്ളത് കൗതുകകരമായ ഒരു വസ്തുതയാണ്.

ഷേർലെക് ഹോംസ് പോലെയുള്ള ഡിക്ടറ്റീവുകൾ അവരുടെ യുക്തിയും അനുമാനശക്തിയും ഉപയോഗിച്ചാണ് കേസ്സുകൾ തെളിയിച്ചിരുന്നത്. പക്ഷേ ബ്രൗണച്ചനാകട്ടെ കൂടുതലായി അദ്ദേഹത്തിന്റെ ആറാം ഇന്ദ്രിയത്തെയാണ് ആശ്രയിച്ചത്.

വർഷങ്ങളായി കുമ്പസ്സാരക്കൂട്ടിലിരുന്ന് മനുഷ്യന്റെ പാപങ്ങൾ ശ്രവിച്ച് അവർക്ക് പൊറുതി നല്കിയിരുന്ന അനുഭവം ഉള്ളതിനാൽ ബ്രൗണച്ചന് തിന്മയെപ്പറ്റി കൂടുതൽ അവബോധമുണ്ടായി. ഫ്ളാംബോ കുറ്റവാളിയായിരുന്നപ്പോൾ വൈദികവേഷത്തിലാണ് സഞ്ചരിച്ചിരുന്നത്. പക്ഷേ, യുക്തിയെ ചോദ്യം ചെയ്തതിനാൽ അയാൾ പിടിയിലായി. വൈദിക രൂപീകരണത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഘടകം ദൈവശാസ്ത്രപഠനത്തിനു മുൻപുള്ള തത്വശാസ്ത്ര പഠനമാണ്. ഇപ്രകാരം യുക്തിയുടെ ഉപയോഗം മൂലം വിശ്വാസം ദൃഢപ്പെടുന്നു. അതുപോലെ വെളിപാടുകളിലൂടെ യുക്തി കൂടുതൽ ശ്രേഷ്ഠമാകുകയും ചെയ്യുന്നു. ചുരുക്കത്തിൽ ശരിയായ രൂപീകരണം ലഭിച്ച ഒരു കത്തോലിക്കാ വൈദികൻ യുക്തിയെ ഹനിക്കുകയില്ല.

കുലീനത്വവും, തീക്ഷ്ണതയും, പക്വതയുമുള്ള ഒരു വൈദികനാണ് ബ്രൗൺ. എളിമയുള്ളവനും, പൗരോഹിത്യത്തോട് അത്യധികം പ്രതിബദ്ധതയുമുള്ള ബ്രൗൺ പൊതുവേ മിതഭാഷിയാണ്. പക്ഷേ, അച്ചന്റെ വാക്കുകൾ ഉൾക്കാഴ്ചയുള്ളതാണ്. ഒരിക്കൽ അച്ചന്റെ ഉൾക്കാഴ്ചയുടെ പൊരുളെന്താണെന്ന് ഫ്ളംബോ ചോദിച്ചപ്പോൾ അച്ചൻ പറഞ്ഞു: "കുമ്പസാരക്കൂട്ടിൽ വർഷങ്ങളോളം പാപം കേൾക്കുന്ന ഒരുവന് തിന്മയുടെ പൊരുളറിയാൻ കഴിയില്ലെന്നാണോ നീ വിചാരിക്കുന്നത്!"

പക്ഷേ, ബ്രൗണച്ചന്റെ കുറ്റാന്വേഷണ പ്രേഷിതത്വത്തിന് എന്ത് മഹത്വമാണുള്ളത്? അദ്ദേഹത്തിന്റെ ലക്ഷ്യം കുറ്റവാളികളെ നിയമത്തിനേൽപിച്ചു കൊടുക്കലല്ല. മറിച്ച്, അവർ ദൈവമക്കളാണെന്നുള്ള വസ്തുത ഓർമ്മപ്പെടുത്തി അവരെ കുമ്പസ്സാരക്കൂട്ടിലേയ്ക്ക് ആനയിക്കലാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. കുറ്റവാളിയെ പിടിച്ച്, മാനസാന്തരപ്പെടുത്തി, പാപമോചനം നല്കി പറഞ്ഞയക്കുമ്പോൾ ബ്രൗണച്ചൻ ഇപ്രകാരം പറയാറുണ്ട്: "ഞാനവനെ പിടിച്ചത് അദൃശ്യമായ ഒരു ചൂണ്ട കൊണ്ടാണ്. അതിന്റെ ചരടിനു എത്ര നീളമുണ്ടെന്നു ചോദിച്ചാൽ, അവൻ ലോകത്തിന്റെ ഏതറ്റത്തുപോയാലും അതിന്റെ ഒറ്റവലികൊണ്ട് അവനെ തിരികെ കൊണ്ടു വരാൻ സാധിക്കും". ചരടിന്റെ വലിയെ പലരും ഒരു കുറ്റവാളിയുടെ മാനസാന്തരമായിട്ട് വ്യാഖ്യാനിക്കാറുണ്ട്. ബ്രൗണച്ചന്റെ കുറ്റാന്വേഷണം, ഒരു കുറ്റവാളിയെ ക്രിസ്തുസാദൃശ്യത്തിലേയ്ക്ക് നയിക്കാനുള്ള ഉപാധിയായാണ് മാറുന്നത്.

ചെസ്റ്റർട്ടന്റെ ഫാദർ ബ്രൗണിനോട് താരതമ്യം ചെയ്യാവുന്ന കഥാപാത്രമാണ് എ. എം. ഗ്രീലിയുടെ (A. M. Greely) ഫാദർ ബ്ലാക്കി (Fr. John Blackwood Ryn) എന്ന കഥാപാത്രം. ഗ്രീലിയുടെ ഒമ്പത് നോവലുകളിൽ ഈ വൈദിക ഡിറ്റക്ടീവ് പ്രത്യക്ഷപ്പെടുന്നുണ്ട്. സദൃശ്യങ്ങളെക്കാൾ കൂടുതൽ വ്യത്യാസങ്ങളാണ് ഈ രണ്ടു കഥാപാത്രങ്ങളും തമ്മിലെന്ന് സൂക്ഷ്മ പഠനത്തിൽ വ്യക്തമാകും.

■

www.malankaralibrary.com



# പ്രകൃതചികിൽസ

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

**കാർഷികരംഗത്തെ അധാർമ്മികതകൾ എന്തൊക്കെയാണ്? അവയെ പരിഹരിക്കാനും കൃഷിയെ വീണ്ടെടുക്കാനും സഭയ്ക്ക് എന്തൊക്കെ ചെയ്യാനാവും?**

പുത്തൻ ചികിത്സാവിധികളും സേവനവ്യാപനവുംകൊണ്ട് വൈദ്യശാസ്ത്രം വിജയക്കുതിപ്പുകൾ തുടരുകയാണ്. എങ്കിലും അതിലും വേഗത്തിൽ പുതിയ രോഗങ്ങളെത്തിക്കൊണ്ടിരിക്കുന്നു; പഴയ സുഖക്കേടുകൾ മനുഷ്യരെ വിട്ടൊഴിയുന്നുമില്ല. രോഗാതുരതയും രോഗശാന്തിയും വൈദ്യശാസ്ത്രത്തിന്റെ മാത്രം വിഷയമല്ല. കാരണം, യന്ത്രം കേടുവരുന്നതുപോലെയല്ല മനുഷ്യർ രോഗബാധിതരാകുന്നത്. രോഗം പിടികൂടുന്നത് ഒരേസമയം ഒരുവന്റെ ശരീരത്തെയും മനസ്സിനേയും ബന്ധങ്ങളേയും ജീവിതാവബോധങ്ങളെയുമാണ്. അതുകൊണ്ടുതന്നെ, പൂർണ്ണചികിൽസയെന്നാൽ രോഗാണുക്കൾക്കെതിരെ യുദ്ധംചെയ്യാൻ ശരീരത്തെ മരുന്നുകളുടെ ആയുധമണിയിക്കുന്നതല്ല; രോഗമുക്തിയെന്നാൽ തളർന്നുപോയ കായബലം തിരിച്ചുപിടിക്കുന്നതുമാത്രവുമല്ല. മേല്പറഞ്ഞ നാലു തലങ്ങളിലും രോഗി തന്റെ സമഗ്രത വീണ്ടെടുക്കുമ്പോഴാണ് രോഗശാന്തിയുണ്ടാകുന്നത്. ഇത് സംഭവിക്കുന്നില്ലെങ്കിൽ, രോഗം മാറിയെന്ന് വൈദ്യന്മാർ വിധിച്ചാലും ചിലർ രോഗികളായി തുടർന്നേക്കാം. അതുകൊണ്ട് ചികിൽസ വേണ്ടത് രോഗിയുടെ മുഴുവൻ പ്രകൃതത്തിനുമാണ്.

പന്ത്രണ്ടുവർഷമായി രക്തസ്രാവംമൂലം വലഞ്ഞിരുന്ന സ്ത്രീ ഈശോയുടെ വസ്ത്രത്തിൽ തൊട്ട് സൗഖ്യം നേടി. ഈശോ അവളോടു പറഞ്ഞു: നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു (ലൂക്ക 8: 48). അവളുടെ സൗഖ്യത്തെ കുറിക്കാനായി ഉപയോഗിച്ചിരിക്കുന്നത് sozo എന്ന ഗ്രീക്ക് പദമാണ്. *Therapeuo, iaomai, hygiaino* തുടങ്ങിയ വേറെയും പദങ്ങൾ രോഗമുക്തിയെ സൂചിപ്പിക്കാനായി മറ്റു സന്ദർഭങ്ങളിൽ ഈശോ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ സൗഖ്യം എന്ന സാധാരണ തർജ്ജമയെ ലജ്ജിപ്പിക്കാൻപോന്ന ആഴമുണ്ട് sozo എന്ന പദത്തിന്. ആത്മീയവും ഭൗതികവുമായ വീണ്ടെടുക്കൽ എന്ന അർത്ഥത്തിലുള്ള സൗഖ്യമാണ് ഈശോ ആ രോഗിണിക്ക് നല്കിയത്.

സമഗ്രമായ സൗഖ്യം സ്വന്തമാക്കാൻ രോഗിക്കുമാത്രം ചികിൽസ മതിയാവുകയില്ല. രോഗിയെ ചികിൽ

www.malankaralibrary.com

സിക്കുന്നവരുടേയും പരിചരിക്കുന്നവരുടേയും സന്ദർശിക്കുന്നവരുടേയും അജപാലകരുടേയും പ്രകൃതം ചികിൽസക്ക് വിധേയരാകണം. ഒരേ അവസ്ഥയാണെങ്കിൽപോലും ഓരോ രോഗിയും വ്യത്യസ്തരാണ്. ഓപ്പറേഷനുശേഷം ഭാരമുള്ളതൊന്നും എടുക്കരുതെന്ന് ഡോക്ടർ. അതനുസരിച്ച് ഉപ്പുചാക്കൊഴികെ ബാക്കിയെല്ലാം ചുമക്കുന്ന രോഗികളെ കണ്ടേക്കാം; എന്നാൽ ഡോക്ടറെ അനുസരിച്ച് ഒരു പ്ലേയ്റ്റുപോലും എടുക്കാൻ ഭയപ്പെടുന്ന നല്ല രോഗികളുമുണ്ട്. എങ്കിലും വ്യക്തികളുടെ രോഗാനുഭവങ്ങളിൽ കുറച്ചൊക്കെ സമാനതകൾ കാണാം. രോഗി എന്ന നിലയിൽ സ്വന്തം അവയവങ്ങളിൽ ക്രിസ്തീയ വിശ്വാസം ലയിപ്പിക്കാനും രോഗികളുമായി പല തരത്തിൽ ഇടപഴകുന്നവർ എന്ന നിലയിൽ സൗഖ്യദായകരാകാനും പ്രകൃതതലത്തിലുള്ള ഔഷധസേവ എല്ലാവർക്കും വേണം. ആരോഗ്യവാനും രോഗിയും തമ്മിൽ പലപ്പോഴും പച്ചിലയും പഴുത്തയിലയും തമ്മിലുള്ള വ്യത്യാസമേയുള്ളൂ. അതുകൊണ്ടു രോഗാതുരത ഒരു ആരോഗ്യശ്രീമാനും അന്യവിഷയമായിരിക്കുകയില്ല.

> രോഗമുക്തിയെന്നാൽ മരുന്നു മണമുള്ള ലോകത്തിൽനിന്ന് രക്ഷപ്പെടുക എന്നു മാത്രമല്ല അർത്ഥം. പുറത്തുള്ള ലോകത്തെ പുതിയ കണ്ണുകളോടെ കാണാൻ പറ്റുന്നത് രോഗശാന്തിയുടെ ഭാഗമാണ്.

## രോഗിയുടെ ശരീരം

രോഗത്തിന്റെ ഒന്നാമത്തെ ഇര പാവം ശരീരമാണ്. ആരോഗ്യവാന് ശരീരം ഊർജ്ജം തുടിക്കുന്ന ഉപകരണമാണ്. എന്നാൽ ശരീരം രോഗിക്ക് ഒരു ഭാരമാകുന്നു; കൺപോളകൾ പോലും കനം വയ്ക്കുന്നു . സ്വന്തം ആഗ്രഹങ്ങൾക്കെതിരെ രോഗിയുടെ ശരീരം ഒരു വിലങ്ങുതടിയായി കിടക്കുന്നു. പല രോഗങ്ങളും ശരീരത്തിനു വിശ്രമം അനുവദിക്കുകയില്ല; ഒരുതരം തളർച്ച ശരീരം പിടിച്ചു വാങ്ങുന്നു എന്നുമാത്രം; ഉറക്കം പല രോഗികളോടും പിണങ്ങിപ്പിരിയുന്നു. രോഗമില്ലാത്തപ്പോൾ ഞാൻ എന്റെ ശരീരമാകുന്നു എന്ന മട്ടിലാണ് പോക്ക്. പക്ഷേ രോഗം ശരീരത്തേയും ആളെയും തമ്മിൽ വേർതിരിക്കുന്നു. പല്ലുവേദന സ്വന്തം വായ്ക്കകത്തെ കലാപകാരിയുടെ സാന്നിദ്ധ്യം ഒരുവനെ അറിയിക്കുന്നു. അതുവരെ പല്ല് വായ്ക്കുള്ളിൽ അടങ്ങിയൊതുങ്ങിക്കഴിയുന്നു. മനസ്സ് എത്തുന്നിടത്ത് ശരീരം എത്താത്ത അവസ്ഥയാണ് രോഗിയുടെ സങ്കടം. സൗഖ്യം കിട്ടിയാലും രോഗത്തിന്റെയും ചിലപ്പോൾ ചികിൽസയുടെയും കറുത്ത കലകൾ ശരീരം വഹിക്കേണ്ടിയും വരും.

സമഗ്രമായ രോഗമുക്തിയുടെ ആദ്യപടി ശരീരസൗഖ്യം നേടലുതന്നെയാണ്. ശരീരത്തെ ജീവൽപങ്കാളിയായി കാണാൻ സൗഖ്യാനുഭവം രോഗിയെ പഠിപ്പിക്കേണ്ടതാണ്. മനസ്സിന്റെയും ശരീരത്തിന്റെയും ആത്മാവിന്റെയും യോഗം ഉറപ്പാകുമ്പോഴാണ് സൗഖ്യം പൂർണ്ണമാകുന്നത്. അതുകൊണ്ടുകൂടിയാകണം രോഗശാന്തി നല്കുമ്പോൾ പലപ്പോഴും ക്രിസ്തു നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നുകൂടി പറഞ്ഞത്. പ്രായത്തിനനുസരിച്ച് ശരീരത്തിലുണ്ടാകുന്ന തേയ്മാനവും വളവും ചുളിവുകളും അംഗീകരിക്കാത്തവർക്ക് എന്നും ശരീരത്തോട് മല്ലിടാനേ നേരമുണ്ടാകൂ.

## രോഗിയുടെ ലോകം

അസുഖത്തിന്റെ സ്വഭാവമാണ് രോഗിയുടെ ലോകത്തിന്റെ അതിർത്തികൾ നിർണ്ണയിക്കുന്നത്. രോഗിയുടെ കൂടെയുള്ളത് എത്ര പ്രിയപ്പെട്ടവരാണെങ്കിലും അവർ വേറൊരു ലോകത്തിലാണ്. രോഗിയുടെ ലോകത്തിൽ ആഘോഷങ്ങളില്ല; മിക്കപ്പോഴും മധുരമില്ല; ചിലപ്പോൾ ഉപ്പുരസം പോലുമില്ല. സ്വന്തം കിടക്കയിലേയ്ക്ക് രോഗിയുടെ ലോകം ചുരുണ്ടുകൂടുന്നു. ടോയ്ലെറ്റിലേക്കുള്ള പോക്കാണ് രോഗിയുടെ ഏറ്റവും വലിയ യാത്ര. സ്വയം ഒന്നു തിരിഞ്ഞുകിടക്കുന്നതാണ് രോഗി ചെയ്യുന്ന മഹാകാര്യം. രോഗത്തോടൊപ്പം ഒരുപാട് ആധികളും കയറിവരുന്നു. ചികിൽസാച്ചിലവുകൾ, കുഴഞ്ഞു മറിയുന്ന വീട്ടുകാര്യങ്ങൾ, ജോലിക്കാര്യം അങ്ങനെ പലതും... കുറച്ചുപേർക്കെങ്കിലും രോഗത്തെപ്പോലെത്തന്നെ ഭയങ്കരമാണ് ചികിൽസകളും.

www.malankaralibrary.com



ഡോക്ടർ ഓപ്പറേഷൻ ചെയ്യുന്നതിനു മുൻപ് പലപ്രാവശ്യം ഭാവനയിൽ സ്വയം കത്തിവയ്ക്കുന്നവരുണ്ട്. പലരുടെയും നാണത്തിന്റെ പച്ചയുടുപ്പ് ആത്യന്തികമായി ഉരിഞ്ഞുകളയുന്നത് ആശുപത്രിവാസമാണ്.

രോഗമുക്തിയെന്നാൽ മരുന്നു മണമുള്ള ലോകത്തിൽനിന്ന് രക്ഷപ്പെടുക എന്നു മാത്രമല്ല അർത്ഥം. പുറത്തുള്ള ലോകത്തെ പുതിയ കണ്ണുകളോടെ കാണാൻ പറ്റുന്നത് രോഗശാന്തിയുടെ ഭാഗമാണ്. നാം മർത്ത്യരാണെന്ന ഓർമ്മച്ചീട്ടാണ് ഓരോ രോഗവും ബാക്കി വയ്ക്കുന്നത്. രോഗികളുടെ ലോകത്തേക്ക് കടക്കാത്തവർക്ക് അവരുടെ വിചിത്രമായ പെരുമാറ്റങ്ങൾ അരോചകവും സ്വഭാവദൂഷ്യവുമൊക്കെയായി തോന്നാം. രോഗികളോട് മിണ്ടിയും അവരെ കേട്ടും അവർക്കു വേണ്ടി പ്രാർത്ഥിച്ചും അവരുടെ ഇരുണ്ട ലോകത്ത് പ്രസാദമധുരമായ ദീപം തെളിക്കേണ്ടത് ആരോഗ്യവാന്മാരുടെ കടമയാണ്.

## രോഗിയുടെ ബന്ധങ്ങൾ

കിടപ്പുദീനക്കാരന്റെ ബന്ധങ്ങളുടെ ശൃംഖല പെട്ടെന്ന് ദുർബ്ബലമാകുന്നു. പക്ഷേ ആദ്യഘട്ടത്തിൽ സന്ദർശക ബാഹുല്യമാണ് രോഗിയുടെ പ്രശ്നം. സന്ദർശകരുടെ കൈകളിൽത്തൂങ്ങി ഓറഞ്ച്, മുന്തിരി മുതലായ ആശുപത്രിപഴങ്ങളും കയറിവരുന്നു. ഇപ്പോൾ എങ്ങനെയുണ്ട് എന്ന ചോദ്യത്തിന് എല്ലാവരോടും ഒരേ ഉത്തരങ്ങൾ പറഞ്ഞ് വശംകെടുന്നു. പിന്നെപ്പിന്നെ സന്ദർശകനിര മെലിഞ്ഞു വരുന്നു. ആരും തിരിഞ്ഞു കയറാത്തതാണ് രോഗിയുടെ അടുത്ത പ്രശ്നം. പരിചരിക്കാൻ നില്ക്കുന്നവരുടെ കുത്തുവാക്കുകളും മുറുമുറുപ്പുകളും കേട്ടില്ല എന്ന് നടിക്കാനും പഠിക്കുന്നു. താനില്ലെങ്കിലും വീട്ടിലും ഓഫീസിലും കുഴപ്പമൊന്നുമില്ലത്രേ. വിചാരിച്ച അത്രയും അനിവാര്യനല്ല താൻ എന്ന പാഠവും രോഗി സൗജന്യമായി പഠിക്കുന്നു. പലരെ ഒരേസമയം ആശ്രയിക്കേണ്ടിവരുന്നതോടെ താൻപോരിമയുടെ കൊമ്പുകൾ ഒന്നൊന്നായി ഒടിയുന്നു.

ബന്ധങ്ങളിൽ ആഴപ്പെട്ട് രോഗക്കിടക്ക വിട്ടുപോരുമ്പോഴാണ് ഒരുവന്റെ രോഗശാന്തി പൂർണ്ണമാകുന്നത്. മുടന്തൻ ഒട്ടകത്തിന്റെ വേഗതയെ സാർത്ഥവാഹക സംഘത്തിന്റെ വേഗതയാക്കുന്നതരം കുടുംബങ്ങൾ ക ണ്ടേക്കാം. അമ്മയുടെ രോഗക്കിടക്കയെ വീടിന്റെ കാ ന്തസൂചിയാക്കി മാറ്റുന്ന കുടുംബങ്ങളുണ്ട്. ഭാര്യ പൂർണ്ണസൗഖ്യം കിട്ടുന്നതുവരെ ത്യാഗങ്ങൾകൊണ്ട്

www.malankaralibrary.com



അ വൾ  ചുറ്റും കരുതലിന്റെ ആത്മീയ കോട്ടകെട്ടുന്ന ഭർ ത്താക്കന്മാരുണ്ട്. ഇത്തരം ഭാഗ്യപ്പെട്ട രോഗികളുടെ സൗഖ്യത്തിന് ഇരട്ടവേഗതയാണ്. രോഗിയുടെ ഹൃദയത്തിൽ നന്ദിയുടെ രക്തയോട്ടം വർദ്ധിക്കുന്നത് രോഗമുക്തിയുടെ ജീവൽഫലമാണ്.

കണ്ഠമാല എന്ന പേരിൽ ഒരുതരം കരപ്പനുണ്ട്. കഴുത്തിനു  ചുറ്റും കരിമാല ചാർത്തിയതുപോലിരിക്കും. ആറുമാസം പ്രായമുള്ള കണ്ഠമാലക്കാരി ക്കുവേണ്ട ചികിൽസയുടെ കയ്പ്പെല്ലാം അവളുടെ അമ്മയാണ് ഏറ്റെടുത്തത്. പഥ്യം നോക്കി, കഷായം കുടിച്ച അമ്മയുടെ മുലപ്പാലായിരുന്നു  കുഞ്ഞിനുള്ള മരുന്ന്. ഇതുപോലെ ദീനംപിടിച്ച മക്കൾക്ക് ഇമവെട്ടാതെ കാവലിരിക്കുന്ന എത്രയോ അമ്മമാരുണ്ട്. ദൈവത്തിന്റെ ഇതുപോലുള്ള പകരക്കാരെ നന്ദിപൂർവ്വം തിരിച്ചറിയാത്തവർ ആശുപത്രിവിട്ടാലും വീണ്ടും അന്ധകാരത്തിൽത്തന്നെ കിടക്ക വിരിക്കുന്നു.

## രോഗിയുടെ ചോദ്യങ്ങൾ

മനുഷ്യജീവിതത്തിന്റെ അനിവാര്യമായ പരിമിതികളെക്കുറിച്ച് എല്ലാവർക്കും ചോദ്യങ്ങളുണ്ട്. ആരോഗ്യവാന്റെ ഇത്തരം ചോദ്യങ്ങൾ പരോക്ഷവും മറ്റുള്ളവരെക്കുറിച്ചുള്ളതുമാണ്. പക്ഷേ രോഗി അത്തരം ചോദ്യങ്ങളുടെ മുന തനിക്കു നേരെ തിരിച്ചു വയ്ക്കും: എനിക്ക് എന്തുകൊണ്ടിങ്ങനെ? ഞാനിത് അർഹിക്കുണ്ടോ? ഇവയൊക്കെ ആകുലതയുടെ സൂചിക്കുത്തുകളായി മാറുന്നു.

രോഗമുക്തി ഒരുവന്റെ ചോദ്യങ്ങളെ റദ്ദുചെയ്യുന്നില്ല. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം കിട്ടിയിട്ടുണ്ടാ കണം എന്നുമില്ല. എന്നാൽ ദൈവത്തിനുനേരെ ഉന്നയിക്കുമ്പോൾ അവ മതാത്മകമായ ചോദ്യങ്ങളായി മാറുന്നു. രോഗപീഡകളിൽ ദൈവത്തിനു  നേരെ തന്റെ ചോദ്യങ്ങളുമായി ചെന്നയാളാണ്  പഴയ നിയമ പുസ്തകത്തിലെ ജോബ്. “ഞാൻ സർവ്വശക്തനോട് സംസാരിക്കും. ദൈവവുമായി ന്യായവാദം നടത്താൻ ഞാൻ തയ്യാറാണ്” (13:3). ജോബിനു കിട്ടിയത് ഉത്തരങ്ങളല്ല അവനെക്കുറിച്ചും ദൈവത്തെക്കുറിച്ചുമുള്ള ചില അവബോധങ്ങളാണ്: “എന്റെ ചർമ്മം അഴുകി ഇല്ലാതായാലും എന്റെ മാംസത്തിൽനിന്ന് ഞാൻ ദൈവത്തെ കാണും. അവിടുത്തെ ഞാൻ എന്റെ പക്ഷത്തുകാണും” (19: 26–27).

ഫെബ്രുവരി 11 ഈ വർഷത്തെ രോഗീദിനമായി സഭ ആചരിക്കുകയാണ്. രോഗീപരിചരണ രംഗത്ത് സഭയുടെ സേവനം നിസ്തുലമാണ്. രോഗത്തെ ചികിൽസിക്കുന്നതിലുപരി രോഗിയുടെ പ്രകൃതത്തെ ത്തന്നെ ചികിൽസിക്കലാണ് വലിയ വെല്ലുവിളി. ഇത് മെഡിക്കൽ സംഘത്തിന്റെ മാത്രം പണിയല്ല. വിശ്വാസവും ശരണവും ഉപവിയുമുള്ള എല്ലാവരുടെയും കടമയാണ്. ഇത്  സൗഖ്യദായകനായ ദൈവത്തിന്റെ ജോലിയിൽ പങ്കുചേരുന്നതാണ്; ഡോക്ടർമാരുടെ ജോലി പൂർത്തിയാക്കുന്നതാണ്.




**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**

അറിയപ്പെടുന്ന മോറൽ തിയോളജിയൻ. ആലുവ മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ. വിവിധ സെമിനാരികളിലും പഠിപ്പിക്കുന്നു.

www.malankaralibrary.com



# ഗുണനിലവാരം പരിശോധിക്കാം



937ൽ വരാപ്പുഴയിലെ പിഴലയിൽ ജനിച്ചു. മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിലെ പഠനത്തിനുശേഷം 1963ൽ പുരോഹിതനായി. സേവനരംഗങ്ങൾ: ബിഷപ്സ് ഹൗസ്, മലാപ്പറമ്പ് 1963-67; ചേലോട്ട് എസ്റ്റേറ്റ്, വയനാട് 1967-1987; പുതക്കാട്, ചെമ്പേരി 1987-1996; സെന്റ് വിൻസെന്റ്സ്, കോഴിക്കോട് 1996-1999; ഹോളി ട്രിനിറ്റി കത്തീഡ്രൽ, ബർണ്ണശ്ശേരി 1999-2005; സെന്റ് ആന്റണീസ് തയ്യിൽ, കണ്ണൂർ 2005.

ഫാ. ദേവസി ഈരത്ര

**● വൈദികർ ഇന്നു നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?**

വയനാട്ടിലെ ചുണ്ടയിൽ ഞാൻ എസ്റ്റേറ്റ് മാനേജരായിരുന്ന കാലം. നമ്മുടെ ഫാക്ടറിയിൽ തേയില ഉണ്ടാക്കി കൊച്ചിയിലാണ് ലേലത്തിൽ വില്ക്കുന്നത്. ചിലപ്പോൾ എന്റെ തേയില നല്ല വിലക്കുപോകുന്നു; എന്നാൽ ചിലപ്പോൾ ഡിമാന്റ് കുറയുന്നു, എന്റെ തേയില പിന്തള്ളപ്പെടുന്നു. അപ്പോൾ വാങ്ങാത്തവരെ എനിക്ക് കുറ്റം പറയുകയോ, വിമർശിക്കുകയോ ചെയ്യാം. അതെളുപ്പമാണ്. പക്ഷെ പരിഹാരം ആകുന്നില്ല. ഞാൻ എന്റെ തേയിലയുടെ ഗുണനിലവാരം പരിശോധിക്കണം; അത് മെച്ചപ്പെടുത്തണം. അപ്പോൾ അടുത്തപ്രാവശ്യം വലിയ ഡിമാന്റ് ഉണ്ടാകും, നല്ലവില കിട്ടും. ഇതാണ് വിജയമന്ത്രം: 'വലിയ പരിശോധനയും തെറ്റുതിരുത്തലും' ഇതുതന്നെയാണ് ഇന്ന് വൈദികർക്കു മുന്നിലുള്ള വെല്ലുവിളിയും. തങ്ങളുടെ ഗുണനിലവാരം സ്വയം വിമർശനത്തിലൂടെയും തിരുത്തലിലൂടെയും ഉയർത്താനുള്ള വെല്ലുവിളി.

സഭയും സഭാസ്ഥാപനങ്ങളും ഭീമൻ ആദ്ധ്യാത്മിക കോർപ്പറേറ്റുകളാകാനുള്ള പ്രലോഭനം നേരിടുന്നുണ്ട്. സാധാരണക്കാർക്കു പ്രാപ്യമായിരുന്ന യേശുവിന്റേതു പോലുള്ള ഒരു സാന്നിധ്യവും തുറവിയും ക്രമേണ ഇല്ലാതാകുന്നുവോ എന്ന ആശങ്ക. ജീവിതലാളിത്യത്തോടെ സാധാരണക്കാർക്കൊപ്പം നില്ക്കുക എന്നതാണ് കരണീയം.

**● അച്ചന്റെ പൗരോഹിത്യ ജീവിതത്തിലെ സന്തോഷകരമായ അനുഭവങ്ങൾ പറയാമോ?**

വയനാട്ടിൽ തോട്ടത്തിൽ സേവനം അനുഷ്ഠിക്കുന്ന സമയത്തെ അവിടത്തെ തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവരായിരുന്നു. തോട്ടത്തിലെ 'പാടി'കളിൽ നിരാശരായി ജീവിക്കുന്നവർ. ലക്ഷ്യബോധം ഇല്ലാത്തവർ. ആയിടയ്ക്ക് അടുത്ത തോട്ടത്തിൽ കൃഷിയില്ലാത്ത കുറേ സ്ഥലം വില്പനയ്ക്കു വന്നു. അതിൽ 500 ഏക്കർ വാങ്ങി ഈ തൊഴിലാളികൾക്ക് 2, 3, 4, 5 ഏക്കർ വീതം നല്കി. അതിൽ അവർ സ്വന്തമായി കൃഷിചെയ്യാൻ തുടങ്ങി; നല്ല വിളവുണ്ടായി. അതോ ടെ അവർക്ക് ചിന്തിക്കാൻ സാധിക്കാത്ത പുരോഗതി ഉണ്ടായി. തോട്ടം തൊഴിലാളികൾ തോട്ടം ഉടമകളായ അനുഭവം. അതേത്തുടർന്ന് വീണ്ടും 500 ഏക്കർ കൂടി വാങ്ങി. ഇതേപോലെ വീതിച്ചുകൊടുത്തു. ഇന്ന് അവിടെച്ചെല്ലുമ്പോൾ അവരുടെ നന്ദിയും ഉയർച്ചയും കാണുമ്പോൾ അടക്കാനാവാത്ത സന്തോഷം ഉണ്ട്. ഇന്നു മാനന്തവാടി രൂപതയിലെ ഒരു ഇടവകയും അവിടെ ഉണ്ട്.

ഇതുപോലെ ഇപ്പോൾ ഞാനിരിക്കുന്ന തയ്യിൽ ഇടവകയിലും സംഭവിച്ചു. ഇവിടുത്തെ മത്സ്യത്തൊഴിലാളി

www.malankaralibrary.com

കൾ ഒരുകൊച്ചു വീട്ടിൽ നാലും അഞ്ചും കുടുംബങ്ങൾ ഒന്നിച്ചു ജീവിക്കുന്ന രീതിയായിരുന്നു. അവരുടെ ജീവിതത്തിന് ഒരു അടുക്കും ചിട്ടയുമില്ല. ലക്ഷ്യബോധമില്ല. മദ്യത്തിനും മറ്റുദുഃശീലങ്ങൾക്കും അടിമപ്പെട്ടവർ. ആയിടയ്ക്ക് ഇവിടെ അടുത്തുള്ള ഒരു സ്ത്രീ തന്റെ രണ്ടേക്കർ സ്ഥലം നിസ്സാര വിലയ്ക്ക്തന്നു. അത് 3, 4 സെന്റ് വീതം അമ്പതു പ്ലോട്ടുകളാക്കി ഈ പാവപ്പെട്ട മനുഷ്യർക്ക് വീതിച്ച് വീട് വയ്ക്കാൻ നല്കി. ആദ്യം അവർ മടിച്ചു. പക്ഷെ പിന്നീട് പ്രോത്സാഹനവും പ്രവർത്തനവും വഴി അതിമനോഹരങ്ങളായ വീടുകൾ ഉയർന്നു. അതോടെ സമൂഹത്തിലെ ഏതൊരു വ്യക്തിയെയുംപോലെ ഇവർക്കും മാന്യമായി ജീവിക്കാൻ സാധിക്കും എന്ന ബോധ്യംഅവർക്കുണ്ടായി. കുട്ടികൾ പഠനത്തിൽ കൂടുതൽ ഉത്സാഹം കാണിക്കാൻ തുടങ്ങി. ഇന്ന് M BA, എൻജിനീയറിങ്, നഴ്സിങ്, എന്നീ വിഷയങ്ങളിൽ ഉന്നത വിജയം കൊയ്തവർ ഇവർക്കിടയിലുണ്ട്. അഞ്ചാറു വർഷത്തിൽ വന്ന മാറ്റം.

എന്റെ പള്ളിമേട വളരെ പഴയതാണ്. അത് പുതുക്കിപണിയണമെന്ന ഒരു ചിന്ത വന്നു. അപ്പോഴാണ് വീടുപണിയാൻ പ്രയാസപ്പെടുന്നവരെ ഓർമ്മ വന്നത്. അതുകൊണ്ട് മേട പണിയാനുള്ള പണത്തിൽ നിന്നും 50000 രൂപാ വീതം വീടുവയ്ക്കാനായി പലിശയില്ലാതെ 72 പേർക്ക് കടം കൊടുത്തു. 50 മാസംകൊണ്ട് 1000 രൂപാ വീതം തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ. പലരും പറഞ്ഞു, ഈ പണം തിരികെ കിട്ടില്ല. പക്ഷെ ഇന്ന് എല്ലാവരും കൃത്യമായി അടയ്ക്കുന്നു. പള്ളിമേടയ്ക്കു പകരം അതിമനോഹരങ്ങളായ വീടുകൾ ഉയർന്നു.

**● വൈദികജീവിതം അച്ചനെ പഠിപ്പിച്ചതെന്താണ്?**

ദൈവം എന്നെ പരിപാലിക്കുന്നുവെന്നുള്ളത് വലിയ ഒരു സത്യം ആണ്. ലളിതജീവിതവും മനുഷ്യരോടുള്ള ആത്മാർത്ഥതയും നമുക്ക് ഒത്തിരി സംതൃപ്തിയും അംഗീകാരവും തരും. കാറ്റും കോളും ഉണ്ടായപ്പോൾ ശിഷ്യന്മാരുടെ വഞ്ചിയുടെ അമരത്തു സുഖമായി ഉറങ്ങിയ ഈശോയെപ്പോലെ ദൈവത്തിലും മനുഷ്യരിലും ഉള്ള വിശ്വാസം ഒരിക്കലും നാം കൈവിടരുത്.

**● കേരളത്തിലെ വൈദികർ മുൻകൈയ്യെടുത്ത് നിർബന്ധമായും ചെയ്യേണ്ട കാര്യങ്ങൾ ഏവ?**

സാധാരണ ജനങ്ങളുടെ പ്രശ്നങ്ങളിലും വേദനകളിലും അവരെ ശ്രവിക്കുവാനും ആത്മീയമായും സാമ്പത്തികമായും വിദ്യാഭ്യാസ പരമായും അവരെ ശക്തീകരിക്കുവാനും ശ്രമിക്കണം. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സബ്സിഡികളും പ്രോജക്ടുകളും അവരെ പരിചയപ്പെടുത്തുകയും അവ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യണം. ജനങ്ങൾക്ക് ഉപയോഗപ്രദമായ അറിവുകളും അറിയിപ്പുകളും ഇന്റർനെറ്റ് അടക്കമുള്ള മാധ്യമങ്ങളിൽ നിന്നും ശേഖരിച്ച് നോട്ടിസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും കുടുംബയൂണിറ്റുകളിൽ അറിയിക്കുകയും ചെയ്യണം.

**● വൈദികവർഷാചരണം വൈദികരെ എത്രമാത്രം സ്വാധീനിച്ചു?**

ഒരു യഥാർത്ഥ വൈദികൻ എങ്ങനെയായിരിക്കണമെന്ന ചിന്ത വൈദികരിൽ ഉണർത്തുവാൻ ഈ വർഷാചരണം സഹായിച്ചു. സ്വയം വിമർശനത്തിനും തിരുത്തലിനും വളർച്ചയ്ക്കും അവസരം നല്കി. ജനങ്ങളുടെ ഇടയിൽ വൈദികരെക്കുറിച്ച് കൂടുതൽ അവബോധം ഉണ്ടായി. എന്നിരുന്നാലും വൈദികവർഷത്തിൽ നടത്തപ്പെട്ട പല പരിപാടികളും വെറും ചടങ്ങുതീർക്കലായിപ്പോയില്ലേയെന്നു സംശയം.

**● കേരളജനതയുടെ വൈദികസങ്കല്പം ?**

കണ്ണൂർ രൂപതയിലെ ചിറക്കൽ മേഖലയിൽ മുമ്പുള്ള ഇറ്റാലിയൻ ഈശോ സഭാ വൈദികരുടെ പ്രവർത്തനം വഴി അവരുടെയിടയിലുണ്ടായ ഒരു വൈദികസങ്കല്പം ഉണ്ട്. ഫാ. കാരിസോണി, ഫാ. മൊന്തവാനി, ഫാ. ദെൽസോത്തോ, ഫാ. സിയാറോ, ഫാ. വെർഗോത്തിനി എന്നിവരാണ് അവരിൽ പ്രമുഖർ. അവരുടെ വിശുദ്ധിയും നിസ്വാർത്ഥ സേവനവും, ലാളിത്യത്തിലെ ഔന്നത്യവും ഈ മനുഷ്യർ ഇന്നും മനസ്സിൽ കൊണ്ടു നടക്കുന്നു. അതിന്റെ അവസാന കണ്ണിയാണ് ഫാ. സുക്കോൾ. കോടികൾ സാധുക്കൾക്കുവേണ്ടി കൈമറിക്കുമ്പോഴും അദ്ദേഹത്തിന്റെ മുറിയിൽ ഒരു ഫാൻ പോലുമില്ല. വിശുദ്ധിയാണ് ജനങ്ങൾ വൈദികരിൽ നിന്ന് പ്രതീക്ഷിക്കുന്നത്. അതായത് ജീവിതഗന്ധിയായ വിശുദ്ധി. യേശുവിനെപ്പോലെ കാരുണ്യവും ദയയുമുള്ളവനാകണം. ആവശ്യനേരത്ത് സംലഭ്യനാകണം. പെരുമാറ്റത്തിലും സ്വഭാവത്തിലും വസ്ത്രധാരണത്തിലും എല്ലാം ഈ ചൈതന്യം ജനങ്ങൾക്ക് ബോധ്യപ്പെടണം. യേശുവിനോടുള്ള വിശ്വസ്തത മുറുകെപ്പിടിച്ചുകൊണ്ട് സ്വന്തം ജനങ്ങളുടെ "നല്ല ഇടയൻ" ആകുവാൻ കഴിയുന്ന വൈദികർ ഇന്നും ജനഹൃദയങ്ങളിൽ പൂജിക്കപ്പെടുന്നു.

■

www.malankaralibrary.com

# നേർമൊഴി



"അടുത്ത നൂറ്റാണ്ടിലേക്കുള്ള വളർച്ചയുടെ വാതായനങ്ങളാണ് അവർ കൊട്ടിയടക്കുന്നത്"

**ഹില്ലരി ക്ലിന്റൺ.** അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി. ഇന്റർനെറ്റ് ഉപയോഗം ചൈന സെൻഷർ ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞത്.

"എന്റെ കിടക്ക വിരിക്കാൻ പോലും എനിക്കറിയില്ലായിരുന്നു. എല്ലാം അമ്മയാണ് എനിക്ക് ചെയ്തു തന്നിരുന്നത്"

**റെനാത്തോ ബ്രൂനെറ്റാ.** ഇറ്റലിയിലെ മന്ത്രി. ചെറുപ്പക്കാർ 18 വയസ്സിൽ മാതാപിതാക്കളെ വിട്ട് മാറിത്താമസിക്കണമെന്നൊരു നിയമം നിർദ്ദേശിച്ചുകൊണ്ട് പറഞ്ഞത്.

"ഉരുളുന്ന കല്ലുപോലും എന്നും യാത്ര തുടരാറില്ല"

**ഫെറാൻ അഡ്രിയാ.** ലോകത്തിലെ ഏറ്റവും നല്ല റെസ്റ്റോറന്റായ സ്പെയിനിലെ എൽ ബുള്ളിയുടെ ഉടമ. സ്ഥാപനം അടച്ചുപൂട്ടാനുള്ള തീരുമാനം പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞതാണിങ്ങനെ.

"ആക്രമണം അവരുടെ രീതിയാണെങ്കിൽ അതിൽ സഹതപിക്കാനേ എനിക്കു സാധിക്കുള്ളൂ"

**ആർച്ച് ബിഷപ്പ് റോബർട്ട് സൊളിച്ച്.** ജർമൻ ബിഷപ്സ് കോൺഫറൻസ് പ്രസിഡന്റ്. യാഥാസ്ഥിതിക ഗ്രൂപ്പായ ലെഫെബ്വ്രിസ്റ്റിന്റെ നേതാവ് ക്രിസ്തുവിനെക്കുറിച്ചും സഭയെക്കുറിച്ചുമുള്ള ആർച്ച് ബിഷപ്പിന്റെ പഠനം തെറ്റാണെന്ന വിമർശനത്തോട് പ്രതികരിച്ചത്.

"വിലക്കയറ്റത്തിന് കാരണം രാവണനനും ശൂർപ്പണകയുമാണ്. എന്നാൽ അവർ പരസ്പരം പഴിചാരി രക്ഷപെടാൻ ശ്രമിക്കുകയാണ്. രാവണൻ കേന്ദ്ര മന്ത്രിയാണ്. ശൂർപ്പണക ഉത്തർപ്രദേശ് മുഖ്യമന്ത്രിയും"

**വരുൺ ഗാന്ധി.** ലോകസഭാംഗം. വിലക്കയറ്റത്തിനെതിരെയുള്ള പ്രതിഷേധത്തിൽ പറഞ്ഞത്.

"ഞാൻ രാജിവയ്ക്കുന്നില്ല"

**ബാറാക് ഒബാമ.** അമേരിക്കൻ പ്രസിഡന്റ്. തന്റെ ഭരണ വാർഷികത്തിൽ സ്വയം വിലയിരുത്തിക്കൊണ്ടുള്ള പ്രസംഗത്തിൽ പ്രഖ്യാപിച്ചത്.

"തീരുമാനമെടുക്കാൻ നമുക്കിനി ഒരു വർഷം കൂടി കിട്ടിയെന്നു വരില്ല. പ്രകൃതി ഒരിക്കലും നമ്മോടു ചർച്ചക്ക് ഇരിക്കില്ല"

**ബാൻ കി-മൂൺ.** യു. എൻ.സെക്രട്ടറി ജനറൽ. കോപ്പൻഹേഗൻ ചർച്ചയെക്കുറിച്ചുള്ള നിരാശ പ്രകടിപ്പിച്ചത്.

"അയാൾ ഇറ്റലിയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്"

**മാസിമോ തർത്താലിയ.** ഇറ്റാലിയൻ പ്രധാനമന്ത്രിയെ ആക്രമിച്ചയാൾ. എന്തിനാണ് അദ്ദേഹത്തെ ആക്രമിച്ചതെന്ന ചോദ്യത്തിന് ഉത്തരം പറഞ്ഞത്.

"ഒരു പട്ടാളക്കാരൻ എന്നനിലയിൽ എന്റെ വ്യക്തിപരമായ അഭിപ്രായം, നമ്മൾ ആവശ്യത്തിന് യുദ്ധം ചെയതു കഴിഞ്ഞെന്നാണ്"

**സ്റ്റാൻലി മക്റിസ്റ്റൽ.** അഫ്ഗാനിസ്ഥാനിലെ അമേരിക്കൻ ജനറൽ. അഫ്ഗാൻ സർക്കാരും താലിബാനും തമ്മിലുള്ള അധികാരം പങ്കുവയ്ക്കലിനെ പിന്തുണച്ചുകൊണ്ട് പറഞ്ഞത്.

" ഞാൻ മുംബൈക്കു പോകുമെന്ന് പറഞ്ഞപ്പോൾ കരിങ്കൊടി കാണിക്കുമെന്ന് ശിവസേനക്കാർ പറഞ്ഞു. ഞാൻ ചെന്നപ്പോൾ 15-20 കരിങ്കൊടിക്കാരെയേ കണ്ടുള്ളൂ. എന്നാൽ ആയിരക്കണക്കിന് കോൺഗ്രസ്സുകാർ എന്നെ സ്വീകരിക്കാൻ ഉണ്ടായിരുന്നു. എതിർപ്പിനെക്കാൾ പതിന്മടങ്ങ് ഇരട്ടിയായിരുന്നു പിന്തുണ"



**രാഹുൽ ഗാന്ധി.** മുംബൈ സന്ദർശനത്തെക്കുറിച്ച് പറഞ്ഞത്.

www.malankaralibrary.com



# മടുത്തു സഖാവേ...

മനുഷ്യപുത്രൻ

മൂന്നാർ കൈയ്യേറ്റവും, കൈയ്യേറ്റം ഒഴിപ്പിക്കലും വാർത്തകളിൽ വീണ്ടും സജീവമായി. ചർച്ചകൾ ചൂടുപിടിച്ചു. പെട്ടെന്നാണ് വയനാട്ടിൽ ശ്രേയാംസ്കുമാറിന്റെ ഭൂമി മാർക്സിസ്റ്റുപാർട്ടി ആദിവാസികളെക്കൊണ്ട് കയ്യേറിപ്പിച്ചത്. പ്രതിഷേധിക്കാൻ ചെന്ന യു.ഡി. എഫ് നേതാക്കളെ ശശീന്ദ്രനും കൂട്ടരും മെമ്മോറണ്ടം കൊടുത്തു സ്വീകരിച്ചു! ഒരു സ്റ്റണ്ട് പ്രതീക്ഷിച്ചു നിന്ന മാധ്യമങ്ങൾക്കും കാണികൾക്കും നിരാശ!

മൂന്നാഴ്ച മുമ്പാണ് ളാഹ ഗോപാലനെ കമ്യൂണിസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്. ചെങ്ങറയിലെ സാധുജന വിമോചന സംയുക്തവേദി നേതാവ് പാർട്ടിയുടെ കണ്ണിലെ കരടാകാൻ തുടങ്ങിയിട്ട് കാലം ഏറെയായിരുന്നു. അവസാനം 2700 രൂപയുടെ പെറ്റിക്കേസിൽ കുടുക്കിയാണ് ളാഹയുടെ വീര്യത്തിന് അറുതി വരുത്തിയത്. അതിനുശേഷം ഒരുപറ്റം കേസുകളാണ് ഗോപാലനെതിരെ ചാർജു ചെയ്യപ്പെട്ടത്! ളാഹയുടെ വാലുമുറിച്ചു കളയാൻ മാത്രമേ തങ്ങൾ ഉദ്ദേശിച്ചുള്ളൂവെന്നാണ് പാർട്ടിയിലെ രഹസ്യ സംഭാഷണം. ഗോപാലൻ ഇതിൽ നിന്നും പാഠം പഠിക്കുമെന്നാണ് പാർട്ടിയുടെ പ്രതീക്ഷ.

പാർട്ടി ഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്യാനുള്ള പോസ്റ്ററുകൾ കേരളമെങ്ങും നിറയുകയാണ്. ആഹ്വാനം ചെയ്യുന്നത് പാർട്ടിയുടെ സംസ്ഥാന സമിതിയാണ്. അതായത് ഏറ്റവും ഔദ്യോഗികമായ പിരിവാണ് ഇതെന്നർത്ഥം.

ചാക്കോച്ചൻ എന്ന ക്രിസ്ത്യാനി ഇപ്പോൾ കോട്ടയം പട്ടണത്തിലാണ്. ചെറിയൊരു സ്ഥാപനം നടത്തുന്നു. ആഴ്ചയിൽ ആറുദിവസം കോട്ടയത്ത്. ശനിയാഴ്ച ഹൈറേഞ്ചിലെ വീട്ടിലേക്ക് പോകും വാരാന്ത്യം സ്വന്തം നാട്ടിൽ സ്വന്തക്കാരുടെയും സുഹൃത്തുക്കളുടെയും കൂടെ.

കോട്ടയത്തെ ഓഫീസിലെത്തിയ സഖാക്കൾ പതിനായിരം രൂപയാണ് ചാക്കോച്ചന് വിധിച്ചത്. കാലുപിടിച്ചതുകൊണ്ട് 5000 കൊടുത്ത് തടിതപ്പി എന്നാണ് സരസമായി ചാക്കോച്ചൻ പറഞ്ഞത്. ശനിയാഴ്ച ഹൈറേഞ്ചിലെത്തിയപ്പോൾ വൈകുന്നേരം ചാക്കോച്ചനെ കാണാൻ പഞ്ചായത്ത് സഖാക്കൾ എത്തി. പിറ്റേ ദിവസം രാവിലെ നാട്ടിലെ സി.ഐ.ടിയുക്കാർ. പിന്നെ പുഴയുടെ മറുകരനിന്നും അടുത്ത പഞ്ചായത്തിലെ സഖാക്കൾ. പാർട്ടി ഫണ്ട് പിരിവെന്ന കിനാവള്ളി ചാക്കോച്ചനെ വരിഞ്ഞു മുറുക്കിയത് ഇങ്ങനെയാണ്. ഈ കിനാവള്ളിയുടെ പിടി അയഞ്ഞു എന്നൊന്നും ചാക്കോച്ചൻ കരുതുന്നില്ല. ഏതു നിമിഷത്തിൽ വേണമെങ്കിലും അടുത്ത സംഘം സഖാക്കൾ മുമ്പിൽ പ്രത്യക്ഷപ്പെടാമെന്ന ഭീതിയിലാണ് ചാക്കോച്ചനിപ്പോൾ.

മൂന്നു മാസത്തിനകം പശ്ചിമ ബംഗാളിൽ മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. 33 വർഷങ്ങളായി ബംഗാളിൽ നിറഞ്ഞുനിന്നിരുന്ന കമ്യൂണിസ്റ്റ് ഭരണമിപ്പോൾ അടിമുടി ആധിയിലാണ്. അവർ ഭയക്കുന്നത് ഒരേയൊരാളെ -ദീദിയെ. ദീദിയെന്ന് ബംഗാളികൾ വിളിക്കുന്ന സാക്ഷാൽ മമതാബാനർജിയെ.

കേരളത്തിനും ബാംഗാളിനും സമാനതകൾ ഏറെയാണ്. അതുകൊണ്ട്തന്നെയാകാം ചെങ്കൊടിയുടെ സെൽഭരണം രണ്ടിടത്തും വേരുപിടിച്ചത്. കൂടുതൽ ആഴത്തിൽ വേരോടിയത് ബംഗാളിലാണെന്ന് ആരും നിസ്സംശയം പറയും. ആ വടവൃക്ഷമാണ് ഇപ്പോൾ മറിഞ്ഞു വീണുകൊണ്ടിരിക്കുന്നത്.

എന്നിട്ടും ഞങ്ങൾക്ക് എന്താണൊരു മോചനമില്ലാത്തത്? ഇതാണ് മലയാളി മനസ്സിലെ ചിന്ത. ഉത്തരത്തിന് കേന്ദ്ര മന്ത്രി സഭയുടെ സത്യപ്രതിജ്ഞാചടങ്ങ് ശ്രദ്ധിച്ചാൽ മതിയാകും. ചടങ്ങിനുസമയമായി. വിശിഷ്ടാതിഥികൾ ഒന്നിനുപുറമെ മറ്റൊന്നായി എത്തിക്കൊണ്ടിരിക്കുന്നു. ഓരോരുത്തരേയും ദൃശ്യമാധ്യമങ്ങൾ കൃത്യമായി പിന്തുടരുന്നു. പെട്ടെന്ന് ഒരു മാരുതി 800 വന്നുനിന്നു. ഫോറിൻ കാറുകളുടെ പ്രളയത്തിൽ അവനൊരു ദുശ്ശകുനമായി. പാട്ടവണ്ടിയുടെ വാതിൽ സ്വയം തുറന്ന് പുറത്തിറങ്ങുന്നത് സാക്ഷാൽ മമതാ. കോട്ടൺ സാരിയുടെ അലസവേഷം, കാലിൽ സാധാരണ റബർ ചപ്പൽ (പിൻസീറ്റിൽ നിന്നും മലയാളി സഹമന്ത്രിയും ഇറങ്ങി. അദ്ദേഹം ജീവിതത്തിൽ ആദ്യമായിട്ടായിരിക്കണം മാരുതി 800ൽ കയറുന്നത്). ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനതയും മമതയെ അടുത്തു നിരീക്ഷിച്ചത് അപ്പോഴാണ്. മനസ്സ് പറഞ്ഞു: മമതയുടെ വിജയരഹസ്യം പിടികിട്ടി. തീപാറുന്ന കർമനിരതമായ പ്രവർത്തനത്തെ നയിക്കുന്ന ആദർശ നിഷ്ഠമായ ലളിത ജീവിതം. ദീദിയുടെ വിജയരഹസ്യമാണിത്.

മലയാളി മനസ്സിലൊരു മോഹം- നമുക്ക് എപ്പോഴാണ് ഒരു വിമോചനമുണ്ടാവുക? മോഹങ്ങൾ വെറുതെയാണെന്ന് തിരിച്ചറിയുന്നവന്റെ പ്രതികരണമിതാണ്- “ഞങ്ങൾക്ക് മടുത്തു സഖാവേ...” (ഇതു തന്നെയാണ് ഖദർധാരികളോടും പറയാനുള്ളത്).

■

www.malankaralibrary.com



നോവലുകളിലെ പുരോഹിത കഥാപാത്ര ങ്ങളാണ് ഇത്തവണ കാരുണികനിൽ പ്രത്യ ക്ഷപ്പെടുന്നത്. ശ്രദ്ധേയമായ മലയാള നോവ ലുകളും പാശ്ചാത്യനോവലുകളും അക്കൂട്ടത്തി ൽപ്പെടുന്നു. മലയാളത്തിൽ നിന്നും ആയുസ്സി ന്റെ പുസ്തകവും, ഒതപ്പും, ആഞ്ഞൂസ് ദേയി യും, ജോസഫ് ഒരു പുരോഹിതനും, ബസാ ലേലും പഠന വിധേയമാക്കപ്പെടുന്നു. വിദേശ കൃതികളിൽ നിന്നും ദ് പവർ ആന്റ് ദ് ഗ്ലോറി യും, ദ് കീസ് ഓഫ് ദ് കിങ്ഡമും, ദ് ഷൂസ് ഓഫ് ദ് ഫിഷർമാനും, പിന്നെ ചെസ്റ്റർട്ടന്റെ ഫാദർ ബ്രൗണെന്ന കഥാപാത്രവും.

**കാരുണികൻ**

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

---

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

February 2010 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment

www.malankaralibrary.com




Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at Anaswara Offset (P) Ltd., 48/2123-C Perandoor Jn., Elamakara, Kochi-682026, Editor: Fr.Jacob Naluparayil

www.malankaralibrary.com

# കുട്ടികൾക്കുള്ള ദിവ്യകാരുണ്യധ്യാനം

# ഇമ്മാനുവേൽ

ഇളംതലമുറ വി. കുർബാനയെന്ന മഹാരഹസ്യത്തെ ആഴത്തിൽ അറിയുവാൻ,

മുറിയപ്പെടുന്ന ദിവ്യകാരുണ്യചൈതന്യം പേറുന്ന പൊന്നോമനകളാകുവാൻ,

സഭയ്ക്കും, കുടുംബത്തിനും, നാടിനും അനുഗ്രഹമായി മാറാൻ...

ഏവരേയും സജ്ജരാക്കുന്ന ധ്യാനാനുഭവം

ആത്മമാരി പെയ്യുന്ന ആരാധനാമണിക്കൂറികളിലൂടെ...ചിന്തോദ്ദീപകമായ ക്ലാസ്സുകളിലൂടെ...

ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെ വി. കുർബാനയോട് ചേർന്നിരിക്കാൻ, കുട്ടികളെ സജ്ജരാക്കുവാൻ...

എം. സി. ബി. എസ്. ദൈവശാസ്ത്ര വിദ്യാർത്ഥികൾ നേതൃത്വം നല്കുന്ന ദിവ്യകാരുണ്യധ്യാനം

---

താത്പര്യമുള്ള ബഹു. വികാരിയച്ചന്മാർ മാർച്ച് 15 നു മുമ്പ് താഴെപ്പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**ഫാ. തോമസ് പൊട്ടംപറമ്പിൽ എം. സി. ബി. എസ്.**

Mob: 9846991285

**ബുക്ക് റിവ്യൂസ്** : പുസ്തക പരിചയത്തിന് പുസ്തകത്തിന്റെ രണ്ടു കോപ്പികൾ വീതം അയയ്ക്കുക.
ബുക്ക് റിവ്യൂ എഡിറ്റർ,
കാരുണികൻ
പെരുമാനൂർ പി.ഒ.
എറണാകുളം-682015.

**കോപ്പികൾക്ക്**
സർക്കുലേഷൻ മാനേജർ,
കാരുണികൻ
പെരുമാനൂർ പി.ഒ.
എറണാകുളം-682015.

**വരിസംഖ്യ** :
ഒരു കോപ്പിക്ക് 25.00 രൂപ.
ഒരു വർഷത്തേയ്ക്ക് 250.00 രൂപ.
ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കും മതാദ്ധ്യാപകർക്കും 150 രൂപ
വിദേശത്തേക്ക് $ 40
5 വർഷത്തേക്ക് 1000 രൂപ
ആജീവനാന്ത സബ്സ്ക്രിപ്ഷൻ 5,000 രൂപ

**വാർത്തകളും പരസ്യങ്ങളും**
കാരുണികനിലേക്ക് വാർത്തകളും പരസ്യങ്ങളും സ്വാഗതം ചെയ്യുന്നു. പരസ്യ നിരക്ക് താഴെ കൊടുക്കുന്നു.
Back Cover (colour) : Rs. 10,000/-
Back Cover (inside) : Rs. 7,500/-
Full Page : Rs. 5,000/-
Half Page : Rs. 3,000/-